# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII | As. 2 | No. 331

19th June 1950

സിനിമാപംക്തി

# ശ്രീമതി പി. ലീല

മലയാളചലച്ചിത്രങ്ങളുടെ ആവിർഭാവത്തിനു വളരെ മുൻപുതന്നെ കേരളീയകലാകാരന്മാർ ഇതരഭാഷകളിലുള്ള ചലച്ചിത്രങ്ങളിൽ അഭിനയിച്ചു പേരും പെരുമയും സമ്പാദിച്ചിട്ടുണ്ട്. ഇതരഭാഷകളിൽ സംഗീതാഭിജ്ഞാതകളറ്റ നടികൾക്കുവേണ്ടി പാടി പ്രശസ്തിനേടിയിട്ടുള്ള ഒരു ഗാനകോകിലമത്രെ ശ്രീമതി ലീല. ലീലയ്ക്കു കേരളത്തിനുള്ളിൽ ലഭിച്ചിട്ടുള്ള പ്രസിദ്ധിയും പ്രോത്സാഹനവും പരിമിതമാണ്. മറുനാട്ടിൽപോയി പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള കേരളീയകലാകാരികളിൽ ലീലയ്ക്കും സമുന്നതമായ ഒരു സ്ഥാനം നൽകാവുന്നതാണ്. മറുനാടുകളിലെ കലാസ്നേഹികളുടേയും ധനവാന്മാരുടേയും കാരുണ്യത്തിന്റെ തണലിലാണല്ലോ കേരളത്തിലെ പല കലാകാരന്മാരുടേയും "നല്ലപേരുകൾ" പൊടിച്ചു വളർന്നിട്ടുള്ളതു്. മലയാളിയുടെ കലയുടെ വില അവൻ മനസ്സിലാക്കുന്നതിനു മുൻപുതന്നെ ഉത്തരേന്ത്യാക്കാരും മററുവിദേശികളും മനസ്സിലാക്കുന്നു. അവർ ഇവിടെവന്നു ദാരിദ്ര്യത്തിന്റേയും പരവശ്യത്തിന്റേയും പുറകിൽ നാണിച്ചുനിൽക്കുന്ന കേരളീയകലാകാരനെ തട്ടിക്കൊണ്ടുപോയി അവനെ പരിഷ്കരിച്ചു് അവന്റെ കലാപ്രവണതകളെ വിററു കാശു് എടുക്കുന്നു. വിദേശത്തുപോയാലെ തന്റെ വിദ്യയ്ക്കു വിലകിട്ടുകയുള്ളു താൻ പ്രശസ്തനായിത്തീരുകയുള്ളു എന്ന വിശ്വാസം ഇപ്പോൾ കേരളീയകലാകാരന്മാരിൽ വേരൂന്നിവളർന്നു കഴിഞ്ഞിട്ടുമുണ്ടു്. പക്ഷെ മലയാളികളായ നാം ലജ്ജയോടുകൂടി അനുസ്മരിക്കേണ്ട ഒരു പരമാർത്ഥമാണ് അതു്.

ലീല ഒരു കേരളീയയുവതിയാണെങ്കിലും തമിഴ്, തെലുങ്ക്, ഹിന്ദി മുതലായ ഭാഷകളിലെല്ലാം അഭ്യസനം നേടിയിട്ടുണ്ട്. പ്രസ്തുത ഭാഷകളിലെല്ലാം സ്തുത്യർഹമായവിധം ഗാനാലാപം ചെയ്യുന്നതിനുള്ള കഴിവും കരുത്തും അവർക്കുണ്ട്. ഈയിടെ തമിഴ് ചിത്രനിർമ്മാതാക്കൾ സംവിധാനംചെയ്ത "മന്ത്രികുമാരി" "ലൈലാമജ്നു" തുടങ്ങിയ ചിത്രങ്ങളിലെല്ലാം പിന്നണിസംഗീതത്തിനു തിരഞ്ഞെടുത്തതു് കേരളീയയുവതിയായ ലീലയെയായിരുന്നു. "സത്യാവതാർ" എന്ന ബോംബെയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഹിന്ദിചിത്രത്തിലെ ഏതാനും പാട്ടുകൾ പാടിയിരിക്കുന്നതും ലീലയല്ലാതെ മററാരുമല്ല. വാഹിനിസ്റ്റുഡിയോക്കാരുടെ "ഗുണസുന്ദരി" എന്ന ചിത്രത്തിൽ കഥാനായികയ്ക്കുവേണ്ടി പാടിയിരിക്കുന്നതും ലീലയാണ്. തെലുങ്കുഗാനങ്ങൾ ഇത്രമാത്രം ഭംഗിയായി ഒരു മലയാളിയുവതിക്കു പാടുവാൻ കഴിയുമോ എന്നു് ആ ചിത്രത്തിലെ ഗാനങ്ങൾ ശ്രവിച്ചാൽ ആരും അത്ഭുതപ്പെടാതിരിക്കുകയില്ല. മലയാളചലച്ചിത്രലോകത്തു് സാമ്പത്തികമായി ഏററവും വിജയം നേടിയിട്ടുള്ള "നല്ലതങ്ക"യിലെ ഏഴു ഗാനങ്ങൾ ആലപിച്ചിരിക്കുന്നതു് ശ്രീമതി ലീലയാണെന്നു് പലരും അറിഞ്ഞിരിക്കാൻ ഇടയില്ല. "അമ്മതൻ പ്രേമസൌഭാഗ്യത്തിടമ്പേ! ഉമ്മനൽകിടാം ആനന്ദക്കാമ്പേ" എന്ന ആ മോഹനഗാനം ഏതൊരു ഹൃദയത്തെത്തന്നെ ആനന്ദാമൃതമനുഭവിപ്പിക്കുകയില്ല. "ഗുണസുന്ദരി"യിൽ ശാപത്തിന്റെ ശക്തിയാൽ കരടിയായിത്തീരുന്ന ഭർത്താവു് പൂർവ്വരൂപം പ്രാപിക്കുവാൻവേണ്ടി ചെയ്യുന്ന പ്രാർത്ഥനാഗാനം എത്ര ഭക്തിരസദ്യോതകമായിട്ടുണ്ടെന്നു് വർണ്ണിക്കുവാൻ പോലും വിഷമമാണ്. "ശിലയുമലിയുമാർമ്മനസ്ഥാനത്തിലുള്ള" ആ ഗാനം ശ്രവിച്ചാൽ "ശിലാരൂപത്തിലുള്ള" ദൈവങ്ങൾപോലും കണ്ണുനീരാക്കാതിരിക്കുകയില്ല.

ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന "ചന്ദ്രിക" എന്ന മലയാളചിത്രത്തിലും പിന്നണിസംഗീതത്തിനുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നതു് ലീലയെയാണ്. പ്രതിഭാകലാമന്ദിരക്കാരുടെ "ലക്ഷ്മമ്മകഥ"യിൽ അഭിനയിച്ചിരിക്കുന്ന അഞ്ജലിദേവിക്കുവേണ്ടി പാടിയതും ലീലതന്നെ. ലക്ഷ്മമ്മകഥയ്ക്കു് കലാപരമായി ചില ന്യൂനതകളെല്ലാം സംഭവിച്ചിട്ടുണ്ടെങ്കിലും ആ ചിത്രത്തിലെ സംഗീതത്തെക്കുറിച്ചു് സാർവ്വത്രികമായ അനുമോദനം ലഭിച്ചിട്ടുണ്ട്.

കൊളംബിയാ ഗ്രാമഫോൺ കമ്പനിക്കാർ ലീലയുടെ നിരവധി ഗാനങ്ങൾ "റിക്കാർഡു" ചെയ്തിട്ടുണ്ട്. ലീലയുടെ റിക്കാർഡുകളെല്ലാം വൻപിച്ചതോതിൽ വിററഴിഞ്ഞുകൊണ്ടിരിക്കുന്നു. ശോകനിർഭരമായും ശ്രുതിമധുരമായും ഗാനാലാപം ചെയ്യുന്നതിനു ലീലയ്ക്കുള്ള കഴിവു് അനന്യസാധാരണമാണ്. രാഷ്ട്രപിതാവായ മഹാത്മജിയുടെ ചരമത്തെക്കുറിച്ചു് ലീല പാടിയിരിക്കുന്ന "ഭാരതഹൃദയം തകർന്നുകിഹാ!" എന്ന ഗാനം മഹാത്മജിയുടെ ആരാധകരെമാത്രമല്ല സംഗീതകലാപ്രേമികളേയും ഒന്നുപോലെ ആകർഷിക്കുവാൻ പര്യാപ്തമാണ്. നാഷനൽ സേവിങ്ങ്സ് പദ്ധതിയുടെ പ്രചരണത്തിനുവേണ്ടിയും ഏതാനും പാട്ടുകൾ ലീല പാടി പ്രശസ്തിനേടിയിട്ടുണ്ട്.

ശ്രീമതി ലീല മലയാളികളുടെ പൊതുവേയും സ്ത്രീലോകത്തിന്റെ പ്രത്യേകിച്ചും അഭിമാനഭാജനമാണ്. നൈസർഗ്ഗികമായ വാസനയാലും അനുഗൃഹീതമായ കണ്ഠമാധുരിയാലും വിദഗ്ദ്ധമായ ശിക്ഷണത്താലും സംഗീതലോകത്തു് ഒരു മികച്ചസ്ഥാനം കരസ്ഥമാക്കുന്നതിനു് അവർക്കു സാധിച്ചിട്ടുണ്ട്. ചിത്രങ്ങളിൽ അഭിനയിക്കുന്നവർക്കുവേണ്ടി പാടുന്നതിലും അല്ലാതെ സംഗീതകലാപ്രദർശനം മുഖേനയും ആ ഗായകവിദഗ്ദ്ധ അനുദിനം കലാലോകത്തു് ഉപര്യുപരി ഉയർന്നുകൊണ്ടിരിക്കുന്നു.

മലയാളചലച്ചിത്രവ്യവസായത്തിനു് ഇപ്പോൾ അഭൂതപൂർവ്വമായ ഉത്തേജനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതു്. കേരളീയർക്കു് ഉത്സാഹജനകമായ ഒരു സ്ഥിതിവിശേഷമാണിതു്. കാലുകാലം മുൻപു് നാം ഭാവനയിൽപോലും മലയാളചലച്ചിത്രങ്ങൾ ഇത്രവേഗം പുരോഗമിക്കുമെന്നു് പ്രതീക്ഷിച്ചു കാണുകയില്ല. "നല്ലതങ്ക", "ശശിധരൻ" തുടങ്ങിയ ചിത്രങ്ങളുടെ വിജയം മലയാളചലച്ചിത്രവ്യവസായത്തിനും സുശോഭനമായ ഒരു ഭാവിയുണ്ടെന്നു് തെളിയിച്ചുകഴിഞ്ഞു. കൂടുതൽ മലയാളചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിനു് ഇപ്പോൾ പലരും മുൻപോട്ടുവരുന്നുണ്ട്. മലയാളചലച്ചിത്രങ്ങൾ നിർമ്മിക്കുവാൻ ഉദ്യുക്തരാകുന്നവർ ശ്രീമതി ലീലയുടെ കലാപരമായ കഴിവുകളെക്കൂടി പ്രയോജനപ്പെടുത്തി ചിത്രങ്ങൾ നിർമ്മിക്കുന്നപക്ഷം അതു കൂടുതൽ അഭിലഷണീയമായിരിക്കും. ലീലയ്ക്കു് അവർ അർഹിക്കുന്ന പ്രോത്സാഹനമെങ്കിലും നൽകേണ്ടതാണ്. അവരുടെ കലാസേവനം സർവ്വോൽക്കർഷേണ വിജയം വരിക്കട്ടെ!

—o—

## ഡോക്കുമെന്ററി ഫിലിംസ്

—o—

"ഡോക്കുമെന്ററിഫിലിംസ്" അഥവാ പ്രാമാണികചിത്രനിർമ്മാണം ചലച്ചിത്രവ്യവസായത്തിന്റെ ഒരു പ്രധാനവിഭാഗമാണ്. കേവലം വിനോദത്തിനുവേണ്ടിമാത്രം നിർമ്മിക്കുന്ന ചിത്രങ്ങൾകൊണ്ടു് വലിയ പ്രയോജനമൊന്നും സിദ്ധിക്കുകയില്ല. ബോധനം നൽകുന്നതിനും പ്രചരണത്തിനുവേണ്ടിയും ചലച്ചിത്രങ്ങളെ ഉപയോഗിക്കുവാൻ കഴിയുന്നതാണ്. വാർത്താവിതരണചിത്രങ്ങൾ ഇപ്പോൾ സാധാരണയായി എല്ലാ തിയേറററുകളിലും പ്രദർശിക്കാറുണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന വിശേഷസംഭവങ്ങളെ അപ്പോഴപ്പോൾ ചലച്ചിത്രങ്ങളിൽക്കൂടി കാണുവാൻ സൌകര്യം ലഭിക്കുന്നതു് വളരെ പ്രയോജനപ്രദമാണ്. എന്നാൽ പ്രബോധനപരമായ ചിത്രങ്ങൾ നമ്മുടെ നാട്ടിൽ സുലഭമായി പ്രദർശിപ്പിച്ചുതുടങ്ങിയിട്ടില്ല. പ്രബോധനപരമായ ചിത്രങ്ങൾ വ്യാവസായികോല്പന്നങ്ങളുടെ പ്രചാരണവിതരണവിഷയത്തിൽ തല്പരരായ വ്യവസായികൾക്കും വിദ്യാഭ്യാസപുരോഗതിക്കും വളരെ സഹായം നൽകുന്നതാണ്. സാമുദായികം, പരീക്ഷണപരം, ശാസ്ത്രീയം, വിദ്യാഭ്യാസപരം, സാംസ്കാരികം എന്നീ ഉദ്ദേശങ്ങളെ മുൻനിർത്തി ഈ ചിത്രവിഭാഗത്തിനു് ഉപവിഭാഗങ്ങളും നൽകാവുന്നതാണ്. വാർത്താവിതരണചിത്രങ്ങൾ യഥാതഥപ്രസ്ഥാനത്തിൽപ്പെടുന്ന കലാസപര്യകളാണ്. ദൈനംദിനസംഭവങ്ങളെ ചിത്രീകരിച്ചു കാണിക്കണമെന്നേ അവകൊണ്ടു് ഉദ്ദേശിക്കുന്നുള്ളു. വർത്തമാനലോകത്തെപ്പററിയുള്ള ഈദൃശചിത്രങ്ങൾ ഒരു വർത്തമാനപ്പത്രം നൽകുന്ന വിവരണങ്ങളെക്കാൾ യാഥാർത്ഥ്യബോധത്തോടെ ആവിഷ്കരിച്ചുകാണിക്കുന്നു.

പ്രചരണപ്രാധാന്യത്തോടുകൂടിയ ചിത്രങ്ങൾ അധികവും നിർമ്മിച്ചിട്ടുള്ളതു് റഷ്യയിലാണ്. ദൃശ്യവിദ്യാഭ്യാസം ഇന്നു് റഷ്യയിൽ സാർവ്വത്രികമായി നടപ്പിലാക്കിയിട്ടുണ്ട്. ശാസ്ത്രത്തിന്റെ വളർച്ച, രാഷ്ട്രങ്ങൾതമ്മിലുള്ള പരസ്പരബന്ധം, പൊതുജനാരോഗ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ബോധനം ഈദൃശചിത്രങ്ങൾമുഖേന വിദ്യാർത്ഥികൾക്കു നൽകിക്കൊണ്ടിരിക്കുന്നു. കുട്ടികൾക്കായി തയാർചെയ്ത "രക്തസ്യത്തുർകം" "പരമാണുശാസ്ത്രം" എന്നീ ചിത്രങ്ങൾക്കു് അഖിലലോകപ്രശംസയും സമ്മാനങ്ങളും ലഭിച്ചതുതന്നെ അത്തരം ചിത്രങ്ങളുടെ മഹത്വം ലോകം മനസ്സിലാക്കിക്കഴിഞ്ഞു എന്നുള്ളതിനു് തെളിവാണ്. പ്രചരണപ്രാധാന്യമുള്ള ചിത്രങ്ങൾ നിർമ്മിക്കുന്നതിനു് അമേരിക്കയും ഇംഗ്ലണ്ടും ഇപ്പോൾ കൂടുതൽ ഔത്സുക്യം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഭാരതം പ്രാമാണികചിത്രനിർമ്മാണത്തിൽ വളരെയൊന്നും പുരോഗമിച്ചിട്ടില്ല. ഈയിടെയായി ഗവർമ്മെന്റും ചില സ്വകാര്യസ്ഥാപനങ്ങളും ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തിക്കാണുന്നതു് 'ഭാവിശ്രേയഃപി[illegible]ശകുനം' തന്നെയാണ്. ഓരോ ചിത്രത്തിന്റെകൂടെയും വാർത്താവിതരണചിത്രവുംകൂടി പ്രദർശിപ്പിക്കണമെന്നു് ഇപ്പോൾ ഗവർമ്മെന്റ നിർബന്ധിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ ഗവർമ്മെന്റിന്റെ ചലച്ചിത്രവകുപ്പു് അപ്പോഴപ്പോൾ സംഭവിക്കുന്ന വിശേഷസംഭവങ്ങളെ ഫിലിംചെയ്തു പ്രദർശനത്തിനു നൽകുന്നുമുണ്ട്. നിരവധി വാർത്താവിതരണചിത്രങ്ങൾ ഗവർമ്മെന്റ ഇതിനകം നിർമ്മിച്ചുകഴിഞ്ഞു. ഇന്ത്യൻ റിപ്പബ്ലിക്ക ദിനാഘോഷങ്ങളും നെഹ്റുവിന്റെ പര്യടനങ്ങളും ചലച്ചിത്രത്തിലെടുത്തിട്ടുണ്ട്.

ഇന്ത്യാഗവർമ്മെന്റ ചലച്ചിത്രവകുപ്പിന്റെ ഉപദേശാർത്ഥം വിദഗ്ദ്ധന്മാരടങ്ങിയ ഒരു ഉപദേശകസമിതിയെ രൂപവൽക്കരിച്ചിട്ടുണ്ട്. ശ്രീമതി ലീലാവതി മുൻഷി, ശാന്താറാം, ഫ്റാങ്ക് മോറിസ്, എം. ററി. വ്യാസ്, എസ്. എ. അയ്യർ, പി. സി. ചൌധുരി എന്നിവരാണ് സമിതിയംഗങ്ങൾ. ഫിലിംവകുപ്പു നിർമ്മിക്കുന്ന പ്രസ്തുതചിത്രങ്ങളെ പരിശോധിച്ചു് അപ്പോഴപ്പോൾ വേണ്ട നിർദ്ദേശങ്ങൾ നൽകുക, ചലച്ചിത്രവിഷയകമായി ഗവർമ്മെന്റിനു വേണ്ട ഉപദേശങ്ങൾ നൽകുക എന്നിവയാണ് സമിതിയുടെ കൃത്യങ്ങൾ. പ്രതിവർഷം ൧൩-ൽ കുറയാതെ പ്രബോധനപരങ്ങളായ ചിത്രങ്ങളും ൫൨-ൽ കുറയാതെ വാർത്താവിതരണചിത്രങ്ങളും നിർമ്മിക്കുന്നതിനു ഗവർമ്മെന്റ തീരുമാനിച്ചിട്ടുണ്ട്. നല്ല ഹ്രസ്വചിത്രങ്ങളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നിർമ്മാതാക്കളിൽനിന്നും പ്രതിവർഷം ൨൫ ചിത്രങ്ങൾ എങ്കിലും വിലയ്ക്കു വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പ്രവിശ്യാഗവർമ്മെന്റുകളും നാട്ടുരാജ്യഗവർമ്മെന്റുകളും അംഗീകൃതചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനെ സംബന്ധിച്ചു നിയമവും ഉണ്ടാക്കിയിട്ടുണ്ട്. ഈ നിയമമനുസരിച്ചു ഷോറുകളിൽ സിനിമാപ്രദർശനത്തിനു നൽകിയിട്ടുള്ള ലൈസൻസുപ്രകാരമുള്ള ഓരോ പ്രദർശനസമയത്തും ൨൦൦൦ അടി വരെയുള്ള അംഗീകൃതചിത്രങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്. ഇന്ത്യാഗവർമ്മെന്റിന്റെ ഇൻഫർമേഷൻ ആന്റ ബ്രോഡ്കാസ്റ്റിംഗ് മിനിസ്റ്ററിയുടെ ഫിലിംവകുപ്പു് ൧൯൪൯ ജൂൺ മുതൽ എല്ലാ സിനിമാപ്രദർശകർക്കും ന്യായമായ വാടകനിരക്കിന്മേൽ അംഗീകൃത ഫിലിമുകൾ പ്രദർശനത്തിനു നൽകുന്നുമുണ്ട്. ഈ ഫിലിമുകൾ ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി, തമിഴ്, തെലുങ്ക്, ബംഗാളി എന്നീ അഞ്ചുഭാഷകളിലുമുണ്ട്. പ്രബോധനപരങ്ങളായ ചലച്ചിത്രങ്ങളുടെ നിർമ്മാണത്തിലും പ്രദർശനത്തിലും ഗവർമ്മെന്റു സത്വരനടപടികൾ സ്വീകരിച്ചുകാണുന്നതു് തികച്ചും ശുഭോദർക്കമാണ്. അനതിദൂരഭാവിയിൽ തന്നെ ഉത്തമങ്ങളും വിജ്ഞാനപ്രദങ്ങളുമായ പ്രാമാണികചിത്രങ്ങൾ നിർമ്മിച്ചു ജീവൽപ്രശ്നങ്ങൾക്കു തൃപ്തികരമായ പരിഹാരവും നിർദ്ദേശവും നൽകുമെന്നു് ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്.

—o—

## വാർത്തകൾ

—o—

ബോംബെയിലെ പ്രകാശ് സ്റ്റുഡിയോവിൽ ചന്ദ്രപ്രഭ സിനിട്ടോൺകാർ "ശകുന്തള" എന്ന ചിത്രം നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ട്. ചിത്രത്തിൽ ശകുന്തളയായി അഭിനയിക്കുന്നതിനു ശ്രീമതി എം. എസ്. സുബ്ബലക്ഷ്മിയേയും ദുഷ്ഷന്തനായി പൃഥ്വീരാജിനേയും തിരഞ്ഞെടുക്കുവാൻ ഇടയുണ്ട്.

* * *

ശോഭനാചലാപിക്ചേഴ്സിന്റെ "മായാമാല" എന്ന ചിത്രം തമിഴിലും തെലുങ്കിലും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഈ ചിത്രത്തിൽ പ്രധാനഭാഗം അഭിനയിക്കുന്നതു് അഞ്ജലീദേവിയാണ്.

* * *

സേലം മോഡേൺ തിയേറേറഴ്സുകാരുടെ മന്ത്രികുമാരിയുടെ നിർമ്മാണം മിക്കവാറും പൂർത്തിയാകാറായി.

* * *

എ. വി. എം. സ്റ്റുഡിയോവിൽ "ഓർ ഇരവു" എന്ന ചിത്രം ദ്രുതഗതിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

* * *

സുപ്രസിദ്ധ സിനിമാനടനായ പഹാരിസന്യാൽ കൽക്കട്ടാ പോലീസിൽ ഒരു സ്പെഷ്യൽ കോൺസ്റ്റബിളായി ജോലി സ്വീകരിച്ചിരിക്കുന്നു. കൽക്കട്ടായിലെ റോഡിൽനിന്നു് അദ്ദേഹം വാഹനങ്ങൾ നിയന്ത്രിക്കുന്നതു കാണുന്നതിനു് ആളുകൾ തടിച്ചുകൂടുന്നു.

* * *

"ബർസാത്ത്" എന്ന ചിത്രത്തിൽ അഭിനയിച്ചു പ്രസിദ്ധിനേടിയിട്ടുള്ള നിമ്മി ഫിലിംകാർ സ്റ്റുഡിയോക്കാരുടെ "ദദർ" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിനു കരാർ ചെയ്തിരിക്കുന്നു. രാജേന്ദ്രജെയിൻ നിർമ്മിക്കുന്ന ഈ ചിത്രം ഡയറക്ടുചെയ്യുന്നതു് നിതിൻബോസാണ്. നർഗ്ഗീസ്, അശോകകുമാർ, ദിലീപ്കുമാർ യാക്കൂബ് തുടങ്ങിയവരും ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്.

* * *

പശ്ചിമബംഗാൾ, ആസ്സാം, ബീഹാർ, ഒറീസ്സാ എന്നീ സ്ഥലങ്ങളിലുള്ള ൨൪൮ സിനിമാശാലകളിൽ ഏപ്രിൽ ൧൦-ാംതീയതി നടത്തിയ സിനിമാപ്രദർശനത്തിൽനിന്നും ലഭിച്ച വരുമാനം മുഴുവൻ കിഴക്കൻബംഗാൾ അഭയാർത്ഥിഫണ്ടിലേക്കു സംഭാവന ചെയ്യപ്പെട്ടിരിക്കുന്നു.

* * *

പാകിസ്ഥാനെക്കുറിച്ചു ഒരു ചിത്രം നിർമ്മിക്കുവാൻ ന്യൂയോർക്കിലെ ചില പ്രധാന ചലച്ചിത്രനിർമ്മാതാക്കൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതിനാൽ ലിയാക്കത്തലിയുടേയും പത്നിയുടേയും ഏതാനും ചിത്രങ്ങൾ ഈയിടെ അദ്ദേഹത്തിന്റെ അമേരിക്കൻ സന്ദർശനാവസരത്തിൽ എടുക്കുകയുണ്ടായി.

* * *

൧൯൪൯-ലെ ഏററവും ഉന്നത ചിത്രമായ ബർസാത്തിന്റെ പ്രദർശനം സൌരാഷ്ട്രഗവർമ്മെന്റ നിരോധിച്ചിരിക്കുന്നു.

* * *

"ഏക് ഥി ലഡ്കി" എന്ന ചിത്രത്തിന്റെ നിർമ്മാതാവും സംവിധായകനുമായ രൂപ്. കെ. ഷോറി, പ്രസ്തുത ചിത്രത്തിൽ നായികയായി അഭിനയിച്ച 'മീനാ' എന്ന മുസ്ലിം യുവതിയെ ഹിന്ദുമതാചാരപ്രകാരം വിവാഹം കഴിച്ചിരിക്കുന്നു. ഹിന്ദുവായതോടുകൂടി മീനാ, "കിരൺദേവി" എന്ന ഹൈന്ദവനാമവും സ്വീകരിച്ചിട്ടുണ്ട്.

* * *

രൂപ്. കെ. ഷോറി നിർമ്മിക്കുന്ന അടുത്ത ചിത്രമായ "ദോലക്കിൽ" മീനാ, യശോധരകട്ജു ശകുന്തള, മജ്നു, ജോഹർ, തുടങ്ങിയവർ അഭിനയിക്കുന്നു. ഈ ചിത്രത്തിന്റെ കഥയും സംഭാഷണവും രചിച്ചിരിക്കുന്നതു് ജോഹറാണ്.

* * *

മൻജ്ജു ഫിലിംസിന്റെ "ദുഷ്മനി" എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. സരളാദേവി, ഉഷാശ്രീയും, മംഗല, ഭഗവാൻ, വദൻജിത്ത്, കുക്കു, ഹബീബു തുടങ്ങിയ താരങ്ങളാണ് ചിത്രത്തിൽ അഭിനയിക്കുന്നതു്. കഥ, സംഭാഷണം, സംവിധാനം മുതലായവ നിർവ്വഹിക്കുന്നതു് എസ്. ഉപേന്ദ്രയാണ്.

* * *

എഡ്യുക്കേഷൻ പിക്ചേഴ്സിന്റെ "അരുണി"യുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സുലോചനാചാറർജി, കൽദീപ്, ഗുൽസർ, രൺധീർ ശ്യാം എന്നിവരഭിനയിച്ചുകൊണ്ടിരിക്കുന്ന ഈ ചിത്രം ഡയറക്ടുചെയ്യുന്നതു് ശങ്കർ മെഹ്ത്തായാണ്.

* * *

ത്രിവേദി പ്രൊഡക്ഷൻസ് "ചോട്ടിബഡി" എന്ന ചിത്രം സംവിധാനം ചെയ്തുകൊണ്ടിരിക്കുന്നു. യശോധരാകട്ജു, മോതി ചാററർജി, മാരുതി, കുമാരി രൺജിത്ത്, രൂപാ, രൺധീർ, തുടങ്ങിയവരാണ് അഭിനേതാക്കൾ. ചിമൻലാൽ ത്രിവേദിയാണ് ചിത്രത്തിന്റെ കഥാകൃത്തും ഡയറക്ടരും.

* * *

"ഉഷാകിരൺ" എന്ന ചിത്രമാണ് ഫിലിംലാൻഡു അടുത്തതായി നിർമ്മിക്കുന്നതു്. ഗീതാബാലി, നിമ്മി, സുരൈദ, കുക്കു, ലളിതാപവാർ, വസ്ഹർഖാൻ, ജാൻകിദാസ്, എന്നിവരെ അഭിനയത്തിനു തെരഞ്ഞെടുത്തിട്ടുണ്ട്. വസന്തലാണ് ചിത്രം ഡയറക്ടുചെയ്യുന്നതു്.

* * *

സീനെ ആർട്ടിന്റെ പുതിയ ചിത്രമായ നാഥാത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. രേഖാ പണ്ഡിററ്, ശശികുമാർ, കുക്കു, ഗൌരി കപൂർ, നന്ദ്കിശോർ, കെ. എം. ലാൽ, ററം എന്നിവരഭിനയിച്ചുകൊണ്ടിരിക്കുന്ന ഈ ചിത്രം മി. കൽഭാസ്കർ സംവിധാനം ചെയ്യുന്നു.

—o—

## വിഷയവിവരം

—o—


| | | പേജ് |
|---|---|---|
| 1. സിനിമാപംക്തി | | 2 |
| 2. സാഹിത്യക്ഷേത്രത്തിലെ നെയ്‌വിളക്ക് | ഓംചേരി | 3 |
| 3. ഈ ആഴ്ചയിലെ നക്ഷത്രഫലം | തകഴി കെ. രാമവാര്യർ | 4 |
| 4. ചരിത്രപരമായ ഭൗതികവാദം | വി. ഗംഗാധരൻ | 5, 6 |
| 5. കഥകളിവേഷങ്ങൾക്കും മാററങ്ങളോ? | ടി. എസ്. അനന്തസുബ്രഹ്മണ്യം | 7 |
| 6. ഒരു കാർഷികാഹ്വാനം | കെ. എസ്. നീലകണ്ഠം | 7 |
| 7. ചിത്രങ്ങൾ | | 8, 9 |
| 8. സ്ത്രീകളും കലയും— | മൂർക്കോത്തു കുഞ്ഞപ്പ | 10 |
| 9. ജന്മദിനം (ചെറുകഥ) | വട്ടോളി കൊച്ചുകൃഷ്ണൻനായർ | 11 |
| 10 കാർട്ടൂൺ | | 12 |
| 11. രാമരാജ്യത്തിന്റെ ലക്ഷണങ്ങൾ | ആചാര്യ വിനോബാജി | 13 |
| 12. കവിതകൾ | | 13 |
| 13. സാരനാഥ്— | കെ. എസ്. പിള്ള പന്തളം | 14 |
| 14. ഗ്രന്ഥവിഹാരം | | 15 |
| 15. ഇൻഡോ-പാക് ഉടമ്പടി | ജയപ്രകാശ് നാരായൺ | 16 |


മുഖചിത്രം:—

ടെലഫോൺ — ടെലിവിഷൻ. ടെലഫോണിൽ സംസാരിക്കുന്നയവസരത്തിൽ സംസാരിക്കുന്ന ആളിന്റെ ചിത്രത്തെ നേരിൽകാണാവുന്ന പുതിയ കണ്ടുപിടിത്തം. യു. എസ്. ഗനിതര സേനാകേന്ദ്രത്തിലെ ഒരംഗം പുതിയ ടെലിവിഷൻ —ടെലഫോണിൽ ഒരു ആർമി ഉദ്യോഗസ്ഥനുമായി സംസാരിക്കുന്നതാണ ചിത്രം.

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ മിഥുനം ൫-ാംനു- തിങ്കളാഴ്ച 19th June 1950. | ലക്കം ൩൩൧


# സാഹിത്യക്ഷേത്രത്തിലെ നെയ്‌വിളക്ക്

— ഓംചേരി —

അദ്ദേഹം പങ്കെടുത്ത അവസാനത്തെ പൊതുസമ്മേളനം അതായിരുന്നെന്നുതോന്നുന്നു. ഡാക്ടർ രാധാകുമുദമുക്കർജിയെ സ്വീകരിക്കുവാൻ തിരുവനന്തപുരത്തു് ഹസ്തലിഖിതഗ്രന്ഥശാലയിൽക്കൂടിയ സമ്മേളനത്തിൽ മഹാകവി ഉള്ളൂർ അദ്ധ്യക്ഷം വഹിച്ചു. ആ പ്രസംഗസമയത്തിനും ജീവിതത്തിൽ ആദ്യമായും അവസാനമായും വിശ്രമമനുഭവമെന്തെന്നദ്ദേഹമറിഞ്ഞ ആ മുഹൂർത്തത്തിനുമിടയ്ക്കു് വളരെ കുറച്ചുദിവസങ്ങളേ പിന്നീടുണ്ടായിരുന്നുള്ളു. സ്വസ്ഥാനത്തെഴുന്നേററുനില്ക്കുവാനുള്ള ശരീരശക്തിതന്നെ അദ്ദേഹത്തിൽ അവശേഷിച്ചിരുന്നില്ല എങ്കിലും ആ കണ്ണുകളുടെ പ്രകാശം ആ മുഖത്തിന്റെ പ്രസാദം ഇവയ്ക്കൊന്നുമൊരു കുറവുമില്ലായിരുന്നു. ഡാ: മുക്കർജിയുടെ പ്രസംഗത്തിൽ മഹാകവി ഉള്ളൂരിന്റെ ഗവേഷണഫലങ്ങൾ തനിയ്ക്കെത്രയേറെ പ്രയോജനപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കി.

പിന്നെയും അദ്ദേഹം അവശനായി. അതിനു മുൻപു പലതവണയും അദ്ദേഹത്തിന്റെ രോഗം ആശങ്കാകുലമായ അവസ്ഥയിലദ്ദേഹത്തെ എത്തിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു ആ പിടിയിൽപെട്ടുപോകയില്ലെന്നു്. ഭാഷാസാഹിത്യചരിത്രമെന്ന മഹാനിബന്ധമെഴുതിത്തീർത്തല്ലാതെ ആ തൂലിക വിശ്രമിക്കേണ്ടിവരികയില്ലെന്നെന്തോ അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. അതങ്ങിനെതന്നെ സംഭവിച്ചു. ഭാഷാസാഹിത്യചരിത്രമവസാനിച്ചു. ഇവിടുത്തെ ജോലികൾ പരിപൂർണ്ണമായൊതുക്കിവച്ചശേഷം, അവിശ്രമം സാഹിത്യസേവനം നടത്തിയ ആ പണ്ഡിതാഗ്രഗണ്യൻ, തനിക്കായൊരുക്കപ്പെട്ടിരുന്ന ആ പൂമെത്തയിലങ്ങനെ നിത്യവിശ്രമംകൊണ്ടു എത്രയെത്രയോ മനുഷ്യർ ലോകത്തിൽ കഴിഞ്ഞുകൂടി. അദ്ദേഹം ഇവിടെ ജീവിച്ചു.

അരശതാബ്ദത്തിനിപ്പുറം കേരളത്തിൽ ജീവിച്ചിട്ടുള്ളവരെല്ലാം ആ സാഹിത്യസുധാരസം നുകർന്നിട്ടുമുണ്ടു്. ആ കലാകാരനു് കക്ഷിബന്ധങ്ങളില്ലായിരുന്നു. അദ്ദേഹം ആരുടെയും പ്രാതിനിധ്യത്തിനു് അവകാശപ്പെട്ടില്ല. പക്ഷേ മലയാളക്കരയിൽ എഴുത്തും വായനയുമറിവുള്ളവരെല്ലാം അദ്ദേഹത്തിന്റെ കക്ഷിയിൽ പെട്ടവരായിരുന്നു. സഹൃദയത്വവുംപാണ്ഡിത്യവും മനുഷ്യത്വവും അവയുടെ പ്രാതിനിധ്യം. അദ്ദേഹത്തിലർപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ചില കാവ്യഭാഗങ്ങളുദ്ധരിച്ചുകൊണ്ടു് ആ മഹാപുരുഷനെ അപവദിക്കുവാൻ മുതിർന്നവരുമില്ലാതില്ല. സംസ്കാരസമ്പന്നനായ ഒരു നിരൂപകൻ പറഞ്ഞമറുപടിയാണു് ഇക്കാര്യത്തിലേററവും യോജിച്ചതു് "നായ് കടലിൽ ചെന്നാലും നക്കിയേ കുടിക്കൂ." വിമർശകരുടെ കുറികേ ലുകൾ ആ സിദ്ധികളുടെ ഒരംശ



ത്തെപ്പോലും അളന്നുതള്ളുവാൻ പര്യാപ്തമായില്ല. അതിനദ്ദേഹത്തെ അവർ കുററം പറഞ്ഞു. ആ ശുദ്ധരിൽശുദ്ധൻ അല്പം വ്യസനിച്ചിരിക്കണം. പക്ഷേ മനുഷ്യനു് ബുദ്ധിനൽകുവാനുള്ള സിദ്ധി അദ്ദേഹത്തിനില്ലായിരുന്നല്ലോ.

ഭാഷാസാഹിത്യക്ഷേത്രത്തിൽ അനശ്വരപ്രഭാപ്രസരം പരത്തിയ ദീപാവലികൾ അനവധിയുണ്ടു്. ആ ക്ഷേത്രസങ്കേതത്തിന്റെ കരിങ്കൽക്കെട്ടിനു വെളിയിൽ മിന്നിപ്രകാശിക്കുന്ന കല്ലുവിളക്കുകൾമുതൽ ശ്രീകോവിലിനുള്ളിൽ നിത്യസൗഭഗം നിറച്ചുകൊണ്ടിരിക്കുന്ന കെടാവിളക്കുകൾവരെ എത്രയെത്രയോ ദീപനാളങ്ങൾ ചേർന്നാണാ വിശുദ്ധസങ്കേതത്തിൽ പ്രകാശധോരണി വിതറിക്കൊണ്ടിരിക്കുന്നതു്. കെടാവിളക്കുകളെണ്ണത്തിലധികമുണ്ടാകാറില്ല. ആളിക്കത്തുന്ന പുറവിളക്കുകൾ പലതും അണഞ്ഞുപോകയും മററുചിലതു തെളിഞ്ഞു തുടങ്ങുകയും ചെയ്യുക പതിവാണു്. ആകർഷിക്കുവാൻ കഴിവുള്ളതെങ്കിലും അവയുടെ രശ്മികളെല്ലാംതന്നെ അവയോടൊത്തു മാഞ്ഞു പോകുന്നു. ആ പ്രകാശവീചികളിലലിഞ്ഞു രസിച്ചിരുന്നവരിൽതന്നെയും അവയുടെ പ്രതിച്ഛായകൾപോലും അവശേഷിക്കുകയുമില്ല. ഇളകാതെതെളിഞ്ഞുനില്ക്കുകയും വാടാതെ നിത്യസൗന്ദര്യം പകരുകയും ചെയ്യുന്ന കെടാവിളക്കുകൾ മാത്രമേ വിഗ്രഹംകണ്ടാരാധിക്കുന്നതിനു ഇന്നും നാളെയും നമുക്കു സഹായകമായിത്തീരാറുള്ളു. ഭാഷാസാഹിത്യശ്രീകോവിലിനുള്ളിൽ അക്ഷയഭാസ്സോടെ തെളിഞ്ഞു വിളങ്ങുന്ന കെടാത്ത നെയ്‌വിളക്കാണു് മഹാകവി ഉള്ളൂർ. ആ ദീപനാളം അണയുകയില്ല. ഒന്നുതീർച്ചതന്നെ. ആ പ്രകാശരശ്മികളെ മറച്ചുനിറുത്തിക്കൊണ്ടു ആ ശ്രീകോവിലിനുള്ളിലെ പ്രതിഷ്ഠയുടെ നൈസർഗ്ഗികസൗന്ദര്യവും ആഹാര്യശോഭയും പൂർണ്ണമായാസ്വദിക്കുവാൻ ശ്രമിച്ചാൽ ആനയെ കണ്ട അന്ധനെപ്പോലെയാകാനേ സാധിക്കൂ. സംശയമില്ല. ഭാരതീയസംസ്കാരത്തിന്റെ ആ ആധുനികവ്യാഖ്യാതാവു്, ഭാവനാസമ്പന്നനായ ആ മഹാകവി, വിജ്ഞാനനിധിയായ ആ പണ്ഡിതസാർവ്വഭൗമൻ, ഉജ്ജ്വലാശയനായ ആ ഗവേഷകവരേണ്യൻ കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ മായാത്ത മുദ്രകൾ പതിച്ചിട്ടുണ്ടു്. മലയാളസാഹിത്യപുരോഗതിയുടെ എല്ലാവശങ്ങളിലും അദ്ദേഹത്തിന്റെ കാല്പാടുകൾ തെളിഞ്ഞുകാണാം. ആ കാവ്യചന്ദ്രികയുടെ കിരണാവലികൾ കേരളവും കൈരളിയുമുള്ള കാലത്തോളം തളിർത്തുനിൽക്കുകതന്നെ ചെയ്യും.

അദ്ദേഹത്തിന്റെ സ്മരണയുടെ മുന്നിൽ കൂപ്പുകൈയ്യർപ്പിക്കുന്ന ഈ സന്ദർഭത്തിൽ ഒരു സംഗതികൂടി പറയേണ്ടിയിരിക്കുന്നു. മഹാകവി ഉള്ളൂരിന്റെ പല കൃതികളും ഇനിയും അപ്രകാശിതങ്ങളായിത്തന്നേ കിടക്കുന്നുണ്ടെന്നുകേട്ടിട്ടുണ്ടു്. അവയെല്ലാം പ്രസിദ്ധീകരിച്ചു് മലയാളസാഹിത്യത്തിൽ മുതൽക്കൂട്ടുവാൻ അതിന്റെ കൈവൽാവകാശികൾ ശ്രദ്ധിക്കുന്നതു് ഉപകാരപ്രദമായിരിക്കും. അതുപോലെതന്നെ സർവ്വകലാശാലാപ്രസിദ്ധീകരണവകുപ്പിൽ നിന്നേറെറടുത്തിട്ടുള്ള അദ്ദേഹത്തിന്റെ ഭാഷാസാഹിത്യചരിത്രം ഇനിയും മുദ്രണസന്ധിയിലേയ്ക്കെത്തിയിട്ടില്ലാത്തതു ഖേദകരമായിരിക്കുന്നു. മഹാകവിയുടെ കവിതകൾ, വിമർശനങ്ങൾ, ഗവേഷണഫലങ്ങൾ എന്നിവ അടുക്കിച്ചേർത്തു ആകർഷകങ്ങളായ ഓരോ വാല്യങ്ങളായി പ്രസിദ്ധീകരിക്കുവാൻ അവയുടെ അവകാശികൾ ശ്രമിക്കുമെങ്കിൽ അതൊരനുഗ്രഹമായിരിക്കും. അദ്ദേഹത്തോടും മലയാളസാഹിത്യത്തോടും അവർക്കു ചെയ്യാവുന്ന ഏററവും വലിയ സേവനമായിരിക്കും അതു്.

ആ ജീവനുള്ള സ്മരണയ്ക്കുമുന്നിൽ നൂററാണ്ടുകളുടെ കൂപ്പുകൈകൾ ഉയർന്നുയർന്നു നിൽക്കും. ആ ബാഷ്പവൃഷ്ടിയുടെ വാർഷികദിനത്തിൽ ആദരാഞ്ജലികൾ.

'ഗദ്യപദ്യമാം താമരപ്പൂക്കളാൽ
ഹൃദ്യസാഹിത്യവേദിയിൽ വിചിത്ര നാൾ
മുഖ്യപൂജനടത്തിയ വൈദിക-
മൂർത്തിക്കേകട്ടെ മുഗ്ദ്ധമാംനന്ദികൾ"

❋ ❋ ❋

ക്ഷുത്തിൽക്ലേശനുമന്നമേകിയും, നഗ്നനെപ്പുതപ്പിച്ചും,
ദുഃഖിയെത്തോഷിപ്പിച്ചും, രോഗിയെശ്ശുശ്രൂഷിച്ചും,
ആപത്തിൽപ്പെട്ടവനോനെയാശ്വസിപ്പിച്ചും, താണ
കൂപത്തിൽകിടപ്പോനെക്കൈകൊടുത്തുയർത്തിയും,
അന്യർതൻ സ്മിതച്ചില്ലിൽത്തൻസുഖം നിരീക്ഷിച്ചു-
മന്യർതൻ ഹർഷാശ്രുമുത്താത്മവിത്തമായ്പ്പുണ്ടും,
ഹൃത്തിലും ചക്ഷുസ്സിലും വാക്കിലും കർമ്മത്തിലും
ശുദ്ധമാം പ്രേമത്തിന്റെ സാന്നിദ്ധ്യം കാട്ടിക്കാട്ടി,
ലോകത്തെക്കുടുംബമായ്, ജ്ജീവിയെസ്സോദര്യനായ്;-
ദേഹത്തെപ്പരാർത്ഥമാം യജ്ഞത്തിൻ സാമഗ്രിയായ്;
ഏവനോ കല്പിച്ചെന്റെ വേലയിൽപ്പങ്കാളിയായ്
മേവിടാനേർപ്പോ,നവനെന്നും ഞാൻ വശംവദൻ.

ഭക്തിദീപിക - ഉള്ളൂർ.

❋ ❋ ❋

പ്രേമംതാൻ പ്രപഞ്ചത്തിൻ ശ്രേഷ്ഠമാം ജീവാധാരം;
പ്രേമത്തിന്നഭാവത്തിൽ ബ്രഹ്മാണ്ഡം നിശ്ചേതനം;
പ്രേമത്താലെൻ ഭൂദേവി പോററുന്നു തന്മക്കളെ;
പ്രേമത്താൽ വിയത്തിങ്കൽ മിന്നുന്നു താരാവലി;
പ്രേമത്താൽ ബാഷ്പോദകം വാർക്കുന്നു വലാഹകം;
പ്രേമത്താൽ മന്ദസ്മിതം തൂകുന്നു പൂങ്കാവനം;
പ്രേമത്താൽ വീശീടുന്നു ഗന്ധവാൻ മന്ദാനിലൻ;
പ്രേമത്താൽപ്പൊഴിക്കുന്നു കോകിലം ഗാനാമൃതം;
പ്രേമത്തിലാണെൻവാസം; പേർത്തുമപ്പരാർദ്ധ്യമാം
ധാമത്തെപ്പാലാഴിയെന്നോതുന്നു കാവ്യാധ്വഗർ
പ്രേമത്തിൻബിന്ദുക്കൾ ഞാൻ കർഷണംചെയ്യുന്നത-
ധീമാന്മാർ വർണ്ണിക്കുന്നു പാൽ, വെണ്ണ, തൈരെന്നെല്ലാം.

ഭക്തിദീപിക - ഉള്ളൂർ.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

5-11-125 മുതൽ 11-11-125
19-6-1950 ,, 25-6-1950

തകഴി കെ. രാമവാര്യർ

അശ്വതി — ഭാവിപ്രവർത്തന പരിപാടികളിൽ ജാഗരൂകരായിരിക്കും. ധനത്തിന്റെ വിഷമത ധരിച്ചു ചെലവുകൾ നിയന്ത്രിക്കും. കാർഷികകാര്യങ്ങളിൽ പ്രയത്നിക്കും. സഹകാരികളുടെ സഹകരണത്തിൽ സൂക്ഷിക്കണം. അല്പം ചില മനോവ്യഥയുണ്ടാകും.

ഭരണി — ആശ്രിതരാൽ അനിഷ്ടവും അപ്രിയവും വന്നുചേരും. അധികൃതരുടെ അഭിലഷണീയമായ ആനുകൂല്യം ലഭിക്കുമെന്നിരുന്നാലും ആഭ്യന്തരപീഡകൾ വളരും. വ്യാപാരവിഷയത്തിൽ ദ്രവ്യാധിക്യത്തിനിടയുണ്ട്. കുടുംബകാര്യചിന്ത കുറയും.

കാർത്തിക — ചില പ്രബലവ്യക്തികളുടെ ദുഷ്പ്രേരണയ്ക്കു പാത്രീഭവിക്കും. പ്രവർത്തനം പുരോഗമിക്കും. ചുമതലകളിൽ വൈഷമ്യത വരുത്താതെ സൂക്ഷിക്കണം. അന്തശ്ഛിദ്രങ്ങളും അസുഖങ്ങളും സംഭവിക്കും. ജലദോഷാദി പിടിപെടും.

രോഹിണി — കാർഷികകാര്യങ്ങളിൽ ശ്രദ്ധാപതിയും. വ്യക്തിവാദദോഷം നശിപ്പിക്കുന്നതിനു ശ്രമിക്കും. അഗതികളിൽ സഹിഷ്ണുത കാണിക്കും. പല നല്ല കാര്യങ്ങളും ചെയ്യും. വ്യവസായക്ഷീണത പരിഹരിക്കും. വിജയവും പ്രശസ്തിയും ആർജ്ജിക്കും, ത്രിദോഷങ്ങൾ കോപിക്കും.

മകയിരം — സന്താനങ്ങളുടെ പുരോഗതിക്കു ധനവിഷയത്തിൽ വെമ്പൽകൊള്ളും. കുടുംബാവശ്യങ്ങളും സ്വന്തം കാര്യങ്ങളും പലതും മുട്ടും. ആശ്രിതരെക്കൊണ്ടു ക്ലേശം കൂടുതലായി വരും. തൊഴിലുകൾ പുരോഗമിക്കുമെങ്കിലും വരുമാനം ചെലവിനെ താങ്ങുകയില്ല.

തിരുവാതിര — പ്രവർത്തനംകൊണ്ടു പ്രയോജനം ലഭിക്കും. കടംവാങ്ങിയും ആഹാരകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തും. സംഘടനകൾ സൃഷ്ടിപരമായി സംയോജിപ്പിക്കും. അർഹമായ സ്ഥാനവും മതിപ്പും ലഭിക്കും. സഹകാരികളുടെ സഹകരണം ശ്രദ്ധിക്കണം.

പുണർതം — നവീന ചുമതലകൾ സ്വീകരിച്ചതുമൂലം ശത്രുക്കൾ ഉണ്ടാകും. സഹപ്രവർത്തകരുടെ ഓർമ്മക്കുറവുകൊണ്ടു പരിഭ്രമവും വ്യയവും വരും. സാഹസപ്രവൃത്തികളാൽ പരുക്കുകൾക്കിടയാകും. നീചമായ അപമാനത വരുത്തിവെയ്ക്കരുത്. കാര്യക്ഷമമായി സ്വകർമ്മങ്ങളിൽ പ്രവേശിച്ചുകൊണ്ടിരിക്കണം.

പൂയം — സഞ്ചാരം കൂടിയിരിക്കും. അന്യപക്ഷീയങ്ങളായ കാര്യങ്ങളിൽ മദ്ധ്യസ്ഥത സ്വീകരിക്കും. സ്വാതന്ത്ര്യേച്ഛുമായ സംഗതികൾക്കു അവസരം ലഭിക്കും. ശരീരാസ്വാസ്ഥ്യങ്ങൾ അല്പമായി ക്ലേശിപ്പിക്കും.

ആയില്യം — സഹായികളും ബന്ധുക്കളും ലാഭേച്ഛുക്കളായിരിക്കും. പല ദുഷ്പ്രചാരണങ്ങൾക്കു വശംവദനാകും. അപ്രയോജനമായ പ്രവൃത്തികളിൽ ഏർപ്പെടും. വാതപീഡയുണ്ടാകും. അസൂയാലുക്കൾ മനഃക്ലേശത്തിനിടയാക്കും. കുടുംബത്തിൽ ചില നാശനഷ്ടം വരാം.

മകം — വിദ്യാഭ്യാസവിഷയത്തിൽ മനസ്സു പുഷ്ടിപിടിച്ചുകൊണ്ടിരിക്കും. സഹായികളും ബന്ധുക്കളും പുതുതായി ലഭിക്കും. പരദൂഷണം വർദ്ധിക്കും. അധികൃതരുടെ അനിഷ്ടതക്കിടവരും. യാത്രാവസരങ്ങളിൽ സൂക്ഷിക്കണം. ഗുരുജനവേർപാടു വരും.

പൂരം — ചലനാവസ്ഥക്കിടയുണ്ടാകും. ശാരീരികമായും മാനസികമായും സുഖം കുറവായിരിക്കും. പല ഗൂഢപ്രവൃത്തികളും സ്വീകരിക്കും. അഭിപ്രായങ്ങൾ തുറന്നു പറയുകയാൽ ശത്രുക്കളുണ്ടാകും. സാമൂഹ്യപ്രവർത്തനപരിപാടികളിലേർപ്പെടും. ദാമ്പത്യസുഖം വിരളമായിരിക്കും.

ഉത്രം — ഗൃഹത്തിലും പ്രവർത്തനരംഗത്തും സന്തോഷങ്ങൾ അനുഭവപ്പെടും. ചില പശ്ചാത്താപചിന്ത ജനിക്കും. ധനക്കുഴപ്പം പരിവർത്തനത്താൽ തൽക്കാലം പരിഹരിച്ചുകൊണ്ടിരിക്കും. പ്രതീക്ഷപോലെ കാര്യങ്ങൾ പുരോഗമിക്കും.

അത്തം — പണത്തിന്റെ ഞെരുക്കം ഉണ്ടായിരുന്നാലും പ്രവൃത്തികളെ പുഷ്ടിപ്പെടുത്തും. കർമ്മങ്ങളിൽ പ്രതിനിധികളെ ചുമതലകൾ ഏല്പ്പെടുത്തുകയും പണച്ചുമതല ഏല്പിക്കയുമരുത്. സഞ്ചാരാവശ്യങ്ങൾ തന്നത്താനേ നടത്തണം. വേർപാടുകളിലുള്ള വിഷമതയും അസുഖവും കാണും. മാതൃജനപീഡയുണ്ടാകും.

ചിത്തിര — വിഘ്നങ്ങൾ തരണംചെയ്തു പ്രവൃത്തികൾ ഭാഗ്യോന്മുഖങ്ങളാക്കിത്തീർക്കും. നയനസുഖം കുറയും. അന്യചുമതലകൾ ഏറ്റെടുത്തു വിഷമിക്കും. സന്താനങ്ങൾ സ്വകാര്യത്തിനായിട്ടലട്ടും.

ചോതി — കർമ്മജീവിതനിർവ്വഹണത്തിനു കൂടുതലായി ശ്രമംചെയ്യേണ്ടതായിവരും. പ്രയത്നത്തിനുതക്ക പ്രയോജനം ലഭിക്കയില്ല. വിരുദ്ധപ്രകടനക്കാർ ചില വിഷമതയ്ക്കും അപവാദത്തിനും കാരണമാകും. സന്താനങ്ങൾ അഹിതങ്ങളായ മാർഗ്ഗങ്ങളിൽ പ്രവേശിക്കും.

വിശാഖം — പ്രവർത്തനത്തിലെ തകരാറുകൾ സഹായികളാൽ മറയ്ക്കപ്പെടും. കുടുംബകാര്യങ്ങൾ മിക്കവാറും നിറവേററിക്കൊണ്ടുപോകും. സംഘടിതകാര്യങ്ങളിൽ ഏർപ്പെടും.

അനിഴം — അപ്രതീക്ഷിതമായ ശുഭാനുഭവങ്ങൾ ഉണ്ടാകും. വർത്തനത്തിൽ അഭിനന്ദനവും പ്രീതിയും ആർജ്ജിക്കും. സ്വന്തം ജനങ്ങളുടെ കഷ്ടതകളിൽ കഴിവുള്ള സഹായങ്ങൾ ചെയ്യും. മംഗളകാര്യങ്ങൾ നടത്തുവാൻ അനുകൂലിക്കും. വളർച്ചയിൽ ശത്രുക്കളുണ്ടാകും.

തൃക്കേട്ട — വേണ്ടപ്പെട്ട ജനങ്ങളുമായി അകാരണകലഹങ്ങൾക്കിടവരും. ഗൃഹത്തിൽ അന്തശ്ഛിദ്രങ്ങൾ വളരും. രാഷ്ട്രീയകാര്യങ്ങളിൽ വൈമുഖ്യം പ്രദർശിപ്പിക്കും. അധികൃതരുടെ വെറുപ്പിനിടവരുത്തും. കൂട്ടുകാരുടെ പ്രവൃത്തികളെ സമർത്ഥിക്കും.

മൂലം — ചിരകാലപരിശ്രമം വിഫലപ്പെടും. അനധികൃതമായ കാര്യങ്ങളിൽ പ്രേരിപ്പിക്കും. അന്യാവകാശങ്ങൾ അപഹരിക്കുന്നതിനു ശ്രമിക്കും. സാമ്പത്തികമായി ഉയരുന്നതിനുള്ള കഴിവുകൾ ഉപയോഗിക്കും. അരക്ഷിതരുടെ സ്ഥാപിതതാല്പര്യങ്ങളിൽ അനവരതം ഇടപെടും. പൊതുവെ പുരോഗമനവും ശുഭവും ആശിക്കാം.

പൂരാടം — നല്ലൊരലിവസ്ത്തിന്റെ അനുഭവക്കാവുണ്ടാകും. അഭ്യുദയത്തിനുവേണ്ട പരിപാടികൾ ഇണക്കും. പൊതുജനപ്രമാണികളുടെ സാമീപ്യസമ്പർക്കങ്ങൾ ഉണ്ടാകും. ഭാഗ്യോന്മുഖമായ പരിവർത്തനം ലഭിക്കും. ഗാർഹികകാര്യങ്ങളിൽ വരവുനോക്കാതെ ചെലവുചെയ്യും. വഞ്ചനപററാതെ കരുതണം.

ഉത്രാടം — പ്രഭാഷണപ്രശസ്തി സിദ്ധിക്കും. സാധുക്കളുടെ കാര്യത്തിൽ മുൻഗണന പ്രകടമാക്കും. ജ്ഞാനസമ്പാദനത്തിൽ ശ്രദ്ധപതിക്കും. ബിസിനസ്സുകളിൽനിന്നും ആദായം വന്നുകൊണ്ടിരിക്കും. സുഹൃത്തുക്കളുമായി സമ്മേളിക്കും. പണക്കുഴപ്പംവരാത്ത കാര്യങ്ങൾ ജാഗ്രതയായി നോക്കണം.

തിരുവോണം — ഉദ്ദേശംപോലെ കാര്യങ്ങൾ നടക്കയില്ല. ഉദരാമയങ്ങളും ക്ഷീണവും ഉണ്ടാകും. പ്രവൃത്തികളുടെ വിജയത്തിനു നല്ലപോലെ പരിശ്രമിക്കും. മുൻപുചെയ്ത കാര്യങ്ങളെക്കുറിച്ചു പശ്ചാത്തപിക്കും. അനാവശ്യമായ കൂട്ടുകെട്ടിൽ വലയംചെയ്യും. ചലനഭീതിയുണ്ടാകും.

അവിട്ടം — മന്ദഗതിയിലും നഷ്ടത്തിലുംകൂടി കാര്യങ്ങൾ മുടക്കംവരാതെ നടത്തിക്കൊണ്ടുപോകും. കൂട്ടുകെട്ടുകാരുടെ നിസ്സഹകരണം വിളംബത്തിനിടവരുത്തും. അനാവശ്യമായ പണവ്യയം സംഭവിക്കും. ദുഷ്കാലങ്ങളുടെ ശക്തി ഈശ്വരാനുകൂല്യത്താൽ കുറയും.

ചതയം — അസുഖപ്രദമായ വാർത്തകൾ ശ്രവിക്കും. ആവശ്യങ്ങൾക്കു പണം മതിയാകയില്ല. കുടുംബകാര്യങ്ങൾ ഒരുവിധം ഭംഗിയിൽ നടത്തിക്കൊണ്ടുപോകും. പരസ്പരവിരുദ്ധമായ കർമ്മങ്ങളിലേയ്ക്കു ഇതരപ്രേരണകൾ അലട്ടിക്കൊണ്ടിരിക്കും.

പൂരുരുട്ടാതി — സുഹൃൽലാഭവും ആതിഥ്യസ്വീകരണവും ഉണ്ടാകും. തന്റെ സ്ഥാനം ഉറപ്പിച്ചു കാര്യങ്ങൾ നയിപ്പിക്കുന്നതിന് കൃത്രിമകൗശലങ്ങൾ പ്രയോഗിക്കും. സാമ്പത്തികപ്രയോജനം നേടുന്നതിൽ ശ്രദ്ധപതിപ്പിക്കും. സ്വാതന്ത്ര്യപ്രവൃത്തി ആക്ഷേപത്തിനിടനൽകും.

ഉത്രട്ടാതി — സർക്കാർമേധാവികളുടെ അപ്രീണനത്തിനിടവരും. ബലമായ സഹായികളുടെ ആനുകൂല്യം സമ്പാദിച്ചു ശക്തികാട്ടും. ധനാഗമമാർഗ്ഗങ്ങൾ പലതുമടയും. സ്ഥാനഭ്രംശത്തിന്റെയോ വിശ്രമത്തിന്റെയോ പ്രതീതിയുണ്ട്.

രേവതി — ലക്ഷ്യങ്ങൾ പലതും തെററും. കക്ഷിമത്സരങ്ങളിൽ ഇടപെടും. സ്വാതന്ത്ര്യമായ പെരുമാററം ചിത്തശല്യതയ്ക്കിടവരുത്തും. ആശ്രിതരെക്കൊണ്ടു വ്യയവും അനർത്ഥവും സംഭവിക്കും. കാർഷികമായ കാര്യങ്ങളിൽ ശ്രദ്ധാപതിയും. സാമ്പത്തികവിഷമത വരുമാനങ്ങൾ പരിശ്രമംകൊണ്ടു വരുത്തി പരിഹരിക്കും.

— ം —


സമസ്തകേരള ജ്യോതിഷപരിഷത്തിലെ
നിർദ്ദേശാനുസരണം പരിഷ്കരിച്ച ഗണിതനിർണ്ണയചന്ദ്രസ്ഫുടവും, നിത്യപഞ്ചാംഗങ്ങളുടെ അവസാനസമയങ്ങളും, ശ്രാദ്ധങ്ങൾ, പിറന്നാളുകൾ, ഗ്രഹസ്ഥിതിചക്രങ്ങൾ എന്നിവയും, പഞ്ചാംഗസംബന്ധമായ മറെറല്ലാ വിഷയങ്ങളും അടങ്ങിയ

ശ്രീരാമവിലാസംപ്രസ്സ് വക
1126-ാമാണ്ടത്തെ
പഞ്ചാംഗങ്ങൾ
തയാറായിരിക്കുന്നു

ജ്യോതിഷപണ്ഡിതർ ഗണിതവിദ്വന്മണി
ബ്രഹ്മശ്രീ പുലിയൂർ പി. എസ്. പുരുഷോത്തമൻനമ്പൂതിരി
അവർകളുടെ അനുജനും ശിഷ്യന്മാരുമായ
ബ്രഹ്മശ്രീ പി. പി. നാരായണൻനമ്പൂതിരി അവർകളും,
മുഖത്തല പി. മാധവനാശാൻ അവർകളുംകൂടി ഗണിച്ചതു്.

കച്ചവടക്കാർക്കു പ്രത്യേകനിരക്കു്.
ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.
ആലപ്പുഴയും തിരുവനന്തപുരത്തുമുള്ള ഞങ്ങളുടെ ബ്രാഞ്ചുകളിലും കിട്ടുന്നതാണ്.



9-ാം അഖിലേന്ത്യാ സ്വദേശി എക്സ്ബിഷ്യനിൽ (തൃശ്ശൂർ) നിന്നും,
മററു പലരിൽനിന്നും വെള്ളിമുദ്രയും സർട്ടിഫിക്കററുകളും ലഭിച്ച

★ അമുക്കുര രസായനം ★

പ്രകൃത്യവസ്ഥാഭേദങ്ങൾ ചിന്തിക്കാതുള്ള പ്രവൃത്തികളാലും മററും അകാലവാർദ്ധക്യം പ്രാപിച്ചു ജീവിതോന്മേഷം നശിച്ചു് മൃതപ്രായരായി തീരുവാൻ പോകുന്ന യുവാക്കന്മാർ ഞങ്ങളുടെ "അമുക്കുര രസായനം" സേവിച്ചു് ബലക്ഷയവും ഉന്മേഷക്കുറവും അകററി ജീവിതം ആനന്ദപ്രദമാക്കുവിൻ!

പൂയമേഹം (വെള്ളപോക്കു്) സ്വപ്നസ്ഖലനം, അസ്ഥിസ്രാവം, മൂത്രച്ചൂടു്, മൂത്രത്തിലെ ഊറൽ, ഓർമ്മക്കുറവു്, രക്തക്ഷയം, ശരീരം മെലിച്ചൽ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, ഷണ്ഡത മുതലായവയെ സുഖപ്പെടുത്തും.

നാഡികളേയും ധാതുക്കളേയും ശക്തിപ്പെടുത്തി ദീർഘകാലത്തോളം സംയോഗസുഖം ആസ്വദിപ്പാനും, ശരീരപോഷണത്തിനും സ്ത്രീപുരുഷഭേദമെന്യേ "അമുക്കുര രസായനം" സേവിക്കുക.

സ്ത്രീകൾക്കു പ്രസവരക്ഷയ്ക്കും, ബാലന്മാർക്കു് അസ്ഥിവളർച്ചയ്ക്കും, ക്ഷീണശരീരികൾക്കും, വൃദ്ധന്മാർക്കും കുഞ്ഞുങ്ങൾക്കും ഒരുപോലെ ശരീരപുഷ്ടിയേയും ആരോഗ്യത്തേയും വർദ്ധിപ്പിക്കുവാനും മററും ഉത്തമഔഷധമാണ് "അമുക്കുര രസായനം."

വില ഒരു റാത്തൽ ഡപ്പി 1-ക്കു് 6 ക. ത: ചി: പുറമെ.

## പ്രത്യേക ശ്രദ്ധയ്ക്കു്

മേൽപ്പറഞ്ഞ രസായനം കൂടുതൽ പ്രചാരപ്പെടുത്തേണ്ടതിന്നായി "രാമകൃഷ്ണ ആയുർവേദഫാർമസി എക്സ്റ്റൻഷൻഫണ്ട്" എന്ന പേരിൽ ഞങ്ങൾ ആരംഭിച്ചിട്ടുള്ള ഫണ്ടിൽ ഉടനെ 5 ക. അടച്ചു മെമ്പറായിച്ചേർന്നു് നിങ്ങളുടെ ഭാഗ്യം പരിശോധിക്കുന്നതോടൊപ്പം പ്രസ്തുത രസായനത്തിന്റെ ഗുണങ്ങൾ അനുഭവിച്ചറിയുക 5 ക. വീതം അടച്ചു് മെമ്പറാകുന്നവരുടെയെല്ലാം പേരുകളിൽ 8 നറുക്കു് എടുക്കുന്നതും കിട്ടുന്നവർക്കു് യഥാക്രമം 250 ക, 100 ക, 75 ക, 50 ക, 40 ക, 30 ക, 25 ക, 20 ക. എന്നീ സംഖ്യകളും ബാക്കി എല്ലാവർക്കും ഓരോ റാത്തൽ അമുക്കുര രസായനവും കൊടുക്കുന്നതാണ്.

N. B. ഈ ഫണ്ടിന്റെ ഉദ്ദേശം അമുക്കുരരസായനം പ്രചാരപ്പെടുത്തേണ്ടതിന്നാകയാൽ ഇതുസംബന്ധിച്ചു വരാവുന്ന നഷ്ടങ്ങൾ ഞങ്ങൾ അത്ര ഗണ്യമാക്കുന്നില്ല കാരണം ഈവിധത്തിലാകുന്നതിനാൽ "അമുക്കുരരസായന"ത്തിന്റെ ഗുണങ്ങൾ പലർക്കും അനുഭവിച്ചറിയുവാൻ സാധിക്കുന്നതും, അതുവഴി കൂടുതൽ പ്രചാരം ഭാവിയിൽ ലഭിക്കയാൽ ഞങ്ങളുടെ നഷ്ടങ്ങൾ തീരുമെന്നും ഞങ്ങൾക്കുറപ്പുണ്ടു്. അതുകൊണ്ടു് 13-7-50-നുമുൻപായി എല്ലാവരോടും ഈ ഫണ്ടിൽ ചേരുവാൻ അപേക്ഷിക്കുന്നതോടൊപ്പം എല്ലാവരിൽനിന്നും സകലവിധ സഹായസഹകരണങ്ങളും പ്രതീക്ഷിച്ചുകൊള്ളുന്നു. 12 മെമ്പർമാരെ ചേർക്കുവാൻ കഴിയുന്നപക്ഷം നല്ല കമ്മീഷൻ കൊടുക്കുന്നതാണ്. കഴിയുമെങ്കിൽ ഉടനെ ഫോറത്തിന്നെഴുതുക. അല്ലെങ്കിൽ ഉടനെ 5 ക. മണിയോർഡറായി അയച്ചു് മെമ്പറായിച്ചേരുക. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ ¾ ണ. സ്റ്റാമ്പു സഹിതം താഴെ വിലാസത്തിൽ എഴുതുക.

മാനേജിംഗ് പ്രൊപ്രൈറ്റർ,
രാമകൃഷ്ണആയുർവേദഫാർമസി,
കല്ലായി, S. മലബാർ.



ശ്രീമതി നാലപ്പാട്ട് ബാലാമണിയമ്മയുടെ കൃതികൾ

| | |
|---|---|
| കളിക്കൊട്ട | 1 0 0 |
| അമ്മ | 1—0—0 |
| പ്രഭാങ്കുരം | 0—12 0 |
| ധർമ്മമാർഗ്ഗത്തിൽ | 1—0—0 |
| കുടുംബിനി | 1—0—0 |
| സ്ത്രീഹൃദയം | 1—0—0 |
| കൂപ്പുകൈ | 1—0—0 |
| ഊഞ്ഞാലിന്മേൽ | 1—0—0 |
| ഭാവനയിൽ | 0—12—0 |

*Sole Selling Agents.*
**MANGALODAYAM Ltd., TRICHUR.**



ലേഖനമാല
ഗ്രന്ഥകർത്താ സാഹിത്യകുശലൻ
ടി. കെ. കൃഷ്ണമേനോൻ
വില രൂ: 2 ണ. 4.
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം

മാർക്സിസം III

# ചരിത്രപരമായ ഭൗതികവാദം

മാർക്സിസം എന്താണെന്നു മലയാളരാജ്യം വായനക്കാർക്കു മനസ്സിലാകാൻവേണ്ടി പ്രസിദ്ധപ്പെടുത്തിപ്പോരുന്ന ഈ ലേഖനപരമ്പര സുപ്രസിദ്ധ കമ്മ്യൂണിസ്റ്റുനേതാവും പുരോഗമനസാഹിത്യകാരനുമായ സഖാവു് കെ. ദാമോദരന്റെ മനുഷ്യൻ, മാർക്സിസത്തിനൊരു മുഖവുര, ചരിത്രപരമായ ഭൗതികവാദം, മാർക്സിയൻ ധനശാസ്ത്രം എന്ന ഗ്രന്ഥങ്ങളേയും, റ്റി. എ. ജാക്സന്റെ ഡയലക്റ്റിക്സ് എന്ന ഗ്രന്ഥത്തേയും, എമിലിബേൺസിന്റെ മാർക്സിസമെന്നാലെന്താണെന്ന ഗ്രന്ഥത്തേയും മററുമാശ്രയിച്ചാണു് തയ്യാറാക്കിപ്പോരുന്നതു്. ഇതിൽ ലേഖനകർത്താവിന്റെ സ്വന്തമായി ഒന്നുമില്ലെന്നും മററു ഗ്രന്ഥങ്ങളിൽനിന്നു ശേഖരിക്കുന്നവ ചിലപ്പോൾ ചുരുക്കിയും ചിലപ്പോൾ ചുരുക്കാതേയും ഒന്നാക്കി പ്രസിദ്ധീകരിക്കുക മാത്രമാണു് ഇവിടെ ചെയ്യുന്നതെന്നും വ്യക്തമാക്കിക്കൊള്ളുന്നു. യഥാർത്ഥമായ മാർക്സിസം എന്താണെന്നു് അറിയാൻ അഭിലഷിക്കുന്നവർക്കു് ഇതൊരു ചൂണ്ടുപലകയായിത്തീരണമെന്നേ ഉദ്ദേശമുള്ളൂ.

വി. ഗംഗാധരൻ

കല്ലുകൊണ്ടും മരംകൊണ്ടുമുള്ള കേവലം അപരിഷ്കൃതങ്ങളായ ആയുധങ്ങളുടെ സഹായത്തോടുകൂടി മനുഷ്യർ കൂട്ടംകൂട്ടമായി നടന്നുകൊണ്ടിരുന്ന കാലഘട്ടംവരെയാണു് കഴിഞ്ഞ ലേഖനത്തിൽ പ്രതിപാദിച്ചതു്. ആ കാലഘട്ടത്തിൽ വീണ്ടും ഉഗ്രമായ ഒരു ഹിമപ്രവാഹം ആരംഭിച്ചു. ഭൂമിയുടെ ഹൃദയത്തിൽ വലിയ പിളർപ്പുകൾ പ്രത്യക്ഷപ്പെട്ടു. ആ ഹിമപ്രവാഹത്തിന്റെ തെളിവുകൾ യൂറോപ്പിൽ പലയിടത്തും ഇന്നും കാണാവുന്നതാണു്. ആ തണുപ്പിനോടു് എതിരിടാൻ വയ്യാതെവന്ന ജന്തുക്കളും ചില സമുദ്രജീവികൾപോലും അന്നു നാമാവശേഷമായി. എന്നാൽ തണുപ്പിന്റെ മുമ്പിൽ തല കുനിക്കേണ്ട ആവശ്യം ഇല്ലാത്തവിധം മനുഷ്യൻ അന്നുവളർന്നു കഴിഞ്ഞിരുന്നു. കരടിയെ കൊന്നു അതിന്റെ തോൽ എടുത്തു് പുതയ്ക്കാനും തീയുണ്ടാക്കാനും അവൻ പഠിച്ചു കഴിഞ്ഞിരുന്നു. സിനന്ത്രോപ്പസ് മനുഷ്യന്റെയും നിയാണ്ടർത്താൽ മനുഷ്യന്റെയും കാലത്തുതന്നെ തീയുടെ ഉപയോഗം മനസ്സിലാക്കി കഴിഞ്ഞിരുന്നു. അഗ്നിപർവ്വതങ്ങളുടെ പൊട്ടിത്തെറിക്കലിൽ നിന്നോ കാട്ടുമരങ്ങൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴുണ്ടാകുന്ന കാട്ടുതീയിൽനിന്നോ കല്ലുകൾ തമ്മിൽ കൂട്ടിമുട്ടിയാലുണ്ടാകുന്ന തീപ്പൊരിയിൽനിന്നോ ആയിരിക്കണം ആദ്യമായി തീ കണ്ടെത്തിയിട്ടുള്ളതു്. പിന്നീടു് ആവശ്യമുള്ളപ്പോഴൊക്കെ തീയുണ്ടാക്കാൻ സാധിക്കുമെന്നായി. തണുപ്പുകാലത്തു തീ ഒരു വലിയ അനുഗ്രഹവുമായി തീർന്നു.

ഏതായാലും ആ വലിയ ഹിമപ്രവാഹത്തിനുശേഷം കാട്ടിൽ പാർക്കേണ്ടതില്ലെന്നു മനുഷ്യൻ തീരുമാനിച്ചു. വേട്ടയാടി ജീവിക്കാൻ അവൻ പഠിച്ചുകഴിഞ്ഞിരുന്നതിനാൽ ഭക്ഷണസാധനങ്ങളുടെ കൂട്ടത്തിൽ മാംസത്തിനു ഏററവും വലിയ സ്ഥാനം ലഭിച്ചു. ആയുധങ്ങൾ പരിഷ്കരിക്കുന്നതിന്റെ തോതനുസരിച്ചു വേട്ടയ്ക്കുള്ള സൗകര്യങ്ങളും വർദ്ധിച്ചു. കാട്ടിനു തൊട്ടടുത്തുള്ള സമതലപ്രദേശങ്ങളിൽ മേഞ്ഞുനടക്കുന്ന മാൻ, കാട്ടുപോത്തു മുതലായ മൃഗങ്ങൾ ക്രമത്തിൽ മനുഷ്യന്റെ ഭക്ഷണസാമഗ്രിയായിത്തീർന്നു. മനുഷ്യർ കൂട്ടംകൂട്ടമായി മൃഗങ്ങളെ വേട്ടയാടാൻ നടന്നു. ഒരു മൃഗത്തെ കൊന്നാൽ അതിന്റെ ഇറച്ചിയിൽ ഒരുപങ്കു് കൊന്നെടുത്തുവച്ചുതന്നെ അവർ ഭക്ഷിക്കും. ശേഷിച്ച ഇറച്ചിയും എല്ലുകളുമെടുത്തു അവർ വാസസ്ഥലത്തേയ്ക്കു പോകുകയും ചെയ്യും. തീയുടെ ഉപയോഗം മനസ്സിലായതോടുകൂടി മൃഗങ്ങളെ പച്ചയോടു തിന്നുകയേക്കാൾ ഭേദം വേവിച്ചുതിന്നുകയാണെന്നു അവർ കണ്ടുപിടിച്ചു. കൊടുംകാററു്, വെള്ളപ്പൊക്കം, പേമഴ, തണുപ്പു മുതലായ പ്രകൃതികോപങ്ങളിൽനിന്നും രക്ഷനേടുവാൻവേണ്ടി മനുഷ്യർ ഗുഹകളിൽ പാർത്തുതുടങ്ങി. തണുപ്പുമാററാനും ഇരുട്ടുമാററാനും അവർ ഗുഹകൾക്കുള്ളിൽ തീയുപയോഗിച്ചു. ഗുഹാവാസിയായ മനുഷ്യന്റെ പ്രധാന ജീവിതമാർഗ്ഗം വേട്ടയായിരുന്നു. ശിക്കാരികളായ പ്രാചീനമനുഷ്യരുടെ വാസസ്ഥലങ്ങളിൽനിന്നു നാനാതരത്തിലുള്ള മൃഗങ്ങളുടെ എല്ലുകൾ കണ്ടുകിട്ടിയിട്ടുണ്ടു്. കൂട്ടംകൂട്ടമായിട്ടാണു് പ്രകൃതിയുടെ പ്രതികൂലശക്തികൾക്കെതിരായി അവർ യുദ്ധം നടത്തിയതു്. കൂട്ടംകൂട്ടമായി ആയുധങ്ങൾ ഉണ്ടാക്കുക, കൂട്ടംകൂട്ടമായി കത്തിച്ചുപിടിച്ച ചൂട്ടുകളോടുകൂടി വേട്ടയ്ക്കു പോകുക, കൂട്ടംകൂട്ടമായി ഭക്ഷിക്കുകയും ജീവിക്കുകയും ചെയ്യുക ഇതായിരുന്നു പതിവു്. സംഘബലമായിരുന്നു അന്നത്തെ മനുഷ്യന്റെ യഥാർത്ഥ ബലം. കല്ലുളികളും, മരംകൊണ്ടുള്ള ഗദകളും ആണു് അന്നത്തെ മനുഷ്യന്റെ ഉൽപാദനോപകരണങ്ങൾ. വേവിച്ചതോ വേവിക്കാത്തതോ ആയ മത്സ്യമാംസാദികളും ഫലമൂലാദികളുമാണു് ഭക്ഷണം. തണുപ്പിൽനിന്നു് രക്ഷപെടാൻ മൃഗത്തോലുകളും ഗുഹകളുമുണ്ടു്. സ്ത്രീപുരുഷന്മാർ ഇഷ്ടംപോലെ വികാരസംതൃപ്തിക്കായി മാത്രം നടത്തുന്ന പ്രാകൃതമായ ലൈംഗികബന്ധമാണന്നു് നിലവിലിരുന്നതു്. കൃഷിയോ വളർത്തുമൃഗങ്ങളോ മതമോ ഈശ്വരനോ സ്കൂളുകളോ പള്ളികളോ അമ്പലങ്ങളോ സാഹിത്യമോ സംസ്കാരമോ യാതൊന്നുംതന്നെ അന്നുണ്ടായിരുന്നില്ല. ആയിരമായിരം സംവത്സരങ്ങൾക്കുമുമ്പു് ജീവിച്ചിരുന്ന ആ ആദിമമനുഷ്യരുടെ ജീവിതരീതിയെ വലിയ യന്ത്രങ്ങളുടേയും തീവണ്ടിയുടേയും ആകാശവിമാനങ്ങളുടേയും റേഡിയോകളുടെയും ആററംബാംബുകളുടേയും സോഷ്യലിസ്റ്റ് ഭരണവ്യവസ്ഥകളുടേയും ജനാധിപത്യപ്രസ്ഥാനങ്ങളുടേയും സാർവ്വലൗകികബന്ധങ്ങളുടേയും ഈ അഭിനവയുഗത്തിൽ നിന്നുകൊണ്ടു് പിന്നോട്ടുനോക്കിക്കാണുന്നതു് രസകരവും വിജ്ഞാനപ്രദവും വിനോദപ്രദവുമാണു്. കല്ലിൻതുണ്ടങ്ങളും മററു പ്രാകൃതങ്ങളായ ആയുധങ്ങളും മാത്രം കൈവശമുണ്ടായിരുന്ന ആദിമമനുഷ്യൻ ജീവിതത്തിൽ വളരെയധികം വിഷമിച്ചിരിക്കുമെന്നുള്ളതു് നിശ്ചയമാണു്. മൃഗങ്ങളോ കായ്കനികളോ തരത്തിനുകിട്ടിയാൽ ഭക്ഷിക്കും. ഇല്ലെങ്കിൽ പട്ടിണിതന്നെ. ആഹാരസമ്പാദനമെന്ന ഏകലക്ഷ്യമല്ലാതെ മറെറാന്നിലും ആദിമമനുഷ്യന്റെ ശ്രദ്ധ ചെന്നെത്താനുള്ള സൗകര്യം ഇല്ലായിരുന്നു. കാട്ടുപോത്തു്, മാമത്തു് മുതലായ മൃഗങ്ങളെ വേട്ടയാടിയിരുന്ന ആദിമമനുഷ്യരുടെ വാസസ്ഥലങ്ങളിൽനിന്നു് പ്രധാനമായി രണ്ടുതരത്തിലുള്ള ശിലായുധങ്ങളാണു് കണ്ടുകിട്ടിയിട്ടുള്ളതു്. ഒന്നു് ചെറുതും മററതു് വലുതും. വലുതു് ത്രിഭുജാകൃതിയിലുള്ളതും ഇരുതലയും മൂർച്ചയുള്ളതുമാണു്. മററതു് ഒരുതലയ്ക്കുമാത്രം മൂർച്ചയുള്ളതും നേരിയതുമാണു്. വലിയ ആയുധങ്ങൾ മൃഗങ്ങളെ കൊല്ലാനും ചെറുതു് മററാവശ്യങ്ങൾക്കുമാണു് വിനിയോഗിച്ചുപോന്നതു്. ക്രമത്തിൽ മനുഷ്യൻ കുന്തം ഉപയോഗിക്കാൻ പഠിച്ചു. കുന്തത്തിന്റെ ആവിർഭാവത്തോടുകൂടി മൃഗങ്ങളെ കുറേക്കൂടി എളുപ്പത്തിൽ കൊല്ലാൻ സാധിച്ചു. ഒരുതല മൂർച്ചയുള്ള കല്ലോടുകൂടിയ കുന്തംകൊണ്ടു് കരടിയേയും മററും നിർഭയമായി നേരിടാമെന്നുള്ളമട്ടായി. മനുഷ്യനെ എതിർക്കാൻ കരടി വട്ടംകൂട്ടുമ്പോഴേയ്ക്കും മൂർച്ചയേറിയ കുന്തം അതിന്റെമേൽ പതിക്കും. പെട്ടെന്നു് ചുററിലുംനിന്നു് മനുഷ്യർ കൂട്ടംകൂട്ടമായി ചാടിവീണു് അതിന്റെ കഥകഴിക്കും. കാട്ടുകുതിര, കരടി മുതലായ ക്രൂരൻമൃഗങ്ങളെ വേട്ടയാടാൻ കൂടുതൽബുദ്ധിമുട്ടായിരുന്നു. കനമേറിയ കുന്തത്തിനുപകരം കനംകുറഞ്ഞ കുന്തമുണ്ടെങ്കിൽ മൃഗങ്ങളെ ദൂരത്തുനിന്നു് എറിഞ്ഞു് മുറിവേൽപിക്കാം. വടിയുടെ തലയ്ക്കൽ എല്ലുവച്ചു് ഘടിപ്പിച്ചുണ്ടാക്കിയ കുന്തങ്ങൾ ഈ ആവശ്യത്തിനുപകരിച്ചു. ആയുധങ്ങൾ പരിഷ്കരിക്കുംതോറും വേട്ടയാടൽ കൂടുതൽകൂടുതൽ എളുപ്പമുള്ളതായിത്തീർന്നു. ഒടുവിൽ വില്ലും അമ്പും ഉപയോഗത്തിൽ വന്നതോടുകൂടി മനുഷ്യന്റെ ശക്തി മുമ്പെങ്ങുമില്ലാത്തവിധം വർദ്ധിച്ചു. അപ്പോഴേയ്ക്കും മനുഷ്യന്റെ ജീവിതയാത്ര അനേകലക്ഷംകൊല്ലങ്ങളെ പിന്നിട്ടു് കഴിഞ്ഞിരുന്നു. കുന്തവും അമ്പും കാഴ്ചയിൽ സാദൃശ്യമുള്ളവയാണു്. എന്നാൽ അവയുടെ കണ്ടുപിടിത്തങ്ങൾക്കിടയിൽ ആയിരമായിരം സംവത്സരങ്ങളുടെ ദൂരം കിടപ്പുണ്ടെന്നു് ഓർത്തുകൊള്ളണം.

ഉപകരണങ്ങൾ മാറിയതോടെ മനുഷ്യന്റെ വാസസ്ഥലവും മാറി. എല്ലായ്പ്പോഴും ഗുഹയിൽ കഴിക്കുന്നതു് അസുഖകരമാണെന്നു് തോന്നി. ഗുഹയ്ക്കുള്ളിൽ ഒരു ഭാഗത്തു് തീ കത്തിക്കുക, മറെറാരുഭാഗത്തു കുട്ടികളെ കിടത്തുക, എപ്പോഴും പുകയിലും അന്ധകാരത്തിലും കഴിച്ചുകൂട്ടുക, മുതലായവ തൃപ്തികരമായ ജീവിതമായിരുന്നില്ല. അതിനാൽ മനുഷ്യൻ പർവ്വതപ്രദേശങ്ങളിൽ, തുറന്നസ്ഥലത്തു്, പ്രാകൃതമായ കുടിലുകൾകെട്ടി പാർക്കാൻ തുടങ്ങി. അങ്ങനെ അവൻ ഗുഹാവാസംവെടിഞ്ഞു കുടിൽവാസിയായിത്തീർന്നു. ഗുഹകളിൽനിന്നു് കുടിലുകളിലേക്കുള്ള താമസംമാററം മനുഷ്യന്റെ ചരിത്രത്തിലെ ഒരു സുപ്രധാനഘട്ടമാണു്. ഇതിനിടയ്ക്കു് പലതരം വീട്ടുസാമാനങ്ങളും അവനുണ്ടാക്കിക്കഴിഞ്ഞിരുന്നു. തണുപ്പിൽനിന്നു് രക്ഷപെടാൻവേണ്ടി മൃഗത്തോൽ ഉപയോഗിച്ചുവന്ന അവൻ വസ്ത്രമുണ്ടാക്കാനും ഉടുക്കാനും പഠിച്ചു. എന്നാൽ കൈത്തറിനെയ്ത്തു പ്രചാരത്തിൽവന്നതു് പിന്നേയും വളരെക്കാലം കഴിഞ്ഞതിനുശേഷമാണെന്നു് വിസ്മരിക്കരുതു്.

ശരീരത്തിനു് ചൂടുപിടിപ്പിച്ചു് തണുപ്പിൽനിന്നു് രക്ഷനേടുക, വന്യമൃഗങ്ങളെ ആട്ടിപ്പായിക്കുക, കാടുവെട്ടി ചുടുക, മാംസം ചുട്ടെടുക്കുക മുതലായവയെല്ലാമായിരുന്നു ആദ്യകാലത്തു തീയുടെ ഉപയോഗങ്ങൾ. കാലക്രമത്തിൽ മനുഷ്യൻ തീയുടെ സഹായത്തോടെ പ്രകൃതിവസ്തുക്കളെ രൂപപ്പെടുത്തി ഉപയോഗിക്കാൻ പഠിച്ചു. അവൻ പാത്രങ്ങളുണ്ടാക്കി. ആദ്യമൊക്കെ ഉണ്ടാക്കിയതു് മരംകൊണ്ടുള്ള പാത്രങ്ങളായിരുന്നു. തീ തട്ടുമ്പോൾ കത്തിപ്പോകാതിരിക്കാൻ അവയുടെ പുറത്തു മണ്ണുപൂശും. ക്രമത്തിൽ മരത്തിന്റെ സഹായമില്ലാതെ തന്നെ മണ്ണുകൊണ്ടുള്ള പാത്രങ്ങളുണ്ടാക്കി ഉപയോഗിക്കാമെന്നു് അവർ മനസ്സിലാക്കി. പ്രാകൃതമനുഷ്യർ ഉപയോഗിച്ചിരുന്ന മൺപാത്രങ്ങൾ പലേടത്തുനിന്നും ഭൂതത്വഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ടു്. ചിലപ്പോൾ അവയുടെ പുറത്തു പലതരത്തിലുള്ള ചിത്രപ്പണികളുള്ളതായിക്കാണാം. കാടന്മാരുടെ കൈവിരുതിനു സാക്ഷ്യം വഹിക്കുന്ന ആ പ്രാചീന രംഗങ്ങളായ ചിത്രങ്ങളിൽ ദൈവത്തിന്റേയോ മതത്തിന്റേയോ യാതൊരു സൂചനയുമില്ല. മൃഗങ്ങളെപ്പററിയും വേട്ടയാടലിനെപ്പററിയുമുള്ള ചിത്രങ്ങളാണു് അവർ വരച്ചിരുന്നതു്. ഫ്രാൻസിലൊരിടത്തുനിന്നുകിട്ടിയ മൺപാത്രങ്ങളിന്മേൽ ചില ചെടികളുടെ ചിത്രം കാണുകയുണ്ടായി. ആ മൺപാത്രങ്ങളുപയോഗിച്ചിരുന്ന പൂർവ്വനിവാസികൾ ചെടികൾ നട്ടുപിടിപ്പിക്കാൻ വശമാക്കികഴിഞ്ഞിരുന്നുവെന്നു് ഇതിൽനിന്നുമൂഹിക്കാം. കൂടുതൽ ഗവേഷണം നടത്തിയതിന്റെ ഫലമായി അതേ സ്ഥലത്തുനിന്നുതന്നെ കല്ലുകൊണ്ടുള്ള ഒരുതരം കാർഷികായുധവും കിട്ടുകയുണ്ടായി. അപ്പോൾ അഭിനവശിലായുഗത്തിലെ ശിക്കാരികളും മീൻപിടിത്തക്കാരും കൃഷിപ്രവൃത്തി ശീലിച്ചിരുന്നുവെന്നു് തീർച്ചയാക്കാം.

പുരുഷന്മാർ കൂട്ടംകൂട്ടമായി വേട്ടയ്ക്കുപോകുമ്പോൾ സ്ത്രീകൾ പാർപ്പിടങ്ങളിൽത്തന്നെ കഴിച്ചുകൂട്ടുകയും വീടു് വെടിപ്പാക്കുക, ഫലമൂലങ്ങൾ ശേഖരിക്കുക, ഭക്ഷണമൊരുക്കുക, മുതലായ പണികളിലേർപ്പെടുകയും ചെയ്യുമായിരുന്നു. സ്ത്രീകൾ പാർപ്പിടത്തിൽനിന്നു പുറത്തുപോയി ശേഖരിച്ചുകൊണ്ടുവന്ന വസ്തുക്കളുടെ കൂട്ടത്തിൽ ചില ചെടികളുടെ വിത്തുമടങ്ങിയിരുന്നു. വിത്തുകൾ മണ്ണിൽവീണു മുളച്ചുതുകണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടു. വിത്തുപാകി ചെടികൾ വളർത്താമെന്നു് അവർ കണ്ടുപിടിച്ചു. എന്നാൽ ഏതോ ദിവ്യശക്തിയുടെ അനുഗ്രഹഫലമായിട്ടാണു് ചെടിയുണ്ടായി കായ്ക്കുന്നതെന്നായിരുന്നു അവരുടെ വിശ്വാസം. മനുഷ്യൻ ചെറിയ സംഘങ്ങളായി മലംപ്രദേശങ്ങളിൽ പാർത്തിരുന്ന കാലത്താണു് ചെടികൾ നട്ടുവളർത്താൻ ആദ്യംതുടങ്ങിയതെന്നും അതിൽപിന്നീടാണു് അവരുടെ പിന്തുടർച്ചക്കാർ നൈൽ, യൂഫ്രട്ടീസ്, സിന്ധു എന്നീ മഹാനദികളുടെ തീരങ്ങളിലേക്കിറങ്ങിവന്നതെന്നുമാണു് പ്രൊഫസ്സർ ഹാൾഡേൻ പ്രസ്താവിക്കുന്നതു്. കല്ലിൻകഷണങ്ങളും മരക്കൊമ്പുകളുംകൊണ്ടുള്ള കൃഷി വളരെ മോശമായിരുന്നു. ലോഹങ്ങളുടെ കണ്ടുപിടുത്തമാണു് കൃഷിയിൽ അഭിവൃദ്ധി ഉണ്ടാക്കിത്തീർത്തതു്.

ആയുധങ്ങൾ നിർമ്മിക്കാനാവശ്യമായ കല്ലുകൾ ആദ്യമൊക്കെ ഭൂമിയിൽനിന്നു് പെറുക്കിയെടുക്കുകയായിരുന്നു. വേണ്ടത്ര കല്ലുകിട്ടാതായപ്പോൾ ഭൂമിയിൽനിന്നു് കുഴിച്ചെടുക്കേണ്ടിവന്നു. കല്ലിന്റെ ക്ഷാമം പരിഹരിക്കാൻവേണ്ടിയോ, അല്ലെങ്കിൽ കൂടുതൽ ഫലപ്രദമായ വല്ല ആയുധങ്ങൾ സമ്പാദിക്കാൻവേണ്ടിയോ പരിശ്രമിക്കുന്നതിനിടയ്ക്കായിരിക്കണം ചെമ്പു കണ്ടെത്തിയതു്. ചെമ്പു് അടിച്ചുപരത്തി ആവശ്യമുള്ള ഉപകരണങ്ങൾ നിർമ്മിക്കാമെന്നു് മനുഷ്യൻ മനസ്സിലാക്കി. ഉരുക്കിയ ചെമ്പിന്റെ ഭംഗിയിൽ പ്രാകൃതമനുഷ്യൻ ആനന്ദനൃത്തം ചെയ്തിരിക്കണം. ലോഹംകൊണ്ടു പലതരത്തിലുമുള്ള ആയുധോപകരണങ്ങൾ ഉണ്ടാക്കാമെന്നവർ കണ്ടുപിടിച്ചു. ഉല്പാദനോപകരണങ്ങളിലുണ്ടായ ഈ പരിഷ്കരണം മനുഷ്യന്റെ ജീവിതരീതിയേയും പരിഷ്കരിച്ചു. കൃഷി അഭിവൃദ്ധിപ്പെട്ടു. ഒടുവിൽ ഇരുമ്പു് കയ്യിൽ കിട്ടിയതോടെ മനുഷ്യൻ പൂർവ്വാധികം ശക്തനായിത്തീർന്നു.

സ്ത്രീകൾ പാർപ്പിടത്തിലിരുന്നുകൊണ്ടു് സസ്യങ്ങൾ നട്ടുവളർത്തും. പുരുഷന്മാർ പകൽ മുഴുവൻ വേട്ടയാടി മൃഗങ്ങളെ പിടിച്ചുകൊണ്ടുവരും. എന്നിട്ടു് എല്ലാവരുംകൂടിയിരുന്നു് ആഹാരംകഴിക്കും. വേട്ടയ്ക്കിടയിൽ ചിലപ്പോൾ ചില മൃഗങ്ങളെകൊല്ലാതെ പിടിക്കാൻ കഴിഞ്ഞു എന്നുവരും. അങ്ങിനെ ലഭിക്കുന്ന മൃഗങ്ങളെ തീററിപ്പോററിവളർത്തിയാൽ വേട്ട പരാജയപ്പെടുന്ന ദിവസങ്ങളിൽ കൊന്നുതിന്നാവുന്നതാണു്. അപ്പോൾ മൃഗങ്ങളെ പോററിവളർത്തുകയെന്നുവച്ചാൽ ഭാവിയിലേക്കു് കൂടുതൽ മാംസം സുരക്ഷിതമായി ശേഖരിച്ചുവയ്ക്കുകയെന്നതാണർത്ഥം. ആദ്യകാലത്തൊക്കെ ഉപകരണങ്ങൾ കേവലം പ്രാകൃതമായിരുന്നതുകൊണ്ടു് അപ്പപ്പോൾ വിശപ്പടക്കാൻ ആവശ്യമായതിലധികം മൃഗങ്ങളെ കിട്ടുക വിഷമമായിരുന്നു. വില്ലും അമ്പും ഉപയോഗത്തിൽ വന്നതു മുതൽ ഈ സ്ഥിതിക്കു് മാററംവന്നു. ആ ചരിത്രാതീതകാലത്തു് വില്ലിന്റേയും അമ്പിന്റേയും കണ്ടുപിടുത്തം ആധുനികയുഗത്തിലെ വ്യവസായവിപ്ലവംപോലെ പ്രാധാന്യമേറിയ ഒരു സംഭവമായിരുന്നു. നിലവിലുള്ള ഉല്പാദനരീതിയിൽ വില്ലും അമ്പും വമ്പിച്ച പുരോഗതിയുളവാക്കി. കൂടുതലെളുപ്പത്തിൽ മൃഗങ്ങളെ വേട്ടയാടി പിടിക്കാമെന്നായി. അന്നന്നുകൊന്നുതിന്നു ജീവിക്കുന്നതിനുപകരം മൃഗങ്ങളെ കൊല്ലാതെ പിടിച്ചു പോററിവളർത്താമെന്നായി. വല്ലകാരണവശാലും കാട്ടിൽനിന്നു് മൃഗങ്ങളെകിട്ടാനൊക്കാത്ത ദിവസങ്ങളിൽ വളർത്തുമൃഗങ്ങളെക്കൊന്നുതിന്നാനുള്ള വഴിയായി. അതുകൊണ്ടു് വളർത്തുമൃഗങ്ങളുടെ എണ്ണം വർദ്ധിക്കാൻതുടങ്ങി. ക്രമേണ പാലിന്റെ ഉപയോഗം മനസ്സിലായി. ഭാരം ചുമക്കാനും കൃഷിചെയ്യാനും വളർത്തു മൃഗങ്ങളെ വിനിയോഗിക്കാമെന്നും മനുഷ്യർ മനസ്സിലാക്കി. അങ്ങനെ ക്രമത്തിൽ മനുഷ്യന്റെ ജീവിതരീതിക്കു് മാററംസംഭവിച്ചു. മൃഗങ്ങളെ വേട്ടയാടുന്നതിനുപകരം പോററിവളർത്തുകയാണു് നല്ലതെന്നനുഭവപ്പെട്ടു. അതോടുകൂടി ആടു്, പശു മുതലായ മൃഗങ്ങളെ കൂട്ടംകൂട്ടമായി ഇണക്കിമേയ്ക്കുകയായിത്തീർന്നു മനുഷ്യന്റെ പ്രധാന ജീവിതമാർഗ്ഗം.

മൃഗങ്ങളെ മേയ്ക്കാൻവേണ്ടി ചിലേടങ്ങളിൽ കാടുവെട്ടിത്തെളിച്ചു് മേച്ചിൽസ്ഥലങ്ങളുണ്ടാക്കി. നല്ല മേച്ചിൽസ്ഥലങ്ങളന്വേഷിച്ചു് അവൻ ചിലപ്പോൾ ഒരിടത്തുനിന്നു് മറെറാരിടത്തേയ്ക്കു് മാറിപ്പോകും. അങ്ങിനെ അനേകായിരം കൊല്ലങ്ങളുടെ വളർച്ചയ്ക്കുശേഷം അവൻ മൃഗങ്ങളെ മേയ്ക്കാനും കൃഷിചെയ്യാനുംപററിയ നദീതീരപ്രദേശങ്ങളിൽ സ്ഥിരവാസമുറപ്പിച്ചു.

ജീവിതോപകരണങ്ങൾ കേവലം പ്രാകൃതമായിരുന്ന ആ കാലത്തു് കൂട്ടായ ജീവിതമുണ്ടായിരുന്നില്ലെങ്കിൽ മനുഷ്യനു് ജീവസന്ധാരണംതന്നെ അസാദ്ധ്യമാകുമായിരുന്നു. നീതിബോധമോ മതമോ അല്ല അന്നു് കൂട്ടായജീവിതത്തിനു് മനുഷ്യരെ പ്രേരിപ്പിച്ചതു്. നേരെമറിച്ചു് ജീവിതോപകരണങ്ങൾക്കുള്ള ഉല്പാദനവ്യവസ്ഥയിൽനിന്നാണു് ഈ കൂട്ടായ ജീവിതം സംജാതമായതു്. പ്രാകൃതമായ ഈ ജീവസന്ധാരണക്രമങ്ങളുടെ ഫലമായുണ്ടായ ഒരാത്മീയബോധം ആദിമമനുഷ്യനെ ഒരേയൂഥത്തിൽ കൂട്ടിയിണക്കി. കുട്ടികൾ അമ്മയച്ഛന്മാരോടൊന്നിച്ചു നടക്കും. മക്കളും മക്കളുടെ മക്കളും സഹോദരീസഹോദരന്മാരുമെല്ലാം ഒന്നിച്ചു താമസിക്കും. ജീവിതായോധനത്തിൽ വേണ്ടുവോളം പരിചയം സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ള പ്രായംചെന്ന കാരണവന്മാർ ചെറുപ്പക്കാർക്കു് ആയുധങ്ങളുണ്ടാക്കേണ്ടവിധത്തെപ്പററിയും വേട്ടയാടേണ്ട രീതിയെപ്പററിയും പഠിപ്പിച്ചുകൊടുക്കും. അതുകൊണ്ടു് ജീവിക്കണമെങ്കിൽ പ്രായംചെന്ന കാരണവന്മാരുടെ ഉപദേശങ്ങൾ അനുസരിക്കണമെന്നൊരു വിശ്വാസം പൊതുവെ ഉണ്ടായി. ഈ ഉപദേശം തെററി നടക്കുന്നവർക്കു് ആപത്തുവരാനിടയുണ്ടു്. അതിനാൽ പൂർവ്വപുരുഷനെ ബഹുമാനിക്കുകയും പൂജിക്കുകയുംചെയ്യുകയെന്നതു് ആദിമമനുഷ്യരുടെയിടയിൽ സർവ്വസാധാരണമായ ഒരു നിയമമായിത്തീർന്നു. മതചിന്തകളിലും തത്വശാസ്ത്രഗവേഷണങ്ങളിലും ഏർപ്പെടാൻ ആദിമമനുഷ്യർക്കു് സാദ്ധ്യമായിരുന്നില്ല. വിശപ്പടക്കാൻവേണ്ടി അഹോരാത്രം അദ്ധ്വാനിച്ചുകൊണ്ടിരുന്ന അവർക്കു തത്വശാസ്ത്രചിന്തകളിൽ വ്യാപൃതരാവാൻ സമയം ലഭിച്ചിരുന്നില്ല. വാസ്തവത്തിൽ മനുഷ്യന്റെ ജീവിതരീതിയാണു പരിതഃസ്ഥിതികളുടെ നശീകരണസ്വഭാവങ്ങളിൽനിന്നു് സ്വയം രക്ഷനേടാൻവേണ്ടിയുള്ള സാമ്പത്തിക ജീവിതസമരങ്ങളാണു്, അവന്റെ ചിന്തകളുടെ സ്വഭാവത്തെ നിർണ്ണയിച്ചിട്ടുള്ളതു്. പ്രാകൃതമനുഷ്യന്റെ ചിന്തകളിൽ ഈശ്വരന്നിടമുണ്ടായില്ല. സർവ്വജ്ഞനായ ദൈവത്തെപ്പററിയല്ലാ ഭക്ഷണത്തിനാവശ്യമായ മൃഗങ്ങളെപ്പററിയാണു് അവൻ എപ്പോഴും ചിന്തിച്ചിരുന്നതു്. പ്രകൃതിനിയമങ്ങളെപ്പററി അവനു യാതൊരറിവും ഇല്ലായിരുന്നു. വേട്ടയും മ



വാറൻ ആർ. ആസ്റ്റിൻ—ഐക്യരാഷ്ട്രസമിതിയിലെ (യു എൻ. ഒ.) അമേരിക്കൻപ്രതിനിധി. രക്ഷാസമിതിയിലും ഇദ്ദേഹം അമേരിക്കയുടെ പ്രതിനിധിയാണ്. 1877 നവംബർ 12-ാംനു ഇദ്ദേഹം വെർമണ്ട് എന്ന സ്ഥലത്തു ജനിച്ചു. വെർമണ്ടിൽനിന്നു സെനററ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം വെർമണ്ട്, കൊളമ്പിയ എന്നീ സർവ്വകലാശാലകളിലെ ബിരുദങ്ങൾ സമ്പാദിച്ചിട്ടുണ്ട്.

റം പഠിപ്പിക്കുന്ന പൂർവ്വപുരുഷന്മാരെയും മാമത്ത്, കാട്ടുപോത്ത്, മുതലായ മൃഗങ്ങളെയും മനുഷ്യർ ആരാധിച്ചിരുന്നു. മൃഗങ്ങളുടെ ദയകൊണ്ടാണു തങ്ങൾക്കു ഭക്ഷണം കിട്ടുന്നതെന്നായിരുന്നു അവരുടെ വിശ്വാസം. അവർ അവരുടെ സ്വന്തം ഭാഷയിൽ മൃഗങ്ങളോടു സംസാരിക്കുകയും കൊല്ലുന്നതിനുമുമ്പ് അവയോടു മാപ്പുചോദിക്കുകയും പതിവായിരുന്നു. കരടിയോ പാമ്പോ മനുഷ്യനെ ആക്രമിക്കുകയോ കൊല്ലുകയോ ചെയ്താൽ അവന്റെ കൂട്ടുകാരെങ്കിലും അതിനെ ഉപദ്രവിച്ചിട്ടുണ്ടാകുമെന്നും അതിനു പകരംവീട്ടുകയാണു ചെയ്യുന്നതെന്നും അവൻ വിചാരിക്കും. തന്നേയും തന്റെ കൂട്ടുകാരേയും ഉപദ്രവിക്കരുതേ എന്ന് പാമ്പിനോടും കരടിയോടും അവൻ പ്രാർത്ഥിക്കും. ആ പ്രാർത്ഥനയാണ് നാഗപൂജയുടെയും കരടിപൂജയുടെയുംമററും അടിസ്ഥാനം. കൃഷിചെയ്യാൻ തുടങ്ങിയതോടുകൂടി മനുഷ്യൻ ഭൂമിയേയും വരുണനേയും സൂര്യനേയും പൂജിക്കാൻ തുടങ്ങി. ഏററക്കുറച്ചിൽ കൂടാതെ മഴയും വെയിലും കിട്ടുന്നതിനു ഈ ദൈവങ്ങളുടെ സഹായം കൂടിയേ കഴിയൂ. ദേവന്മാരുടെ ശക്തികൊണ്ട് മാത്രമാണു തനിക്കും തന്റെ കൂട്ടുകാർക്കും ജീവിച്ചിരിക്കാൻ കഴിയുന്നതെന്നായിരുന്നു അവന്റെ ധാരണ. എന്നാൽ ഉല്പാദനശക്തികളുടെ പരിഷ്കാരത്തോടൊപ്പം ഈ എണ്ണമററ ദൈവങ്ങൾക്കും പരിഷ്കാരങ്ങളുണ്ടായി. ദൈവങ്ങളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരികയും ഒടുവിൽ ആയിരക്കണക്കിലുള്ള കൊല്ലങ്ങൾക്കുശേഷം മനുഷ്യൻ ഏക ദൈവവിശ്വാസത്തിലെത്തിച്ചേരുകയും ചെയ്തു. നിയന്ത്രിക്കാനാവാത്ത പ്രകൃതികോപങ്ങളും പഞ്ചഭൂതങ്ങളുടെ പ്രവർത്തനവും ആദിമമനുഷ്യനെ അമ്പരിപ്പിക്കുകയും പേടിപ്പെടുത്തുകയും ചെയ്തിരുന്നു. അതുകൊണ്ടാണവൻ പ്രകൃതിശക്തികളെ പൂജിക്കാനൊരുങ്ങിയതു്. ചുററുപാടുകളെപ്പററി അവനൊന്നുമറിഞ്ഞുകൂടായിരുന്നു. സ്വന്തം ജീവിതംതന്നേയും അവനു ദുർഗ്രാഹ്യമായിരുന്നു. ജീവനുള്ള വസ്തുവും ജീവനില്ലാത്ത വസ്തുവും തമ്മിലുള്ള വ്യത്യാസമെന്താണ്? ഉണർന്നിരിക്കലും, ഉറക്കവും, മയക്കവും, മരണവും ഇതിന്റെയൊക്കെ അർത്ഥമെന്താണ്? സ്വപ്നങ്ങൾ, ചിലപ്പോൾ വലുതായും ചിലപ്പോൾ ചെറുതായും കാണുന്ന നിഴലുകൾ, വെള്ളത്തിൽ നോക്കുമ്പോൾ കാണുന്ന പ്രതിബിംബം, എന്നിവകളെ സംബന്ധിച്ച് ശാസ്ത്രീയമായ മറുപടി അക്കാലത്ത് അസാദ്ധ്യമായിരുന്നു. അതുകൊണ്ടു ഓരോ മനുഷ്യനും ഒരു ജീവനും ഒരു പ്രതിരൂപവും ഇങ്ങനെ രണ്ടു രൂപങ്ങളുണ്ടെന്ന് അവൻ വിശ്വസിക്കാൻ തുടങ്ങി. ചിന്തിക്കാനും വിശ്വസിക്കാനും കഴിവുണ്ടാക്കുന്ന ശക്തി ജീവൻ, അതിന്റെ പ്രതിരൂപം പ്രേതം. രണ്ടിനേയും ശരീരത്തിൽനിന്നു വേർതിരിക്കാം. ജീവൻ ശരീരമുപേക്ഷിച്ചു വല്ലടത്തും പോയാൽ പിന്നെ ചിന്തിക്കാനും വിശ്വസിക്കാനും പ്രവർത്തിക്കാനും സാദ്ധ്യമല്ല—മനുഷ്യർ മരിക്കുന്നു. എന്നാൽ അതിനുശേഷവും ശരീരത്തിൽനിന്ന് വ്യത്യസ്തമായി പ്രേതം നിലനില്ക്കുന്നു. പ്രേതത്തെ തൃപ്തിപ്പെടുത്തണം, ഇല്ലെങ്കിലതു് ജീവിച്ചിരിക്കുന്നവരെ ഉപദ്രവിച്ചേക്കും. ഇത്തരം അന്ധവിശ്വാസങ്ങൾ ഇന്നും പലേടങ്ങളിലും നിലനില്ക്കുന്നുണ്ടെന്നു കാണാം.

എഴുതപ്പെടാതെ കിടക്കുന്ന മനുഷ്യചരിത്രത്തിന്റെ ഇരുൾപ്പരപ്പിലേക്ക് വെളിച്ചം വീശിയ പല ഭൂഗർഭശാസ്ത്രജ്ഞന്മാരും പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇവരിൽ ലൂയി. എച്ച്. മോർഗൻ എന്ന അമേരിക്കൻ ശാസ്ത്രജ്ഞന്റെ ഗവേഷണങ്ങൾക്കു സമുന്നതസ്ഥാനമാണ് കല്പിക്കപ്പെട്ടിരിക്കുന്നതു്. "തന്റെ വിദഗ്ദ്ധവിജ്ഞാനംമൂലം മനുഷ്യസമുദായത്തിന്റെ ചരിത്രാതീതകാലത്തിൽ സുനിശ്ചിതമായ ഒരു വ്യവസ്ഥ ഏർപ്പെടുത്താൻ ശ്രമിച്ച ആദ്യത്തെ ആൾ മോർഗനാണ്" എന്നാണു ഏംഗൽസ് പ്രസ്താവിച്ചിട്ടുള്ളതു്. അമേരിക്കയിലെ റെഡ് ഇൻഡ്യൻ മുതലായ ആദിമനിവാസികളുടെയിടയിൽ വളരെക്കാലം ജീവിക്കുകയും അവരുടെ ജീവിതരീതികളും സ്വഭാവവിശേഷങ്ങളും മററും നേരിട്ടു കണ്ടു പഠിക്കുകയും ചെയ്തതിനുശേഷം മോർഗൻ പ്രസിദ്ധപ്പെടുത്തിയ പ്രാചീനസമുദായം എന്ന ഗ്രന്ഥം പ്രാചീനമനുഷ്യചരിത്രത്തിലെ ഏററവും വിജ്ഞാനപ്രദമായ ഒരദ്ധ്യായമാണ്. മോർഗൻ മനുഷ്യചരിത്രത്തെ മൂന്നു ഘട്ടങ്ങളായി തരംതിരിക്കുന്നു. (൧) കാടന്മാരുടെ കാലം (Savagery) (൨) അപരിഷ്കൃതരുടെ കാലം (Barbarism) (൩) സംസ്കാരകാലം (Civilization.)

കാടന്മാരുടെ കാലം മനുഷ്യസമുദായത്തിന്റെ ശൈശവദശയാണ്. ഇക്കാലത്തു മനുഷ്യന്റെ ഭക്ഷണം പ്രധാനമായും പ്രകൃതിയിൽനിന്നു കിട്ടുന്ന വിഭവങ്ങളാണ്. കല്ലുകൊണ്ടുള്ള ഉപകരണങ്ങളും തീയ്യുമുപയോഗിച്ചു വേട്ടയാടാൻ പഠിക്കുന്നതിക്കാലത്താണ്. കാടന്മാരുടെ യുഗത്തിന്റെ അവസാനത്തിൽ വില്ലും അമ്പും കണ്ടുപിടിച്ചതോടുകൂടി ഉല്പാദനശക്തി പൂർവ്വാധികം വർദ്ധിക്കുന്നു. അതോടുകൂടി മനുഷ്യൻ അപരിഷ്കൃതയുഗത്തിലേക്കു കടക്കുന്നു. അപരിഷ്കൃതയുഗത്തിലെ മുഖ്യമായ ഉപജീവനമാർഗ്ഗം മൃഗങ്ങളെ പോററി വളർത്തലും കൃഷിയുമാണ്. ഈ യുഗത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ പാത്രങ്ങളുപയോഗിക്കാൻ പഠിക്കുന്നു. പാലും മാംസവും മനുഷ്യരുടെ കായികശക്തിയേയും ബുദ്ധിശക്തിയേയും വർദ്ധിപ്പിക്കുന്നു. പലതരത്തിലുള്ള ലോഹങ്ങളുപയോഗിക്കാൻ അവർ പഠിച്ചതു് ഇക്കാലത്താണ്. അപരിഷ്കൃതകാലത്തിന്റെ അവസാനഘട്ടത്തിൽ ഇരുമ്പുരുക്കി പണിയായുധങ്ങളുണ്ടാക്കാൻ തുടങ്ങുന്നു. മൃഗങ്ങളാൽ വലിക്കപ്പെടുന്ന ഇരുമ്പുകലപ്പ കൃഷിയിൽനിന്നുള്ള വിഭവങ്ങളെ സുലഭവും സുലഭ്യവുമാക്കിത്തീർക്കുന്നു. പ്രകൃതിവിഭവങ്ങളെ കൂടുതൽ പരിഷ്കരിച്ച രീതിയിൽ ഉപയോഗിക്കുവാനും ജീവിതത്തിലെ വിഷമതകളെ കുറയ്ക്കാൻ കഴിയത്തക്കവണ്ണം പലതരത്തിലുള്ള വണ്ടികൾ, രഥങ്ങൾ, എണ്ണ, ലോഹപ്പാത്രങ്ങൾ മുതലായവ ഉണ്ടാക്കാനും, മനുഷ്യർ പഠിക്കുകയായി. ഈ ഘട്ടത്തിന്റെ അവസാനത്തിൽ അക്ഷരമാല ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടി മനുഷ്യർ സംസ്കാരയുഗത്തിലേക്കു പ്രവേശിക്കുന്നു. അതിനുശേഷം ഇന്നുവരെയുള്ള കാലം സംസ്കാരത്തിന്റെ യുഗമാണ്. ഉല്പാദനോപകരണങ്ങളുടെ പരിഷ്കരണഫലമായുണ്ടായ ഈ മൂന്നുകാലഘട്ടങ്ങളിലും വ്യത്യസ്ത രീതിയിലുള്ള സാമൂഹ്യജീവിതമാണ് മനുഷ്യർ നയിച്ചതെന്ന് സംശയത്തിനിടയില്ലാത്തവിധം മോർഗൻ വ്യക്തമാക്കുന്നുണ്ട്. മോർഗന്റെ ഗവേഷണങ്ങളുടെ ഏററവും പ്രധാനമായ ഭാഗം കുടുംബത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളാണ്. കുടുംബമെന്നതു് പരിവർത്തനമില്ലാത്ത, ശാശ്വതമായ ഒരു സ്ഥാപനമല്ലെന്നും, മററെല്ലാററിനുമെന്നപോലെ അതിനും ഒരു ചരിത്രമുണ്ടെന്നും, കുടുംബം സമുദായത്തിന്റെ അടിക്കല്ല് അല്ലെന്നും, നേരേമറിച്ച് സമുദായത്തിന്റെ വികാസത്തിലെ ഒരു സവിശേഷഘട്ടത്തിലാവിർഭവിച്ച സ്ഥാപനംമാത്രമാണെന്നും, സമുദായത്തിന്റെ വികാസത്തിലെ ഓരോഘട്ടവും കുടുംബവ്യവസ്ഥയിലും മാററങ്ങളുണ്ടാക്കിയിട്ടുണ്ടെന്നും, അനേകം ഉദാഹരണങ്ങളുദ്ധരിച്ചുകൊണ്ടു് മോർഗൻ തെളിയിക്കുന്നു.

മനുഷ്യജീവിതത്തിന്റെ ആരംഭദശയിൽ, അതായതു് മനുഷ്യൻ മൃഗങ്ങളിൽനിന്ന് വളരെയൊന്നും വളർന്നുകഴിഞ്ഞിട്ടില്ലാത്ത ആ അതിപ്രാചീനകാലത്തു് അനിയന്ത്രിതമായ ലൈംഗികജീവിതമാണ് നയിക്കപ്പെട്ടിരുന്നതു്. സ്ത്രീയും പുരുഷനും ഇഷ്ടംപോലെ ഇഷ്ടമുള്ളവരുമായി ലൈംഗികസംയോഗം നടത്തിയിരുന്നു. സഹോദരീസഹോദരന്മാരെന്നോ മാതാപിതാക്കന്മാരെന്നോ ഉള്ള വ്യത്യാസം മനസ്സിലാകത്തക്കവണ്ണം അവർക്ക് സംസ്കാരം സിദ്ധിച്ചിരുന്നില്ല. മനുഷ്യരുടെ വികാരപ്രകടനങ്ങളെ തടഞ്ഞുനിർത്താനുതകുന്ന ധാർമ്മികചിന്തകളില്ല, സദാചാരശാസനകളില്ല, രക്തബന്ധത്തെക്കുറിച്ചുള്ള ഭയപ്പാടില്ല; എന്നാൽ മനുഷ്യസമുദായത്തിന്റെ വികാസത്തോടൊപ്പം ലൈംഗികജീവിതത്തിലും മാററങ്ങളുണ്ടായിവന്നു. കാടത്തത്തിന്റെ ആദ്യഘട്ടം കഴിയുമ്പോഴേക്കും കൂട്ടവിവാഹം അല്ലെങ്കിൽ യൂഥവിവാഹം എന്ന പേരിലറിയപ്പെടുന്ന ഒരുതരം ലൈംഗികബന്ധം നടപ്പിൽവന്നു. ആദ്യം മാതാപിതാക്കന്മാരും മക്കളുംതമ്മിലും പിന്നീടു് സഹോദരീസഹോദരന്മാർതമ്മിലുമുള്ള ലൈംഗികബന്ധം നിഷിദ്ധമായിത്തീർന്നു. അതിൽ പിന്നീടാണ് യൂഥവിവാഹവ്യവസ്ഥ അതിന്റെ എല്ലാ ധാടിയോടുംകൂടി വികസിക്കാൻ തുടങ്ങിയതു്. ഈ സമ്പ്രദായത്തിൻകീഴിൽ സ്ത്രീപുരുഷന്മാർക്ക് പൊതുവിലുള്ള ഭർത്താക്കന്മാരും പൊതുവിലുള്ള ഭാര്യമാരുമാണുണ്ടായിരുന്നതു. ഒരു യൂഥത്തിലുള്ള എല്ലാ പുരുഷന്മാർക്കും മറെറാരു യൂഥത്തിലുള്ള എല്ലാ സ്ത്രീകളുമായും ലൈംഗികബന്ധം പുലർത്താം. പക്ഷെ യൂഥത്തിനുള്ളിൽ പരസ്പരമുള്ള ലൈംഗികബന്ധം നിഷിദ്ധമാണ്. ഒരമ്മയ്ക്ക് പത്തു പെൺമക്കളുണ്ടെങ്കിൽ ആ പത്തുപേർക്കും പൊതുവിലുള്ള ഭർത്താക്കന്മാരായിരിക്കുമുണ്ടായിരിക്കുക. അതുകൊണ്ട് ഇത്തരം വിവാഹജീവിതത്തിൽനിന്നുണ്ടാകുന്ന കുട്ടികളെ പൊതുവിലുള്ള സന്താനങ്ങളായിട്ടേ കണക്കാക്കാൻ കഴിയൂ. ഒരു കുട്ടിക്ക് തന്റെ ശരിയായ അച്ഛനാരെന്നു വേർതിരിച്ചുപറയാൻ സാദ്ധ്യമല്ല. അതുകൊണ്ടു് അവൻ എല്ലാ പുരുഷന്മാരേയും അച്ഛാ എന്നുവിളിക്കുന്നു. അച്ഛനെ അറിയാൻ പാടില്ലെങ്കിലും അമ്മയെ അറിയാൻ കഴിയുന്നതാണ്. അതിനാൽ യൂഥവിവാഹസമ്പ്രദായത്തിൽ പിന്തുടർച്ച കണക്കാക്കുന്നതു് ഏതു സ്ത്രീയുടെ മകനാണെന്നു നോക്കിയിട്ടാണ്. സ്ത്രീവഴിക്കുള്ള പിന്തുടർച്ചാവകാശവും തറവാട്ടിലെ മാതാവിനുള്ള മേധാവിത്വവും ക്രമത്തിൽ ആവിർഭവിക്കാൻ ഇതു് കാരണമാക്കി. കാലക്രമത്തിൽ യൂഥവിവാഹസമ്പ്രദായത്തിലും മാററങ്ങളുണ്ടായി. ഒരു യൂഥത്തിലുള്ള എല്ലാ സ്ത്രീകളും പൊതുവിലുള്ള ഭാര്യമാരാണെങ്കിൽക്കൂടി ഏതെങ്കിലുമൊരു സ്ത്രീ ചിലപ്പോൾ ഒരു പുരുഷന്റെ പ്രധാനഭാര്യയായി തീർന്നുവെന്നുവരും. അല്ലെങ്കിൽ കുറേക്കാലത്തേയ്ക്ക് ഒരേ സ്ത്രീയെത്തന്നെ സമീപിക്കുക എന്ന സമ്പ്രദായം സ്വീകരിക്കപ്പെട്ടുവെന്നും വരും. ഇപ്രകാരമായിരിക്കാം കുടുംബങ്ങൾ ആദ്യമായി ആവിർഭവിച്ചതു്. എന്നാൽ യൂഥവിവാഹവ്യവസ്ഥയിൽ ഏർപ്പെട്ട ഈ ഏകപത്നീത്വം വളരെ ശിഥിലമാണ്. കാരണം ഇടയ്ക്കിടയ്ക്ക് ഇഷ്ടംപോലെ ഭർത്താവിനെ മാററാൻ സ്ത്രീക്ക് അധികാരമുണ്ടായിരിക്കും. ഇത്തരം വിവാഹങ്ങൾക്ക് മിഥുനവിവാഹം (Pairing Family എന്ന് പറയുന്നു. മഹാഭാരതം ആദിപർവ്വം ൧൨൨-ാം അദ്ധ്യായത്തിലുള്ള ശ്വേതകേതുവിന്റെ കഥ ഇതിനുദാഹരണമാണ്. യൂഥവിവാഹം കാടത്തത്തിന്റെ പ്രത്യേകതയാണെങ്കിൽ മിഥുനവിവാഹം അപരിഷ്കൃതത്വത്തിന്റെ പ്രത്യേകതയാണ്. ഈ രണ്ടു കാലഘട്ടങ്ങളിലും സ്ത്രീ സ്വതന്ത്രയായിരുന്നു. കാടത്തത്തിലെ കൂട്ടവിവാഹവ്യവസ്ഥയിൽനിന്നാണ് അപരിഷ്കൃതകാലത്തിലെ ജനം) (Gen) അല്ലെങ്കിൽ ഗോത്രം എന്ന അത്ഭുതാവഹമായ സാമൂഹ്യഘടന ആവിർഭവിച്ചതു്. ജനത്തിന്റെ കേന്ദ്രം സ്ത്രീയാണ്. സ്ത്രീയുടെ മക്കളും പെൺമക്കളുടെ മക്കളും സഹോദരീസഹോദരന്മാരും സഹോദരിമാരുടെ മക്കളും—ചുരുക്കത്തിൽ സ്ത്രീവഴിക്കുള്ള എല്ലാ പിന്തുടർച്ചാവകാശികളും ജനത്തിലെ അംഗങ്ങളാണ്. പക്ഷേ സഹോദരന്മാരുടെ മക്കൾക്കും ആൺമക്കളുടെ മക്കൾക്കും ജനത്തിൽ അഥവാ ഗോത്രത്തിൽ സ്ഥാനമില്ല. കാരണം അവർ മറേറതെങ്കിലുമൊരു ഗോത്രത്തിലാണ് വിവാഹം കഴിക്കുക. അതുകൊണ്ടു് അവരുടെ മക്കൾ മറേറതെങ്കിലുമൊരു ഗോത്രത്തിലെ അംഗങ്ങളായിരിക്കും. സ്വജനവിവാഹം അല്ലെങ്കിൽ സ്വഗോത്രവിവാഹം അപ്പോഴേയ്ക്കും നിഷിദ്ധമായിക്കഴിഞ്ഞിരുന്നു. അപരിഷ്കൃതയുഗത്തിലെ കുടുംബവ്യവസ്ഥയിൽ പുരുഷനെക്കാളധികം സ്ത്രീയ്ക്കാണ് പ്രാധാന്യമുള്ളതു്. പുരുഷന്മാർ മിക്കപ്പോഴും വേട്ടയാടാനും മത്സ്യംപിടിക്കാനുംവേണ്ടി ദൂരദേശങ്ങളിലേക്ക് പോയിരുന്നതുകൊണ്ട് കുടുംബത്തിന്റെ മേധാവിത്വവും മേൽനോട്ടവും സ്ത്രീയുടെ കയ്യിലായിരുന്നു. അച്ഛനെക്കാളധികം അമ്മയ്ക്ക് പ്രാധാന്യമുണ്ടായിരുന്നതുകൊണ്ടും പിന്തുടർച്ചാവകാശം സ്ത്രീവഴിക്കായിരുന്നതുകൊണ്ടും ഈ കുടുംബഘടനയെ മാതൃമേധാവിത്വവ്യവസ്ഥ (Matriarchial Family) എന്ന് പറയുന്നു.

കാടത്തത്തിന്റെയും അപരിഷ്കൃതത്വത്തിന്റെയും സവിശേഷതയായ ഈ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും കേരളത്തിൽ കാണാവുന്നതാണ്. എന്നാൽ ഇതു് കേരളത്തിന്റെ പ്രത്യേകതയല്ല. അപരിഷ്കൃതയുഗത്തിന്റെ പ്രത്യേകതയാണ്. എല്ലാ രാജ്യങ്ങളിലും മനുഷ്യന്റെ വികാസഗതിയിലെ ഒരു പ്രത്യേകഘട്ടത്തിൽ മാതൃമേധാവിത്വം നിലനിന്നിരുന്നുവെന്നുകാണാം. ഭാര്യാഭർത്താക്കന്മാർ വിവാഹമോചനം നടത്തുമ്പോൾ ഓരോരുത്തരും താന്താങ്ങളുടെ സ്വത്തുക്കളെടുക്കുക പതിവായിരുന്നു. വീട്ടുസാമാനങ്ങൾ സ്ത്രീയുടെ സ്വത്താണ്. തന്റെ പണിയായുധങ്ങളും മററുപകരണങ്ങളും പുരുഷൻ കൊണ്ടുപോകും.

ഉല്പാദനവ്യവസ്ഥ പരിഷ്കരിക്കുകയും വേട്ടയാടലിനുപകരം കന്നുകാലികളെപ്പോററലും കൃഷിനടത്തലും പ്രധാന ഉപജീവനമാർഗ്ഗമായിത്തീരുകയും ചെയ്തപ്പോൾ നിലവിലുള്ള കുടുംബവ്യവസ്ഥയിലും മാററങ്ങളുണ്ടായി. കന്നുകാലികളും കാർഷികോപകരണങ്ങളും പുരുഷന്റെ സ്വത്തുക്കളായിരുന്നു. പുരുഷനാണ് കന്നുകാലികളെ മേച്ചുവളർത്തിയിരുന്നതും കൃഷിയിൽ മുഖ്യമായപങ്കു വഹിച്ചിരുന്നതും. സ്വത്ത് വർദ്ധിക്കുംതോറും സ്വാഭാവികമായി പുരുഷന്റെ പ്രാബല്യവും കൂടിക്കൂടിവന്നു. പക്ഷേ പുരുഷന്റെ മക്കൾക്ക് അയാളുടെ സ്വത്തുക്കളുടെമേൽ യാതൊരവകാശവുമില്ല. പുരുഷൻ മരിച്ചാൽ അവ ഗോത്രത്തിന്റെ സ്വത്തുക്കളായിത്തീരും. പിന്തുടർച്ചാവകാശം സ്ത്രീവഴിക്കായിരുന്നതുകൊണ്ട് പുരുഷൻ ആഗ്രഹിച്ചാൽ തന്നെ തന്റെ സ്വത്തു മക്കൾക്ക് കൊടുക്കാൻ സാദ്ധ്യമായിരുന്നില്ല. സ്വകാര്യസ്വത്തിന്റെ പ്രാബല്യം വർദ്ധിക്കുംതോറും ഈ വൈരുദ്ധ്യവും വർദ്ധിച്ചുകൊണ്ടുവന്നു. ഇതു് മിഥുനവിവാഹവ്യവസ്ഥയിലെ പിന്തുടർച്ചാവകാശത്തെ സാരമായി ബാധിക്കാതിരുന്നില്ല. ഉല്പാദനത്തിൽ പുരുഷന്റെ മേധാവിത്വവും ഉല്പന്നങ്ങളിൽ സ്ത്രീയുടെ മേധാവിത്വവും ഒരേസമയത്തു നിലനില്ക്കുക പ്രയാസമായിരുന്നു. ക്രമേണ കുടുംബവ്യവസ്ഥയിൽ പുരുഷന്റെ മേധാവിത്വവും മക്കൾക്കുള്ള പിന്തുടർച്ചാവകാശവും അനിവാര്യമായിത്തീർന്നു. അങ്ങനെ ഒടുവിൽ അപരിഷ്കൃതയുഗത്തിന്റെ അവസാനഘട്ടത്തോടുകൂടി മാതൃമേധാവിത്വവ്യവസ്ഥ തകർന്നു പോകയും അതിന്റെ സ്ഥാനത്തു പിതൃമേധാവിത്വം (Patriarchal Family) ആവിർഭവിക്കയും ചെയ്തു. അങ്ങനെ ചരിത്രത്തിൽ ആദ്യമായി സ്ത്രീ അബലയും അടിമയുമായിത്തീരുകയുണ്ടായി. ഇതിനെപ്പററി ഏംഗൽസ് ഇപ്രകാരമാണ് പ്രസ്താവിച്ചിരിക്കുന്നതു "മാതൃമേധാവിത്വം മറിച്ചിടപ്പെട്ടതു് സ്ത്രീവിഭാഗത്തിന് പററിയ ചരിത്രപരവും ലോകവ്യാപകവുമായ പരാജയമായിരുന്നു. വീട്ടിൽ കൂടിയും പുരുഷൻ മേധാവിത്വം കയ്യേററു. സ്ത്രീ അധഃപതിപ്പിക്കപ്പെട്ടു; അടിമയുടെ നിലയിലേക്ക് താഴ്ത്തപ്പെട്ടു. അവൾ അവന്റെ മൃഗീയവികാരങ്ങൾക്കടിമയായിത്തീർന്നു. സന്താനോല്പാദനത്തിനുള്ള ഒരുപകരണംമാത്രമായിത്തീർന്നു."

ഇങ്ങനെയാണ് അപരിഷ്കൃതയുഗത്തിന്റെ അവസാനഘട്ടത്തിൽ മിഥുനവിവാഹവ്യവസ്ഥയിൽനിന്ന് ഏകപത്നീവ്യവസ്ഥ (Monagamous Family) പ്രത്യക്ഷപ്പെട്ടതു്. ഈ വ്യവസ്ഥയിൽ പുരുഷനു ഒരു ഭാര്യയും സ്ത്രീയ്ക്കു ഒരു ഭർത്താവും മാത്രമാണുള്ളതു. പക്ഷേ പുരുഷന് താരതമ്യേന അധികം പ്രാബല്യമുള്ളതുകൊണ്ട് സ്ത്രീയുടെ പാതിവ്രത്യത്തിനാണ് കൂടുതൽ പരിപാവനത കല്പിക്കപ്പെട്ടിട്ടുള്ളതു്. ഇങ്ങനെ മനുഷ്യന്റെ വളർച്ചയുടെ വിവിധഘട്ടങ്ങളിൽ വിവിധങ്ങളായ വിവാഹസമ്പ്രദായങ്ങളും കുടുംബവ്യവസ്ഥകളുമാണ് നിലനിന്നുപോന്നിട്ടുള്ളതു്. കാടത്തത്തിന്റെ കാലത്തു് യൂഥവിവാഹം, അപരിഷ്കൃതയുഗത്തിൽ മിഥുനവിവാഹം, സംസ്കാരത്തിന്റെ കാലത്തു് ഏകപത്നീവ്യവസ്ഥയും വ്യഭിചാരവും എന്നിങ്ങനെപോകുന്നു കുടുംബത്തിന്റെ ആവിർഭാവവും പുരോഗതിയും. കാടത്തത്തിന്റെ ആരംഭംമുതൽ അപരിഷ്കൃതയുഗത്തിന്റെ അന്ത്യംവരെ നിലനിന്നുപോന്ന പ്രാകൃതകമ്മ്യൂണിസമെന്നറിയപ്പെടുന്ന സാമൂഹ്യഘടനയിലേക്ക് ഇനി നമുക്ക് തിരിയാം.

— ഠ —



നെതർലൻഡ്സ് വിദേശകാര്യമന്ത്രി ഡാ: ഡി. യു. സ്റ്റിക്കർ ഇപ്പോൾ യൂറോപ്യൻ സാമ്പത്തികസഹകരണസംഘടന (ഒ ഇ ഇ. സി) യുടെ ചെയർമനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പ്രസ്തുത സംഘടനയുടെ "പൊളിററിക്കൽ കൺസിലിയേററർ" എന്ന സ്ഥാനംകൂടി വഹിക്കുന്നുണ്ട്



കലാപംക്തി

# കഥകളിവേഷങ്ങൾക്കും മാററങ്ങളോ?

ടി. എസ്. അനന്തസുബ്രഹ്മണ്യം

ഭേദാടയവും പുറപ്പാടും ഇല്ലാതായിട്ട് ഒരു വ്യാഴവട്ടം കഴിയാറായി. മേളപ്പദം രണ്ടു മിനിട്ടുണ്ടായിരുന്നതും ഇപ്പോൾ നാസ്തിയായി. 'മാതംഗാനനമാദ്യ കവാസാമണീ' തുടങ്ങിയുള്ള വന്ദനശ്ലോകങ്ങളും പൂർവ്വമായില്ലെന്നു മാത്രം. മഞ്ജുതര കയായായി കൊഞ്ഞുംപോയി. യോഗ്യനായ ഒരു മഹാകവിയുടെ സാന്നിദ്ധ്യത്തിൽ ഈയിടെ നടന്ന ഒരു രംഗമാണ് ഇതെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. മഹാകവി വള്ളത്തോളിനാൽ നിർമ്മിതമായ 'ഔഷധാഹരണം' ആട്ടക്കഥ അഭിനയിക്കുമ്പോൾ ശ്രീരാമലക്ഷ്മണന്മാരുടെ വേഷം, താടി ഇല്ലാതെയുള്ള ...... നാരദന്റെയും മിനുക്കുവേഷം പോലെ ആയിരുന്നു. ഇതാരു പുതുമതന്നെ .......... ബാലിവിജയം, തോരണയുദ്ധം എന്നീ കഥകളിൽ ശ്രീരാമലക്ഷ്മണന്മാരുടെ വേഷം ഇപ്പോൾ നടന്നുവരുന്ന നിലയിൽനിന്ന് തീരെ മാറാതെ ...... എന്തു കാരണത്താൽ അക്കാലങ്ങളിലും ...... ഇന്നവരെ കണ്ടിട്ടുള്ളത് ........ ചുട്ടിയും ...... മയിൽപ്പീലി ...... കിരീടവുമൊക്കെയായിരുന്നു. ...... "ഔഷധാഹരണം അതിസാഹസം ചെയ്തുകൊണ്ടില്ലല്ലോ" എന്നു പറഞ്ഞുവന്ന ഭീഷ്മർ...... മാറ്റം വരുത്തുന്നതു്?

ഈ പരിവർത്തനം വരുത്തുകയാണെങ്കിൽ ലവണാസുരവധത്തിലെ ...... ഒരു പ്രശ്നം ഉന്നയിക്കുന്നു. അവർ ...... അത്ര മാത്രമല്ല ...... വേഷം ...... ഓ. ചിന്നയും കഴിച്ചുകൂട്ടുവാൻ സാധിക്കുമായിരിക്കും. ...... കഥയിൽ ...... "ഭഗവാൻ ശ്രീകൃഷ്ണനായി ...... ദീനനായി" എന്നുള്ള അഭിനയവും ...... "പങ്കജാക്ഷിയുടെ പാദാരവിന്ദങ്ങൾ" ...... എന്നല്ല ഭയന്തിയും വിലാപപ്രായമാണോ! പോരെങ്കിൽ നാലാംദിവസത്തെ കഥയിൽ "ഭൂപാലൻ ...... സ്വപ്നത്തിൽ കണ്ട" ...... ആരുമായി കരിനളന്റെ പിന്നിൽ ഒരു സുന്ദരനായ ...... ഈ സംഗതികൾ കഥകളിപ്രിയന്മാർ ആലോചിച്ച് ഉത്തരം പറയട്ടെ.

രാവണന്റെ പച്ചവേഷം ...... ഇല്ലാതാകുമോ ...... വലിയ ആവശ്യമായി എനിക്കു തോന്നിയിട്ടില്ല.

രാവണന്റെ വേഷത്തിൽ വിരിഞ്ഞതിന്റെ വേഷം ...... കത്തിവേഷം പച്ചയാക്കാം ...... അതാണു് ...... ദുര്യോധനനും ...... കീചകന്റെയും ...... അന്നു കണ്ടിട്ടുണ്ട്. ...... തടിയും ...... കരിവേഷം ...... ബാണന്റെയും ...... പൂതനയുടെ ...... എന്ന കലാശങ്ങൾ ...... സ്ത്രീവേഷങ്ങൾക്കു ഒരു മാറ്റം വരുത്തിക്കാണേണ്ടതുണ്ട് എനിക്കു പലതവണ തോന്നിയിട്ടുണ്ട്. ഇരുസംബന്ധമായി ഞാൻ വിദ്യാർത്ഥിയായിരുന്നകാലത്ത് .... "ലവണാസുരവധം" എന്ന ...... എഴുതിയിരുന്നു. സുമാർ ഇരുപതു ...... ഒരു ...... മലബാറിൽ നടപ്പുണ്ടായിരുന്ന ...

ന്നതും ഇപ്പോൾ ലുപ്തപ്രായമായിരിക്കുന്നതും ആയ കംസനാടകം, കംസവധം മീനാക്ഷിസ്വയംവരം എന്ന രൂപകങ്ങളിലെ വേഷവിധാനം പോലെ കഥകളിയിലെ സ്ത്രീവേഷങ്ങൾക്കും മാററംവരുത്തണമെന്നാണു എന്റെ അഭ്യർത്ഥന, മുഖത്ത് പൗഡർ, സാരി, തലമുടി പിന്നിയിട്ട് നെററിയിൽ പൊട്ടുതൊട്ട് എന്ന രീതിയിൽ. ചുരുക്കത്തിൽ ലവണാസുരവധത്തിൽ മണ്ണാത്തിയുടെ വേഷം ഒന്നു പരിഷ്കരിച്ച്, കണ്ടാലും കൗതുകമുണ്ട്. കലാശം ചവുട്ടാനും ബുദ്ധിമുട്ടില്ല. സുമാറ് പന്ത്രണ്ടുകൊല്ലംമുമ്പു ലളിതപൂതനയായി ചെലപ്രകാരം വേഷത്തിൽ ഈ ലേഖകൻ രംഗപ്രവേശം ചെയ്തപ്പോൾ "നന്ദിച്ചതേയുള്ളൂ ഗുരുക്കളെല്ലാം."

സ്ത്രീവേഷമൊഴിച്ച ബാക്കി വേഷങ്ങൾക്ക പരിവർത്തനം വരുത്തുന്നപക്ഷം "ഒരു ക്കാൻ തേച്ചപോണ്ടു പിടിച്ചപോലെയാവില്ലേ" എന്നു ഞാൻ ഭയപ്പെടുന്നു. നിലവിളക്കുമാററി പെട്രോമാക്സും വിദ്യുച്ഛക്തിവിളക്കുകളും ഉപയോഗിക്കുന്ന ആധുനികസമ്പ്രദായവും തീരെ വർജ്ജ്യമാണെന്നു ഒന്നുകൂടി ഊന്നിപ്പറയുന്നു.

—೦—

# ഒരു കാർഷികാഹ്വാനം

## ഓരോ പൌരന്റേയും ചുമതല

കെ. എസ്. നീലകണ്ഠൻ

പൊതുജനങ്ങളും ഭക്ഷ്യോല്പാദനവിഷയത്തിൽ ഹാർദ്ദമായ സഹകരണം നൽകേണ്ടതാണെന്നു പൊതുവേ പറഞ്ഞുകൊണ്ടിരിക്കുന്നു. എങ്കിലും, വിഭിന്ന സാഹചര്യങ്ങളിലും, വിവിധ ജീവിതരീതികളിലും ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കു എതുപ്രകാരത്തിൽ, എതെല്ലാം സഹകരണം ഭക്ഷ്യോല്പാദനപ്രയത്നത്തിനു നൽകുവാൻ സാധിക്കുമെന്നു് പല സ്ഥാനങ്ങളിലും സംശയം നിലവിലുള്ളതായി കണ്ടുവരുന്നു. ആ സംശയത്തിനു ഒരു വിശദീകരണമാണു് ചുവടെ നൽകുന്നത്.

നിങ്ങൾ കർഷകനോ, ഗൃഹിണിയോ, വ്യാപാരിയോ, വിദ്യാർത്ഥിയോ അഥവാ ഒരു തൊഴിലാളിയോ ആയിരുന്നാലും ഓരോ നിലയിൽ ഓരോ വ്യക്തിക്കും വളരെ വിലയേറിയ സഹായങ്ങൾ നൽകുവാൻ സാധിക്കുന്നതിന് ഏതാനും ഉദാഹരണങ്ങൾ നൽകാം. നിങ്ങൾ അതു് ധരിച്ചു് അതിൻപ്രകാരം പ്രവർത്തിച്ചുതുടങ്ങിയാൽമാത്രം മതി.

### കർഷകരോട്

കർഷകസോദരാ, നിങ്ങളുടെ സർവ്വകഴിവുകളും ഭക്ഷ്യോല്പാദനപരമായി കേന്ദ്രീകരിക്കുക. നിങ്ങളുടെ കന്നുകാലികളുടേയും പക്ഷിമൃഗാദികളുടേയും മലമൂത്രാദിവിസർജ്ജനങ്ങൾ, സസ്യജന്യമായ പാഴ്‌സാധനങ്ങൾ എന്നിവയെല്ലാം ഒട്ടുംതന്നെ പാഴാക്കാതെ കമ്പോസ്റ്റുവളമായി രൂപാന്തരപ്പെടുത്തി കൃഷികൾക്കു പ്രയോഗിച്ചുനോക്കുക—നിങ്ങൾക്കു ശേഖരിക്കാവുന്ന ചവറുകളെല്ലാം കൂട്ടിച്ചേർത്തു്, നിങ്ങളുടെ സമീപസ്ഥമായ കൃഷിയാഫീസിൽനിന്നു ലഭിക്കുന്ന ഉപദേശമനുസരിച്ചു് വളമുണ്ടാക്കുക—നല്ല വിത്തു് തെരഞ്ഞെടുത്തു് അതു വർദ്ധിപ്പിക്കുക—നിങ്ങളുടെ ഗ്രാമീണസഹോദരന്മാരുമായി സഹകരിച്ചു് നിങ്ങളുടെ പ്രതിസന്ധികളെല്ലാം തരണംചെയ്യുവാൻ ഉദ്യമിക്കുവിൻ—ഭക്ഷ്യോല്പാദനവിഷയത്തിൽ എന്തെല്ലാം പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നിങ്ങൾക്കു ലഭിക്കാവുന്നതാണെന്നു കൃഷിഡിപ്പാർട്ടുമെന്റുമായി ആലോചിച്ചു് ആവക ആനുകൂല്യങ്ങൾ ഒന്നൊഴിയാതെ സമ്പാദിപ്പാൻ നിങ്ങൾ ശ്രമിക്കണം—സർവ്വോപരി, ഗവൺമെന്റു സഹായങ്ങളെ ആശ്രയിച്ചു് ഇരിക്കാതെ സ്വാശ്രയശീലം വർദ്ധിപ്പിച്ചു് പൂർവ്വാധികമായ ആശയഗതിയോടുകൂടി പ്രവർത്തനനിരതരാകുവിൻ.

### സ്ത്രീകളോട്

കുടുംബിനിയായ സഹോദരി, നിങ്ങളല്ലേ കുടുംബത്തിന്റെ നെടുംതൂൺ. ഇന്നു ഉള്ളതുമായിരിക്കും ലഭിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങൾക്കുപകരം ഇതര സാധനങ്ങൾകൊണ്ടു് ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്നതിനുള്ള വൈഭവം നിങ്ങൾക്കല്ലാതെ മറ്റാർക്കാണുള്ളതു്. അതു രുചികരമാക്കിത്തീർക്കുവാൻ നിങ്ങൾക്കല്ലാതെ മറ്റാർക്കുതന്നെ കഴിയും—ഗോതമ്പും നെല്ലും ആവശ്യത്തിനു്മാത്രം ചുരുങ്ങിയതോതിൽമാത്രം ഉപയോഗിക്കുവാൻ നിങ്ങൾ നിശ്ചയിച്ചാൽ അതു ഭദ്രമായിരിക്കും ...... ആക്കാനും സാധിക്കും:—ആവശ്യമാണ് മുന്നോട്ടുവരേണ്ടതാണു കരിമ്പനത്തെ തന്നിലെ ആധ്യതക്ഷമായിക്കൊള്ളും. ഇന്നത്തെ സ്ഥിതിഗതികളുടെ ബീജസ്വരൂപം കുടുംബംഗങ്ങളിൽനിന്നും നിങ്ങൾ മറച്ചുവെച്ചുതന്നെ അവർ കുടുംബാംഗങ്ങളെ ഗ്രഹിപ്പിക്കുകയാണുവേണ്ടതു്. അല്പമെങ്കിലും ഭൂമി പാഴായി നിങ്ങളുടെ സ്വാധീനത്തിലുണ്ടെങ്കിൽ അതിൽ പച്ചക്കറിവകകളും കഴിയുന്ന ഫലങ്ങളും വൃദ്ധിനോക്കുവിൻ, സ്ഥലം കൂടുതലുണ്ടെങ്കിൽ പക്ഷികളും വീട്ടുമൃഗങ്ങളുമെല്ലാം എല്ലാം വളർത്തുമെന്നു ഒരു ഗവേഷണം തന്നെ നടത്തിനോക്കുവിൻ! വീട്ടിലെ ഉല്പന്നങ്ങൾ കൊണ്ടു് എത്രത്തോളം സ്വയംപര്യാപ്തത സാദ്ധ്യമാക്കാമെന്നു ആത്മാർത്ഥമായി ഒന്നു പരീക്ഷിച്ചുനോക്കണം.

### വ്യാപാരികളോട്

പ്രിയപ്പെട്ട വ്യാപാരിസ്നേഹിതാ, നിങ്ങൾ കൈകാര്യംചെയ്യുന്നതു് ഭക്ഷ്യവിഭവങ്ങളാണെന്നുവരികിൽ നിങ്ങളുടെ ഒരു പക്ഷേയുണ്ടു്. ഭക്ഷ്യസാധനങ്ങൾ പൂഴ്ത്തിവെയ്ക്കുന്നതും കരിഞ്ചന്തവ്യാപാരനടത്തുന്നതും ദ്രോഹപ്രവൃത്തികളും

കയറു് നിങ്ങൾ അതിനുപ്പെടരുതു്. നിങ്ങളുടെ സമീപസ്ഥർ വിഭവങ്ങളെല്ലാംതന്നെ രിച്ചാക്കിനുള്ളിൽ വെള്ളമൊഴിച്ചുസംഭരിക്കുന്നതും പഴയ സരയിൽ വെള്ളമുണ്ടാക്കുന്നതുമുള്ളതു്... ഈശ്വരൻ സഹിക്കുന്ന ദുഷ്കൃത്യങ്ങളാണോ എന്നു നിങ്ങൾതന്നെ ഒന്നു ചിന്തിച്ചുനോക്കുക. വോരാതവരായിന്നു ഉപഭോക്തൃവിഭവത്തിന്ന ഏതൊരു സാധനവും പാഴായി കളയാതെ അവയെല്ലാം സൂക്ഷിച്ചു സംഭരിക്കുകയും പ്രസ്തുത വിഷയത്തിൽ ഗവൺമെന്റുസമ്പാദനങ്ങളിൽനിന്നു ലഭിക്കുന്ന ഉപദേശങ്ങളനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യുവിൻ. നിങ്ങളുടെ വ്യാപാരവും കുടുംബസംരക്ഷണവും അതോടൊത്തു് ലോകക്ഷേമവും വർദ്ധിക്കുന്നതാണു്.

### വിദ്യാർത്ഥിലോകത്തോട്

വിദ്യാർത്ഥിനീവിദ്യാർത്ഥികളായ കൊച്ചുസോദരരേ, നിങ്ങൾ സമുദായത്തിന്റെ അതിപ്രധാനഘടകവും അമൂല്യസമ്പത്തുമാണെന്നു കഥ നിങ്ങൾ അറിയുന്നുവല്ലോ! നമ്മുടെ ഭക്ഷ്യക്ഷാമത്തിന്റെ യഥാർത്ഥ്യങ്ങൾ പൊതുജനങ്ങളെ വിശദമായി ധരിപ്പിക്കുകയും അതിനു പരിഹാരമുണ്ടാക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയുംചെയ്യുന്നതിനു്, നാട്ടുവീട്ടിൽ ചെല്ലുമ്പോൾ നിങ്ങൾക്കുള്ള സുവർണ്ണാവസരം ആക്കേണ്ടതാണു്. നിങ്ങൾക്കു സൗകര്യമുള്ളപക്ഷം നാട്ടിൻപുറത്തിറങ്ങി സഞ്ചരിച്ചു് നിങ്ങളുടെ കാരണവർ ...... ഗുണദോഷങ്ങളെ ശാസ്ത്രീയകാർഷികവിഷയങ്ങളിൽ പ്രബുദ്ധരാക്കേണ്ടതാണു്. ......ങ്ങളെ, നിങ്ങളുടെ ഒരു വാക്കിനു കഴിയുകയും ...... ഓരോരുത്തരും കൃഷിവകുപ്പുമായി ബന്ധപ്പെട്ടാലാണു് സിദ്ധിക്കുക! കർഷകരുടെ നന്മയെ ലക്ഷ്യമാക്കിയുള്ള സകലസമരങ്ങളിലും, വിനോദപരമാകട്ടെ, വിദ്യാഭ്യാസപരമാകട്ടെ, അതിലെല്ലാം ഭക്ഷ്യോല്പാദനസംബന്ധിയായ സജീവതത്വങ്ങൾ നിങ്ങളുടെ ഉത്തമഭാഗങ്ങളിൽനിന്നു ഗ്രഹിച്ചു് അവയുടെ വിപുലമായ വിതരണം നിർവ്വഹിക്കുവിൻ.

### തൊഴിലാളികളോട്

തൊഴിലാളിസഖാവേ, ഒരു പ്രധാനസംഗതി, സ്നേഹിതാ, നിങ്ങൾ ധരിക്കണം. സമാധാനപരമായ ഒരന്തരീക്ഷത്തിൽ മാത്രമേ സാർവ്വത്രിക സുഖവും ഐശ്വര്യവും ശ്രേയസ്സും നമുക്കു ലഭിക്കുവാൻ സാദ്ധ്യമാകയുള്ളൂ. കോടാലിക്കൈകളും, ആപത്തുവരുത്തുവാൻ നിങ്ങളുടെ ആത്മാർത്ഥതയുള്ള മടികളിൽക്കൂടി ഏതാനും ചിലരുടെ കളിപ്പാവകളായിത്തീരാതെ നിങ്ങൾ നിങ്ങളുടെ സംഘശക്തിയെ സംഘടനാശക്തിയേയും ലോകനന്മയ്ക്കായി വിനിയോഗിക്കുവാൻ തയാറാകണം. അതെന്നാണു് നമുക്കു ഐശ്വര്യപൂർണ്ണമായ ഏകവലംബം. കാർഷികമായിത്തന്നെ നിങ്ങൾക്കു വളരെ കാര്യങ്ങൾ ചെയ്യുവാനുണ്ടു്. നമുക്കു വസ്ത്രവും പാർപ്പിടവും ലഭിക്കുവാൻ വേണ്ടിയുള്ള ശ്രമങ്ങളിൽ നിങ്ങൾ പരിപൂർണ്ണമായി വിനിയോഗിക്കുന്നപക്ഷം ആ ഒരൊറ്റ സംരംഭംകൊണ്ടുമാത്രം ഭക്ഷ്യസമൃദ്ധി കൈവരുത്താവുന്നതാണു്. ...... ഉത്തമമായ ...... പ്രചാരണം നിർവ്വഹിച്ചു് കാർഷികവകുപ്പിന്റെ ...... ശക്തിപ്പെടുത്തണം. അതുകൊണ്ടുതന്നെ ഭരണമണ്ഡലങ്ങളിൽ വിപ്ലവകരമായ മാററങ്ങൾ സംഭവിച്ചു. നമ്മുടെ വിളവിന്റെ മൂന്നിലൊന്നു് വിളവു് ചൈനയിലും ജപ്പാനിലും സാധിതപ്രായമാക്കിയിട്ടുള്ളതു് അവിടത്തെ തൊഴിലാളികളുടെ ഇച്ഛാശക്തിയാണു്. പ്രവൃത്തനംകൊണ്ടുമാത്രമാണു്. ഈ വിഷയത്തിലും നമ്മുടെ അവശതകൾ ...... വളരെ ...... നഗരവാസികൾ ...... അല്ലെങ്കിൽ കർഷകത്തൊഴിലാളികളുമായ സ്ഥലങ്ങളിലെല്ലാം വല്ല ഭക്ഷ്യവിളവുകളും വളർത്തുവാൻ നിങ്ങളുടെ

വിശ്രമവേളകൾ നിങ്ങൾ വിനിയോഗിക്കണം. കൃഷികൾക്കു് ഉള്ള തൊഴിലാളികളുടേയും ഉൽപ്പന്നങ്ങളിലും നിങ്ങൾക്കു് കർഷകരെ പ്രബുദ്ധരാക്കുവാൻ സാധിക്കുന്നതാണു്. ഈ വിഷയങ്ങളെല്ലാംപറ്റിയുള്ള വിശദവിവരങ്ങൾ അടങ്ങിയ ലഘുലേഖകളും മററു പല പ്രായോഗികഉപദേശങ്ങളും ഇപ്പോൾ ഭക്ഷ്യോൽപാദനത്തോടു സംബന്ധിച്ചു് ഏതൊരു ആഫീസിൽനിന്നും ഉദ്യോഗസ്ഥന്മാരിൽനിന്നോ സുലഭമായി സിദ്ധിക്കുന്നതാകയാൽ അവിടെനിന്നു ആവക വഴികളെപ്പറ്റി ധരിച്ചു് നിങ്ങളാലാകുന്നതെല്ലാം ചെയ്യുവിൻ—വിജയം വിദൂരമല്ല—നിശ്ചയം.

### ഇനി പൌരന്മാരോട്

#### പൊതുവെ ഒരു വാക്ക്

സഹോദരങ്ങളെ, ഭക്ഷ്യോല്പാദനവിതരണാദി പ്രവർത്തനങ്ങളോടു് നേരിട്ടു ബന്ധപ്പെടാത്തവർ ആണു് നിങ്ങൾ, എന്നതന്നെയിരിക്കട്ടെ—നിങ്ങളുടെയും അനേകലക്ഷംപേരുടെ ജീവമായ സഹായങ്ങൾകൂടാതെ ഇതരവ്യക്തികൾക്കുമായി എന്തു നിർവ്വഹിക്കുവാൻ സാധിക്കും! കർഷകരോടും അവരുടെ ...... നിങ്ങളുടെയും പരിശ്രമഫലങ്ങൾ നിങ്ങൾ ആസ്വദിക്കുന്നിടത്തോളംകാലം നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ആവശ്യമാണു്. ആവശ്യവിവരങ്ങൾ കർഷകരോടു്... ഒരു കടമ നിങ്ങൾക്കുണ്ടായിരിക്കും. സ്വാശ്രയശീലവും മനസ്സുംകൊണ്ടു് ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ നിങ്ങളും വളർത്തണം. കരിഞ്ചന്തയെ നിർമ്മാർജ്ജനം ചെയ്യുവാൻ നിങ്ങൾ സഹായിക്കുകയിൻ—ചെലവു് വരവിനുള്ളിൽ ഒതുക്കുവാൻ നിഷ്കർഷിച്ചു പ്രവർത്തിക്കുവിൻ—ഇതെല്ലാം ആദ്യംചുരുങ്ങിയതോതിൽ ...... എന്നാൽ ഈ സംരംഭം ...... ലോകത്തിനുതന്നെയും ...... അനുഭവപ്പെടുന്നതായിരിക്കും.

#### ഒരു വാക്കുകൂടി:

ഏതൊരു വ്യക്തിയും ധരിച്ചിരിക്കേണ്ട ഒരു സംഗതി ഇതാണു്:—ലോകൈശ്വര്യത്തിനാൽ ഒരു പ്രാധാന്യമേറിയ ഉപാധിയാണു്. നമ്മിൽ ഓരോ വ്യക്തിയും അവനവനാലാകുന്നതു് പ്രവർത്തിക്കുന്നപക്ഷം അഭീഷ്ടലക്ഷ്യത്തിൽ എത്തിച്ചേരുകയാണു്. അതുകൊണ്ടു് ഒരു കാര്യമുള്ളതു്, നിങ്ങളുടെ പങ്കു കൃത്യം വേദോരാതെ ചെയ്യുമെന്നു പ്രതീക്ഷിക്കട്ടെ. ഭക്ഷ്യോൽപാദനപ്രവൃത്തനം വിജയകരമാക്കി രാഷ്ട്രസേവനം നിർവ്വഹിക്കുകയാണു് നിങ്ങളുടെ ജീവിതധർമ്മമായി നിങ്ങൾ വിശ്വസിക്കുക. നിങ്ങളുടെ കഴിവുകൾ സർവ്വവും വിനിയോഗിച്ചു അപ്രകാരം പ്രവൃത്തിക്കുകയും ചെയ്തു നോക്കുക. അതിൽ കവിഞ്ഞ ഒരു ധർമ്മം ഇന്നു മനുഷ്യനു് ഇല്ലെന്നുള്ളതാണു് പരമാർത്ഥം.

'A Call to the Plough' എന്ന ഇംഗ്ലീഷ് ലേഖനത്തിന്റെ അനുകരണം.


## ഹിന്ദീ സ്വയം ശിക്ഷക്

പരസഹായംകൂടാതെ ഹിന്ദിപഠിക്കാവുന്ന ഒരു ഉത്തമഗ്രന്ഥം

വില രൂ. 1. ണ. 8.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.
















# പുതിയ ഹൈദ്രബാദ് മന്ത്രിസഭ

പുതിയ ഹൈദ്രബാദ് മന്ത്രിസഭാംഗങ്ങൾ ജൂൺ ൧൨-ന് സത്യപ്രതിജ്ഞചെയ്തു് ഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുന്നു. ഹൈദ്രബാദിന്റെ ചരിത്രത്തിൽ ഇപ്പോൾ ആദ്യമായി ട്ടാണു് സ്റ്റേററ് കാൺഗ്രസ് പ്രതിനിധികളുൾപ്പെട്ട ഒരു ഗവണ്മെന്റ രൂപവൽക്കരിക്കപ്പെട്ടതു്. പോലീസ്സുപ്രവർത്തനത്തിനുശേഷം ഇരുപതുമാസം കഴിഞ്ഞാണു് മന്ത്രിസഭയുടെ ഉടച്ചുവാൎക്കൽ ഉണ്ടായതെങ്കിലും സ്വാമി രാമാനന്ദതീൎത്ഥ പറയുന്നതുപോലെ ജനകീയമാൎഗ്ഗത്തിലേയ്ക്കുള്ള ഹൈദ്രബാദിന്റെ ഗതി ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ചീഫ്മിനിസ്റ്റർ എം. കെ. വെള്ളോടിയുടെ നേതൃത്വത്തിൽ മന്ത്രിസഭ ഉടച്ചുവാൎത്തതിൽ സ്റ്റേററകാൺഗ്രസ്സിനെ അഭിനന്ദിച്ചുകൊണ്ടു് നാട്ടുരാജ്യവകുപ്പുമന്ത്രി എന്ന നിലയിൽ സർദാർ പട്ടേൽ സ്റ്റേററകാൺഗ്രസ് പ്രസിഡന്റിനു് ഒരു സന്ദേശമയയ്ക്കുകയുണ്ടായി. ആ സ്റ്റേററിലെ ഭരണത്തിൽ സ്റ്റേ: കാൺഗ്രസ്സ് സഹകരിക്കുമെന്നുള്ളതു് ആ രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം കുറിക്കുന്നുഎന്നു് സർദാർ പട്ടേൽ ആ സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നു. മുകളിലത്തെവരി—ഹൈദ്രബാദ് ചീഫ്മിനിസ്റ്റർ മി: എം. കെ. വെള്ളോടി, ശ്രീ. ഫൂൽചന്ദ്ഗാന്ധി, ശ്രീരാമകൃഷ്ണറാവു, ശ്രീ വിനായകറാവു വിദ്യാലങ്കാർ, ശ്രീ വി. ബി. രാജു, ശ്രീ എം. ശേഷാദ്രി, നവാബ് യാർജംഗ്ബഹദൂർ, ശ്രീ സി. വി. എസ്. റാവു. രണ്ടാമത്തെ വരി: ഹൈദ്രബാദ് രാജപ്രമുഖൻ നൈസാംമഹാരാജാവു്. രണ്ടാമത്തെവരി നടുക്കു്: പണ്ഡിതനെഹ്റു ഇൻഡൊനീഷ്യൻ പ്രസിഡന്റ് ഡാക്ടർ സൊക്കാർണ്ണോയുമായി സംഭാഷണത്തിലേർപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷ്‌രാജാവിന്റെ ജന്മദിനംപ്രമാണിച്ചു് ജൂൺ 8-ാംനു- ന്യൂഡെൽഹിയിൽവച്ചു് ഇന്ത്യയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണർ നൽകിയ സ്വീകരണത്തിൽ ഇന്ത്യൻപ്രസിഡന്റ് സംബന്ധിച്ചിരുന്നു. ഇടത്തുനിന്നു വലത്തോട്ടു്: എൽ. ശങ്കരലാൽ, സർ ആർച്ചിബാൾഡ്നൈ, ഡാ. രാജേന്ദ്രപ്രസാദ്, ടിബററൻ ഡെലിഗേഷനംഗങ്ങളായ ലാച്ചാഗ്ടേറിംഗ്, സെപൻശകാബ്പ, ട്സെചാഗ്കെഞ്ചങ്ങ്. താഴെ: ഇന്ത്യൻനാവികസൈന്യത്തിലെ എലക്ട്രിക്കൽ ട്രെയിനിംഗ്. ഐ. എൻ. എസ്. വാൽസുരയിലെ റേററിംഗ്സിനു് എലക്ട്രിക്കൽ ട്രെയിനിംഗ് നൽകുന്ന സ്റ്റാഫിന്റെ ഗ്രൂപ്ഫോട്ടോ.





ഇന്ത്യയിൽ ഇദംപ്രഥമമായി നിയമബിരുദംസമ്പാദിച്ച ഹരിജൻവനിത. മദ്രാസിലെ മിസ് സി. എസ്. ജഗദംബാൾ ബി. എ. ബെനാറിസ് ഹിന്ദുസർവ്വകലാശാലയിൽ നിന്നു് മൂന്നാം റാങ്കിൽ ഒന്നാംക്ലാസിൽ എൽ എൽ. ബി. ബിരുദം നേടിയിരിക്കുന്നു.



പാണ്ടിച്ചേരിയിലെ പുതിയ ഇന്ത്യൻ കാൺസൽ ജനറൽ മി. ആർ. കെ. താണ്ഡൻ. ഇദ്ദേഹം ഇന്ത്യാഗവണ്മെന്റിലെ വിദേശകാൎയ്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു.




# സ്ത്രീകളും കലയും

അഥവാ

## സ്വന്തമായി ഒരു മുറി

മൂക്കോത്ത കുഞ്ഞപ്പ

ക്ലാസ്സ്, പറയാനുള്ളതുകൊണ്ട്, കുറച്ചു നല്ലവണ്ണം ആലോചിച്ചു എഴുതണം എന്നു കരുതിയ ഒരു വിഷയമാണ് ഇതു്. അപ്പോഴാണ് തിരുവനന്തപുരം റേഡിയോ നിലയത്തിൽനിന്നു ഈ വിഷയം പ്രക്ഷേപണം ചെയ്യപ്പെട്ടതും, മലയാളരാജ്യത്തിൽ പരസ്യംചെയ്തതും. ശ്രീമതി സരോജാനായരുടെ ലേഖനങ്ങൾ അധികം വായിക്കാൻ അവസരം കിട്ടിയിട്ടില്ലെങ്കിലും വായിച്ചേടത്തോളംകൊണ്ട്, അവ ചിന്തയെ ഉദ്ദീപിപ്പിക്കുന്നവയാണ് എന്നു മനസ്സിലാക്കാൻ അഥവാ അനുഭവപ്പെടാൻ എനിക്കു സംഗതിയുണ്ടായിട്ടുണ്ട്. ആ സംഗതിയുടെ ഒരു ഫലം ഒരു പ്രാവശ്യം മലയാളരാജ്യത്തിൽ 'സ്ത്രീ എങ്ങനെയുണ്ടായി'—എന്ന ലേഖനമായി പുറത്തുവന്നതു നിങ്ങൾ ഒരു പക്ഷേ വായിച്ചിരിക്കും.

ശ്രീമതി സരോജാനായർ ഇങ്ങനെ എഴുതിയിരിക്കുന്നു: —

"കലാഭക്തന്മാരായ സഹൃദയന്മാർപോലും കലാനികേതനമായ സ്ത്രീയെ മനസ്സാ ബഹുമാനിച്ചാലും വചസാ ദുഷിക്കുന്നതായിട്ടാണു കണ്ടുവരുന്നതു്'' —വളരെ ശരിയാണ് ആ പറഞ്ഞതു്. പക്ഷേ വചസാ ദുഷിക്കുന്ന സാഹിത്യകാരന്മാരുംകൂടി പേനയെടുത്താൽ സ്ത്രീയെ പുകഴ്ത്തുകയാണു ചെയ്യുന്നതു്. ആദികവിയായ വാല്മീകിതൊട്ടു ഷേക്സ്പീയർവരെയും അതാണു ചെയ്തിട്ടുള്ളതു. സർവ്വമാന്യതയും സ്ത്രീക്കാണു സാഹിത്യത്തിൽ നൽകിട്ടുള്ളതു്, എന്നോർത്തു പുരുഷനായ ഞാൻ അല്പം അസൂയപ്പെടാറുണ്ട്.

സത്യയുഗംതൊട്ട് ഇങ്ങോട്ടേക്കാം. സാവിത്രികഥയുടെ വെറും ഒരു പശ്ചാത്തലമാണു സത്യവാൻ; സാവിത്രിയല്ലായിരുന്നെങ്കിൽ അദ്ദേഹത്തെ ആരു് ഓർമ്മിക്കുന്നു? നളമഹാരാജാവു്, ഒന്നാംതരം "കുക്കും'' കുതിരക്കാരനും ആയിരുന്നു. പോരാഞ്ഞിട്ട്, ഇന്നത്തെ ചില പത്രങ്ങളിൽ കാണുന്ന "വിജ്ഞാനശകലങ്ങൾ'' പോലെ അറിഞ്ഞിട്ട് ഒരു കാര്യവുമില്ലാത്ത ചില വിദ്യകളും മൂപ്പർക്കറിയാമായിരുന്നു. ദമയന്തിയുടെ പകുതി ലോകവിവരം അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിൽ, പോകട്ടെ ഭാര്യ പറഞ്ഞതുപോലെ അനുസരിക്കാനുള്ള സാമാന്യബുദ്ധിയെങ്കിലും അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിൽ, കാട്ടുകയറുമായിരുന്നുവോ? കാട്ടിൽവെച്ചുചെയ്തതും നോക്കുക. ശ്രീരാമൻ മഹായോഗ്യനൊക്കെത്തന്നെ, പക്ഷേ സീതയുടെ മുമ്പാരെ അടുത്തുനിൽത്താൻ കൊള്ളില്ല. ശ്രീരാമഭക്തന്മാർ കോപിക്കരുതു്; ഇതു എൻ്റെ അഭിപ്രായം മാത്രമല്ല, സ്വാമി വിവേകാനന്ദൻ്റെ അഭിപ്രായവുംകൂടിയാണ്. 'ശ്രീരാമന്മാർ ലോകത്തിൽ വേറെ ഉണ്ടായേക്കാം, സീത ഒരിക്കലുമുണ്ടാവില്ല; സീത അനന്യസാധാരണമായ ഒരു മനുഷ്യവ്യക്തിയാണ്'—എന്നാണ് അദ്ദേഹം പറഞ്ഞതു്. ശകുന്തളയുടെ ഗുണങ്ങളെപ്പററി പറയുമ്പോൾ "ഗീഥ'' ഇഹവും പരവും, ഹേമന്തവും വസന്തവും ലോകത്തിലുള്ള സർവ്വ സൗന്ദര്യവസ്തുക്കളെയും ഒക്കെ കൂട്ടിച്ചേർത്താണു കവിതയെഴുതിയതു്. ഒരു ജർമ്മൻകവിയുടെ കയ്യിൽനിന്നു അങ്ങിനെ പ്രശംസ ചൊല്ലിച്ചടിച്ച ശകുന്തളയുടെ ഭർത്താവോ? ഒരു മൃഗയാഭ്രാന്തനായ മറവിക്കാരൻ. ഷേക്സ്പീയരുടെ കാര്യം പിന്നെ പറയാനില്ല. Shakespeare has only heroines and no heroes'' —എന്നുള്ളതു ഒരു പഴഞ്ചൊല്ലായി തീർന്നിരിക്കയാണ്. എങ്ങിനെ ആവാതിരിക്കും? കോർഡീലിയാ, ഡെസ്ഡിമോണാ, റോസലിൻ്റ, പോർഷ്യാ, ജൂലിയററ്, ഒഫീലിയാ, ഇമൊജിൻ എന്നിങ്ങനെ രണ്ടു ഡസനോളം വരുന്ന റാണിതാരങ്ങളുടെ കൂട്ടത്തിൽ ഹാംലററും ഒഥെല്ലോവും, ഒർലാണ്ടോവും, ബസാനിയോവും, റോമിയോവും, പോസ്തുമസും ഇംഗ്ലീഷുകാർ പറയുമ്പോലെ "വെറും പുരുഷന്മാരാണ്'' (Mac Mals) റഷ്യൻ സാഹിത്യപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ സ്ത്രീകൾക്കു ആ സാഹിത്യത്തിലുള്ള മാന്യസ്ഥാനം ഒന്നു വേറെതന്നെയാണത്രെ. ഇംഗ്ലീഷിൽകൂടി ആ പുസ്തകങ്ങൾ വായിച്ചാലും ആ വാസ്തവം തെളിഞ്ഞുകാണുന്നില്ലേ? ഫ്രഞ്ചുകാരുടെ കഥ എന്തുപറയാൻ! സ്ത്രീകളെ ബഹുമാനിക്കുകയെന്നതു അവരുടെ ഒരു കലയാണ്. ആ സാഹിത്യത്തിലെ പുരുഷകഥാപാത്രങ്ങളെ മുഴുവനും നീക്കിയാലും സാഹിത്യത്തിനു വലിയ ഉടവൊന്നും വരില്ല; പക്ഷേ സ്ത്രീരത്നങ്ങളെ എടുത്തുകളഞ്ഞാൽ പിന്നെ ഫ്രഞ്ചുസാഹിത്യം ബാക്കിയില്ല—എന്നാണു പണ്ഡിതന്മാരുടെ മതം. മലയാളത്തിലും പുരുഷൻ്റെ ഗതിയതുതന്നെ. ഇന്ദുലേഖയ്ക്കുള്ളതു മനഃസ്ഥൈര്യം മാധവനില്ല. ശാരദയ്ക്കു പാറിയ ഭർത്താവിനെ, ചന്തുമേനവൻ മരിക്കുന്നവരെ തെരഞ്ഞിട്ടും കിട്ടിയില്ല; അതുകൊണ്ടാണു പുസ്തകം അപൂർണ്ണമായി കിടക്കുന്നതു്. മദനനു ഭ്രാന്തുപിടിക്കുന്നു; ലീലയാവണം അയാളെയും തിരഞ്ഞുപോകാൻ. നളിനിയുടെ കഥയിൽ ആരാണു ശ്രേഷ്ഠ? പുസ്തകത്തിൻ്റെ പേരു തന്നെ നോക്കുക; ഉത്തരം കിട്ടും. വള്ളത്തോളിൻ്റെ കവിതകളിൽ ആദ്യവസാനമുള്ള സ്ത്രീജനബഹുമാനം കണ്ടിട്ടു സഹിക്കാതെ "പെണ്ണുങ്ങൾ അടിച്ചെങ്കിലോ എന്നു പേടിച്ചെഴുതിയതാണോ'' എന്നാണു ഒരു പുരുഷൻ ചോദിച്ചതു്. അല്ല. വിശ്വവിഖ്യാതരായ സാഹിത്യകാരന്മാരൊക്കെയും എവിടെയും, എന്നും സ്ത്രീയെ പ്രത്യേകം ബഹുമാനിച്ചിരുന്നുവെന്നു അദ്ദേഹത്തെ മറെറാരു സ്നേഹിതൻ പറഞ്ഞു മനസ്സിലാക്കി.

വർജിനിയാ വുൾഫ് എന്ന സുപ്രസിദ്ധ സാഹിത്യകാരി കുറെ കൊല്ലങ്ങൾക്കുമുമ്പു "സ്ത്രീകളും ആഖ്യായികയും'' എന്ന വിഷയത്തെപ്പററി ഒരു പ്രസംഗം ചെയ്തിരുന്നു. അതിൽ അവർ പറയുകയുണ്ടായി: സാഹിത്യത്തിൽ ഇത്രയൊക്കെ ബഹുമതി നൽകിയ സ്ത്രീക്കു പുരുഷൻ യഥാർത്ഥജീവിതത്തിൽ അവർ അർഹിക്കുന്ന മാന്യസ്ഥാനം നൽകുന്നില്ലെന്നു മാത്രമല്ല, ഒരു മനുഷ്യനെന്ന നിലയ്ക്കു അവൾക്കുണ്ടാവേണ്ടുന്ന സ്വാതന്ത്ര്യങ്ങളുംകൂടി നൽകുന്നില്ലയെന്നു അതിശ്രേഷ്ഠമായ സർവ്വകലാശാലകളിലും വമ്പിച്ച പുസ്തകശാലകളിലും (British Museum ലം ഒന്നു തോന്നുന്നു) കൂടി അവർക്കു പ്രവേശനമില്ല. സാഹിത്യത്തിൽ കയ്യിടുവാൻ സ്ത്രീകൾക്കു സമ്മതം കിട്ടിയതുതന്നെ ഈയിടെയാണ്. ജോർജ്ജ് എലിയററിനെപ്പോലുള്ള ചിലർ പുരുഷൻ്റെ പേരു, തൂലികാനാമം ആക്കിയിട്ടാണു നോവലുകൾ പരസ്യം ചെയ്തതു്. ജേൻ ആസ്റ്റിൻ ഇന്നു നമ്മളൊക്കെ മുക്തകണ്ഠം പ്രശംസിക്കുന്നവയും ആംഗലേയസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ സിദ്ധിച്ചവയും, ആയ തൻ്റെ നോവലുകൾ ആരും കാണാതെ ഒളിച്ചെഴുതിത്തീർക്കേണ്ടിവന്നവയത്രെ. എഴുതുമ്പോൾ പെട്ടെന്നു വല്ലവരും കയറിവന്നാൽ, അപവാദം പറയുമെന്നു ഭയപ്പെട്ട്, ജേൻ എഴുത്തുകടലാസ്സ് ഒപ്പുകടലാസിൻ്റെ കീഴിൽ ഉടനെ ഒളിച്ചുവെച്ചിരുന്നുപോലും. Pride & rijudice മുതലായി സഹൃദയലോകത്തെ മുഴുവനും പുളകംകൊള്ളിക്കുന്ന ഗ്രന്ഥങ്ങളുടെ കർത്തൃത്വമുള്ള പ്രതിഭാശാലിനി ഗ്രന്ഥകർത്രി അപവാദഭയത്താൽ ഒളിപ്പിക്കേണ്ടിവരിക എന്ന സ്ഥിതി ഓർക്കുമ്പോൾ ശരീരമാസകലം ഒരു തരിപ്പുവരുന്നു. പക്ഷേ എന്തു ചെയ്യും! അതായിരുന്നു നമ്മുടെ സഹോദരികളുടെ അന്നത്തെ ഗതി. അതുകൊണ്ടുംകൂടിയാണു സ്ത്രീകൾ സാഹിത്യത്തിൽ ഇപ്പോഴുള്ളതിലധികം ഉച്ചമായ സ്ഥാനത്തിൽ എത്താതിരുന്നതു്. പ്രതിഭാശാലിനികളുടെ ദൌർലഭ്യംകൊണ്ടല്ല. പോരാഞ്ഞിട്ടു സ്ത്രീകൾ എഴുതുവാൻ തുടങ്ങിയപ്പോൾ പുരുഷന്മാരെപ്പോലെ എഴുതുവാനാണു ശ്രമിച്ചതു്. പുരുഷൻ്റെ പരുഷമായ ശൈലിയും, ആദർശങ്ങളും, ജീവിതതത്വചിന്തനങ്ങളും സ്ത്രീ അപ്പാടെ പകർത്തി. സ്ത്രീഹൃദയവും സ്ത്രീചിത്തസ്വഭാവവും അതിൽ കണ്ടില്ല എന്നിങ്ങനെയാണു വർജിനിയാ വുൾഫ പറഞ്ഞതു്. ആ പ്രസംഗം പുസ്തകരൂപത്തിലാക്കി, പരസ്യം ചെയ്തിട്ടുണ്ട്. "A Room of one's own — By Virginia Woolf''.

'സ്വന്തമായി ഒരു മുറിയും''—"സ്ത്രീകളും കലയും'' തമ്മിൽ എന്താണ് ഒരു സംബന്ധമുള്ളതു്. അവരുടെ പുസ്തകത്തിനു് അവരെന്തിനാണിങ്ങിനെ ഒരു പേരുകൊടുത്തു? എന്നായിരിക്കാം നിങ്ങൾ അത്ഭുതപ്പെടുന്നതു്. ആ ചോദ്യത്തിനുള്ള ഉത്തരം, മിസ്സിസ് നായരുടെ ലേഖനത്തിലെ മറെറാരു വാദത്തെയാണു സ്പഷ്ടമാക്കുന്നതു. മി. സരോജാനായർ പറയുകയാണ്: "പുരുഷന്മാർ അപഹരിച്ചിട്ടോ, അവരുടെ മർദ്ദനമേററോ, എങ്ങിനെയായാലും, സ്ത്രീയിലുള്ള കലാഭാഗം, അനുദിനം കുറഞ്ഞു കുറഞ്ഞു വരുന്നതായിട്ടാണ് നാം കാണുന്നതു്''—അതു പരിഹരിക്കണമെന്നും, പരിഹരിച്ചെങ്കിൽമാത്രമേ രാജ്യത്തു കല ശരിയായി പോഷിക്കുകയുള്ളുവെന്നും, അതുകൊണ്ടു ഇന്ന് അധഃപതിച്ചുകാണുന്ന സ്ഥിതിയിൽനിന്നും, സ്ത്രീകളെ വീണ്ടെടുത്തു് അവരുടെ കലാഭിരുചി വർദ്ധിപ്പിക്കുവാൻ, ഗവമ്മെൻ്റുവേണ്ട നടപടികളെടുത്തു വിദ്യാഭ്യാസപദ്ധതി ഒന്നു വ്യത്യസ്തമാക്കണമെന്നും ആണ് അവർ വാദിക്കുന്നതു്. അതു ശരിയാണെന്നു് ആരും സമ്മതിക്കും.

വർജീനിയാവുൾഫ് ഒരു കാര്യം, ഇക്കാര്യത്തിൽ പറയുന്നുണ്ട്. സാഹിത്യത്തിൽപേരെടുത്തവരൊക്കെ ഒന്നുകിൽ ദരിദ്രരായി കഴിഞ്ഞുകൂടി; അല്ലെങ്കിൽ അവരുടെ പൂർവികർ സമ്പാദിച്ച സ്വത്തുകൊണ്ടു ജീവിച്ചു. അതുമല്ലെങ്കിൽ സ്വന്തമായ വേറെ ജോലിചെയ്തു ശമ്പളം വാങ്ങിക്കഴിഞ്ഞു. ഇതായിരുന്നു ഇന്നലെവരെയുള്ള സ്ഥിതി. (മലയാളത്തിൽ ഇന്നും സ്ഥിതിയതുതന്നെ) സ്ത്രീക്കു് സാമ്പത്തികസ്വാതന്ത്ര്യമുണ്ടായിരുന്നില്ലെന്നു മാത്രമല്ല; ദാരിദ്ര്യം വരിക്കുവാനുള്ള സ്വാതന്ത്ര്യവുംകൂടി ഉണ്ടായിരുന്നില്ല. അച്ഛൻ്റെ കീഴിലൊ, ഭർത്താവിൻ്റെ കീഴിലൊ വളർന്നു. അവൾക്കിഷ്ടമായെങ്കിലല്ലെ എഴുതാൻ വയ്യുള്ളു? കല്യാണം കഴിക്കാതിരുന്ന സ്ത്രീയും ഏതെങ്കിലും ബന്ധുക്കളുടെ ദയകൊണ്ടു കഴിഞ്ഞുകൂടുകയാണു് ഉണ്ടായതു്. സ്വന്തമായി ഒരു മുറിയും, ആരുടെ വാലിലും തൂങ്ങാതെയുള്ള ജീവിതവും ഉണ്ടായിരുന്നെങ്കിൽ സ്ത്രീകൾ സാഹിത്യത്തിൽ കുറച്ചുകൂടി വിലപ്പെട്ടവരായിരുന്നുവെന്നാണ് അവർ സമർത്ഥിച്ചിട്ടുള്ളതു്.

അതും ഓർത്തു മലയാളരാജ്യത്തിലെ സ്ഥിതി ഒന്നു പരിശോധിച്ചാൽ മിസ്സിസ് നായർ ഭംഗിയായി വിവരിച്ച ഒരു പരമാർത്ഥത്തിൻ്റെ കാരണം കാണാമെന്നുതോന്നുന്നു. "സംഗീതം, സാഹിത്യം, ചിത്രമെഴുത്ത്, നാട്യം, നടനം പാചകം എന്നീ കലകളിലും തയ്യൽ മുതലായ കരകൌശലവേലകളിലും.........ഇപ്പോൾ പുരുഷൻ സ്ത്രീയെ ജയിച്ചു നിൽക്കുന്നുണ്ട്— ' എന്നാണ് അവർ പറയുന്നതു്. പണ്ടാരോ പറഞ്ഞതുപോലെ, പറഞ്ഞിട്ടില്ലെങ്കിൽ, പറയേണ്ടിയിരുന്നതുപോലെ: പാട്ടുപഠിപ്പിക്കുന്നതു പെൺകുട്ടികളെ, പാടുന്നതു് ആൺകുട്ടികൾ. പാചകവേല സ്ത്രീയുടെതാണ്, സദ്യ കാര്യക്കാരൻ പുരുഷനെയാണ് വിളിക്കുക. എത്ര തുന്നൽ പഠിച്ച സ്ത്രീയുടെ വീട്ടിലും കുപ്പായം തുന്നാൻ പുരുഷനായ തുന്നക്കാരൻ കൂടാതെ കഴിയില്ല. കലകൾ പലതും സ്ത്രീകളെ പഠിപ്പിച്ചിട്ടും, അവരിൽ ചുരുക്കം പേർമാത്രം ആ പഠിച്ചതിൽ ആജീവനാന്തം ശ്രദ്ധവെക്കുന്നതായിട്ടാണ് കാണുന്നതു്. എന്താണിതിനു കാരണമെന്നു് ആലോചിച്ചുനോക്കാമോ? ദേഷ്യം വരരുതെ.

പെൺകുട്ടികളെ പാട്ടും തുന്നലും പാചകവേലയും, ഇംഗ്ലീഷും പഠിപ്പിക്കുന്നതു ഭർത്താക്കന്മാരെ ലഭിക്കാനുള്ള പടങ്ങളായി നാട്ടിൽ നടപ്പായതുകൊണ്ടാണ് മേൽപ്പറഞ്ഞ അബദ്ധം വരുന്നതു്. ഹെ! അതു വെറും അബദ്ധം; എൻ്റെ കുട്ടികളെ പഠിപ്പിക്കുന്നതു് അതിനല്ല, എന്നു ചിലർ കയർക്കുമായിരിക്കും. പോട്ടെ. അവരുടെ കാര്യത്തിലതു ശരിയാണെന്നു സമ്മതിച്ചേക്കാം. വഴക്കുവേണ്ട. പക്ഷേ പ്രത്യക്ഷമായല്ലെങ്കിലും, പരോക്ഷമായെങ്കിലും, ഞാൻ ആരോപിച്ച ദോഷം നമ്മുടെ സമുദായത്തിലുണ്ട്. നമ്മുടെ ദേഷ്യം പിടിച്ച മാതാപിതാക്കന്മാരുടെ പുത്രനുതന്നെ കല്യാണം വേണമെന്നുവെക്കുക. എങ്ങിനെയുള്ള വധുവെയാണ് അവർ തിരയുക? കണ്ടാൽ നന്നോ? പാട്ടറിയുമോ? പഠിപ്പുണ്ടോ? പാചകവേലയറിയുമോ? എന്ന് അവർ അന്വേഷിക്കുകയില്ലെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ, ഞാൻ നാടുവിട്ടതിനുശേഷം, നാട്ടുകാരെല്ലാം മാറിപ്പോയിരിക്കണം. എത്ര കഷ്ടപ്പെട്ടു പഠിപ്പിച്ച പാട്ടാണു? കല്യാണവും കഴിഞ്ഞു് അവൾ അതൊക്കെ മറന്നു എന്നു പക്ഷേ ഇന്നും പറയാറില്ല. കല്യാണത്തിനുവേണ്ടി, പരീക്ഷയ്ക്കു പഠിക്കുമ്പോലെ പഠിപ്പിച്ച പാട്ട്, കല്യാണം കഴിഞ്ഞാൽ പാടുവാൻ ആളുകൾക്കു മടിയുണ്ടാവുന്നതും, പാഠപുസ്തകം ക്ലാസ്സുകഴിഞ്ഞാൽ വായിക്കാനുള്ള മടിയും രണ്ടും ഒരുപോലെയാണ്. ഈ വിചാരം വെച്ച മനസ്സിൽനിന്നു തീരെ ഒഴിഞ്ഞാൽമാത്രമേ, സ്ത്രീകളുടെ കലാവിരുതു് ഇന്നുള്ളതിലുമധികം പ്രകാശിക്കയുള്ളു. അതിനുവേണ്ടുന്ന മനഃസ്ഥിതിയും, ആ മനഃസ്ഥിതി സൃഷ്ടിക്കുവാനുള്ള പരിതഃസ്ഥിതിയും ഉണ്ടാക്കുകയാണ് ഗവമ്മെൻ്റും സമുദായവും, പുരുഷന്മാരും സ്ത്രീകളും ഒരുമിച്ചുനിന്നു ചെയ്യേണ്ടുന്നതു്.

—o—



ജിനിവായിൽവെച്ചു നടക്കുന്ന ൩൨-ാമത്തു് സാർവ്വരാഷ്ട്രീയതൊഴിലാളി കാൺഫറൻസിൽ തൊഴിലാളികളുടെ പ്രതിനിധിയെന്ന നിലയിൽ സംബന്ധിക്കുവാൻ പോകുന്ന ഐ. എൻ. ടി. യു. സി. പ്രസിഡൻറ് ശ്രീ: ഖണ്ഡുഭായിദേശായിയുടെ ബഹുമാനാർത്ഥം അഹമ്മദബാദിലെ ഐ. എൻ. ടി. യു. എസി. ഗുജറാത്തുബ്രാഞ്ചു് നൽകിയ സൽക്കാരം. ഇരിക്കുന്നവർ ഇടത്തുനിന്ന്: ശ്രീ. ഖണ്ഡുഭായിദേശായി, ബോംബെമന്ത്രി ശ്രീ: മൊറാർജിദേശായി, അഹമ്മദാബാദ് മുനിസിപ്പാലിററി പ്രസിഡൻറ് സേത്തു് ചിനുഭായി ചമൻലാൽ.


ഇനാം!

നിങ്ങളുടെ യോഗനില



പ്രേമം, ആരോഗ്യം, പരീക്ഷ, ജോലിക്കാര്യം, സംരക്ഷണം, ഗ്രഹങ്ങൾ, കുട്ടികൾ, കച്ചേരിക്കാര്യം, കലഹം, ബാധാ ഉപദ്രവം എന്നീ വിഷയങ്ങളടങ്ങിയ നിങ്ങളുടെ ൧൨-മാസത്തെ ജാതകഫലം വെറും സൌജന്യമായി പായും. കൂടാതെ ദുഷ്ഫലങ്ങളെ അകററുന്ന ഭാഗ്യമോതിരവും കുറഞ്ഞ റേററിൽ അയയ്ക്കും. ഏതെങ്കിലും ഒരു പുഷ്പത്തിൻ്റെ പേരും എഴുതുന്ന സമയവും അറിയിക്കുക. (എഴുത്തു് ഇംഗ്ലീഷിൽ.)

Prof: Anand Royal Astrologer,
P. B 61, (M. R. Q.) AMRITSAR

ചെറുകഥ

# ജന്മദിനം!

വട്ടോളി കൊച്ചുകൃഷ്ണൻനായർ

എന്തോ ശബ്ദംകേട്ടു ഞാനുണർന്നു. താഴ്ത്തിവച്ചിരുന്ന ഹരിക്കെയിൻവിളക്കിന്റെ ചെറുപ്രകാശം മുറിയിലെങ്ങും വ്യാപിച്ചിട്ടുണ്ട്. ഞാൻ പ്രേയസിയെ നോക്കി. അവൾ താഴെ കിടക്കയിൽ മലർന്നുകിടന്നു നല്ല ഉറക്കമാണ്. അലാറം അടിക്കാതെ ഞാൻ ഉണരാൻ കാരണമെന്തു്?

ഞാൻ വിളക്കിന്റെ മേൽ ദൃഷ്ടിപായിച്ചു. അല്ലാ, വേണു! ഞങ്ങളുടെ ഒരുവയസ്സുള്ള ഓമനക്കുട്ടൻ മുട്ടുകുത്തി അവിടെയെത്തി ടൈംപീസ് മറിച്ചിട്ടിരിക്കുന്നു. ആ ശബ്ദമാണ് ഞാൻ കേട്ടതു.

ചമ്രംപടിഞ്ഞിരിക്കയാണവൻ. എന്തോ തൊന്തരവുചെയ്യുവാനുള്ള അവന്റെ മുഖഭാവവും മൗനവും വ്യക്തമാക്കി. വേണുവിന്റെ അനന്തരനടപടികൾ കാണാനുള്ള കൗതുകംകൊണ്ടു കണ്ണു പകുതിതുറന്നു ഞാൻ അനങ്ങാതെ കിടന്നു.

വേണു വിളക്കിനോടു അടുക്കുന്നു. അതിൽ തൂക്കിവച്ചിരുന്ന തീപ്പെട്ടി അവൻ കണ്ടുപിടിച്ചു. അവനൊന്നു ചിരിച്ചു. തീപ്പെട്ടി പിടിച്ചു വലിച്ചു. കിട്ടിയില്ല. പലതവണ പരിശ്രമിച്ചതിന്റെ ഫലമായി തീപ്പെട്ടി കിട്ടി. പക്ഷേ, കോലെല്ലാം ചിതറി ഒരു കിലുകിലാരവം! ആ കാഴ്ചയും ശബ്ദവും അവനെ ആനന്ദഭരിതനാക്കി.

അല്പംകഴിഞ്ഞു അവൻ ഒരു തീപ്പെട്ടിക്കോൽ കൈയിലെടുത്തു. പെട്ടിയിൽ പടംപതിച്ച ഭാഗത്തു്, മരുന്നില്ലാത്ത മൂട്ടുകൊണ്ടു കുത്തിയുരുക്കി. പലതവണ ആവർത്തിച്ചു. കോപിച്ചു തെരുതെരെ ഉരച്ചിട്ടും കത്താത്ത ദേഷ്യത്താൽ അതു വലിച്ചെറിഞ്ഞു.

അനന്തരം അവൻ വേറൊരു കോലു കൈയിലാക്കി. വളരെ സാവധാനത്തിൽ നെററിയുടെ മധ്യത്തിലെയ്യു കൊണ്ടുപോ[illegible]ച്ചു ഒന്നു തൊട്ടു. ചേച്ചി ചന്ദനം തൊടുന്ന[illegible]വൻ സൂക്ഷിച്ചുകാണും. നെററിയിൽ പററിയില്ലെന്നു അവനെങ്ങനെ അറിയും? കൃതാർത്ഥതയാണു മുഖത്തു പ്രതിഫലിച്ചതു്.

എനിക്കു പരിഭ്രമമായി. കുഞ്ഞു ഇനി മരുന്നു കടിച്ചുതിന്നുമോ? ഇല്ല. അവന്റെ ശ്രദ്ധ മാറിക്കഴിഞ്ഞു.

വേണു തലകുനിച്ചു ചുണ്ടു കൂർപ്പിച്ചു്, അമ്മ അടുപ്പിൽ തീ ഊതുംപോലെ ഊതിത്തുടങ്ങി. എനിക്കു ചിരിവന്നു. പലതവണ ആവർത്തിച്ചു. ഈ ആക്രമണത്തെ തൃണവൽഗണിച്ചു ജ്വാല സ്ഫടികക്കൂട്ടയ്ക്കുള്ളിൽ ചിരിച്ചുകൊണ്ടുനിന്നു.

ഊതി വശംകെട്ട വേണു നിവർന്നിരുന്നു്, ഇനി എന്താണു വേണ്ടതെന്ന ചിന്തയായി. അവന്റെ കുഞ്ഞിക്കൈ തിരിയാണിയിൽ പിടിച്ചു അതൊന്നു തിരിഞ്ഞു ഊരുവിൽ നുള്ളിയ ക്രോധംകൊണ്ടാവാം, ജ്വാല, കോപിച്ചു ജ്വലിച്ചു വേണു പേടിച്ചു പെട്ടെന്നു പിറകോട്ടു തിരിഞ്ഞു. കാലുതട്ടി വിളക്കുമറിഞ്ഞു.

"പൂച്ച പൂച്ച"

വേണുവിന്റെ അമ്മ പിടച്ചെഴുന്നേററു.

"പൂച്ച എവിടെ?"—ഞാൻ പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു.

"നിങ്ങളാ, പൂച്ച"—അവൾക്കു ഉറക്കപ്പിച്ചുകൊണ്ടുള്ള ദേഷ്യം.

"ഇതാ പൂച്ച"— ഞാൻ വീണ്ടും പൊട്ടിച്ചിരിച്ചു വേണുവിനെ ചൂണ്ടിക്കാട്ടി.

അവൾക്കും ചിരിവന്നു ഉടനെ ഓമനക്കുട്ടനെ വാരിയെടുത്തു മുലകൊടുത്തു.

വേണു! ഞങ്ങളുടെ ഓമനക്കുഞ്ഞു! എട്ടുപത്തുകൊല്ലം കാത്തിരുന്നു ഭഗവാന്മാരുടെ ഫലമായി ലഭിച്ച കനകനിധിയാണവൻ. മൂത്തതു മൂന്നുനാലു പെൺകുഞ്ഞുങ്ങൾ; അവൻ മൂലം ഞങ്ങൾക്കു പ്രപഞ്ചം സാർത്ഥകമായി. ആ പല്ലില്ലാപ്പുഞ്ചിരി ഇരുൾജീവിതത്തിലെ കെടാവിളക്കായി.

ആ തിളങ്ങുന്ന കണ്ണുകൾ! തിങ്ങിയ പുരികങ്ങൾ! ഉയർന്ന നാസിക! കൊഴുത്ത കൈകാലുകൾ! എല്ലാം ഞങ്ങളുടെ സന്താനസമ്പത്തുകളാണ്.

വേണുവിന്റെ ഗ്രഹനില അതിവിശേഷമാണ്. അസ്സൽ കേസരിയോഗം. ഞങ്ങൾ അവനെപ്പററി എന്തെല്ലാം സ്വപ്നങ്ങളാണ് കണ്ടുകൊണ്ടിരിക്കുന്നതു്! എല്ലാം വിററിട്ടാണെങ്കിലും അവനെ അങ്ങേഅററംവരെ പഠിപ്പിക്കണമെന്നു ഞാൻ തീരുമാനിച്ചിരിക്കയാണ്.

വേണുവിന്റെ ഒന്നാമത്തെ ജന്മദിനമാണിന്ന്. മൂന്നരമണിക്കു ഉണരാൻ അലാറം വച്ചിരുന്നു. മൂന്നുമണിക്കു അവൻ ഞങ്ങളെ ഉണർത്തിക്കഴിഞ്ഞു. ചേച്ചിമാരും ഉണർന്നുകഴിഞ്ഞു. "ഇന്നു വേണുവിന്റെ പിറന്നാളല്ലേ" അവർ സന്തോഷഭരിതരായി പറഞ്ഞു. അവർ വേണുവിനെ എടുക്കാൻ മത്സരമായി. പിടിയും വലിയും തുടങ്ങി.

ഞങ്ങളെല്ലാവരും സദ്യയ്ക്കു വേണ്ട ഒരുക്കങ്ങളിൽ ഏർപ്പെട്ടു. നാളികേരം ചുരണ്ടുന്നു. കറിക്കു നുറുക്കുന്നു. വെള്ളംകോരുന്നു. പാൽ പ്രഥമൻ അടുപ്പത്തുവച്ചു. നേരം വെളുത്തുകഴിഞ്ഞു. കുഞ്ഞിനെ ക്ഷേത്രത്തിൽ കൊണ്ടുപോകുന്ന കാര്യം തർക്കത്തിലായി. ലീലയും മണിയും വലിയ വഴക്കും ലഹളയും. രണ്ടുപേരും പോകാൻ അനുവദിച്ചു വഴക്കുതീർത്തു.

മണി പത്തായി. ക്ഷണിക്കപ്പെട്ടവർ മിക്കപേരും വന്നുകഴിഞ്ഞു. കുഞ്ഞുങ്ങൾ പലതരം കളികളിൽ ഏർപ്പെട്ടു. സ്ത്രീകൾ അന്യോന്യം പറഞ്ഞു ചിലയ്ക്കുകയും ചിരിക്കയും കരകയും ചെയ്യുന്നു. വേണു കൈമാറിക്കൈമാറി പലരുടേയും ലാളനയനുഭവിച്ചുകൊണ്ടിരുന്നു ഞാൻ പൂമുഖത്തു കസേരയിൽ വിശ്രമിക്കുകയാണ്.

അടുക്കളഭാഗത്തുനിന്നു വലിയൊരു ബഹളം! ഞാൻ ഓടിച്ചെന്നു. ഹാ! കഷ്ടം! പായസം പകർന്നുവച്ചിരുന്ന വെള്ളഭരണി മറിച്ചിട്ടിരിക്കുന്നു. എത്ര കഷ്ടപ്പെട്ടുണ്ടാക്കിവച്ചു. ലീല വേണുവിനെ എടുത്തുകൊണ്ടോടിയപ്പോൾ തട്ടിമറിച്ചുപോലും! എനിക്കു വല്ലാതെ ദേഷ്യംവന്നു. സ്വയം മറന്നു ലീലയെ ഉരട്ടപാടു മർദ്ദിച്ചു. കൂടാതെ അവളുടെ ഒക്കത്തിരുന്ന വേണുവിനേയും തല്ലി. വേണു വാവിട്ടു കേണു.

"നിങ്ങൾക്കെന്താ, ആ കുഞ്ഞിനെക്കൊല്ലാൻ. അവനെന്തുചെയ്തു? ഇന്നവന്റെ പിറന്നാളല്ലേ?" പ്രേയസി നിലവിളിച്ചുകൊണ്ടു കുഞ്ഞിനെ എടുത്തുകൊണ്ടുപോയി.

ഞാൻ സ്വബോധത്തു വന്നിരുന്നു വിഷാദമഗ്നനായി. എന്നിട്ടും, എന്റെ കോപത്തേയും അത്യധികം വെറുത്തു. "ഈ കോപം ഞാൻ മുജ്ജന്മത്തിൽ സമ്പാദിച്ച പാപത്തിന്റെ ഫലമാണ്." ഞാൻ ചിന്തിച്ചുതുടങ്ങി. "എന്നിൽനിന്നു ഇതൊന്നകന്നിരുന്നെങ്കിൽ! ക്രോധമല്ലോ യമനായതു നിർണ്ണയം എന്ന ആപ്തവാക്യം എത്ര ശരിയാണ്. ഇതെന്റെ ജീവിതമൂല്യത്തെ നിരന്തരം കരളുന്നു. ആ പിശാച് അതിന്റെ ആയുസ്സമഷ്ടിയിലിട്ടു എന്നെ ഞെരിച്ചു കൊല്ലാതെ കൊല്ലുന്നു. ഹാ, കോപമേ മദ്യം തൊടാത്ത എന്നെ നീ മദ്യപാനാക്കിത്തീർക്കുന്നല്ലോ. ബാധയില്ലെങ്കിലും കൂടക്കൂടെ തുള്ളിക്കുന്ന മന്ത്രികനാണു നീ. മാതാപിതാക്കളേയും ഗുരുക്കളേയും അവഗണിക്കാൻ പഠിപ്പിക്കുന്ന പിശാചാണു നീ."

എന്റെ ചിന്തയും പശ്ചാത്താപവും ക്രമേണ വളർച്ചതുടങ്ങി "പായസം പോയതിൽ ഇത്ര കോപിക്കുന്നതെന്തിനു? ഓമനക്കുഞ്ഞെന്തുപിഴച്ചു?" വേണുവിനെ തല്ലിയ കാര്യമോർത്തു എന്റെ നേത്രങ്ങളിൽനിന്നു അശ്രുബിന്ദുക്കൾ അടർന്നടർന്നു വീണുകൊണ്ടിരുന്നു.

സദ്യകഴിഞ്ഞു ആളുകൾ പിരിഞ്ഞുതുടങ്ങി. വേണുവിനെ നോക്കുന്ന ജോലി അനുജത്തി മണിയെ ഏല്പിച്ചു ലീല കളിക്കാൻപോയി. അവളെ കാത്തു കാത്തു മണി വിഷമിച്ചു. "ചേച്ചി, ചേച്ചി" എന്നിങ്ങനെ ധാരമുറിയാതെ വിളിതുടങ്ങി. അതുകേട്ടിട്ടും ലീലയ്ക്കു കുസലൊന്നുമില്ല.

വേണു ഉറങ്ങി. ലീല വരാത്തതുകൊണ്ടു മണിക്കു കളിക്കാൻ പോകാൻ നിവൃത്തിയില്ല. കുഞ്ഞിനെ നിലവിളിപ്പിക്കാൻ അവളൊരു വിദ്യയെടുത്തു. വേണുവിനെ നല്ലപോലെ ഒന്നു നുള്ളിനോവിച്ചു. അവന്റെ മുറവിളികേട്ടു ലീല ഓടിയെത്തി.

"നീ കുഞ്ഞിനെ നുള്ളി" ലീല മണിയെ കുററപ്പെടുത്തി.

"നന്നായിപ്പോയി" മണിപറഞ്ഞു. ലീല അവളെ അടിച്ചു.

"നിന്നെ ഞാൻ പഠിപ്പിച്ചുക്കാം."—മണി ഓടിക്കഴിഞ്ഞു.

ഇതെല്ലാം ഞാൻ അറിയുന്നുണ്ടെങ്കിലും, ഇന്നു ആരേയും ശകാരിക്കയോ തല്ലുകയോ ചെയ്കയില്ലെന്നു ശപഥം ചെയ്തിരുന്നതിനാൽ മൗനമവലംബിച്ചു.

ഞാൻ ക്ഷീണംകൊണ്ടു ഉറങ്ങിപ്പോയി. ഒരു ബഹളംകേട്ടാണ് ഉണർന്നതു്. "വേണുവിനെ കാണുന്നില്ല." ഞാൻ ഓടിച്ചെന്നു കാര്യമന്വേഷിച്ചു. കുഞ്ഞു് ഉറങ്ങുകയാണല്ലോ, എന്നു കരുതി ലീല പിന്നേയും കളിക്കാൻ പോയി എന്നു സമ്മതിച്ചു. കുറെക്കഴിഞ്ഞു വന്നു നോക്കിയപ്പോൾ കുഞ്ഞു കിടക്കയിൽ ഇല്ല.

വീടുമുഴവൻ ബഹളമായി: ഞാൻ വല്ലം


# വനസ്പതി ആരോഗ്യകരമാണെന്ന്

# നിപുണന്മാർ ഉറപ്പ് നല്കുന്നു

## ഭക്ഷണം, കൃഷി മന്ത്രിയിൽനിന്നും ഉറപ്പ്

## യു. പി. ആരോഗ്യമന്ത്രിയുടെ അനുയോജിപ്പ്

വനസ്പതി ആരോഗ്യകരമാണൊ എന്നതിനെക്കുറിച്ചുള്ള എല്ലാ സംശയങ്ങളും നീക്കുവാൻ ഗവമ്മേണ്ട് ഒരു സംഘം പ്രശസ്തിനേടിയ ശാസ്ത്രജ്ഞന്മാരെ ഈ ജനസമ്മതമായ ഭക്ഷണത്തെക്കുറിച്ചുള്ള അഭിപ്രായം നല്കുവാൻ നിയമിച്ചു. ഏതാണ്ട് മൂന്ന് കൊല്ലത്തെ സൂക്ഷ്മനിരീക്ഷണങ്ങൾക്ക് ശേഷം ഈ നിപുണന്മാർ അവരുടെ തീരുമാനങ്ങൾ ഗവമ്മേണ്ടിന്ന് സമപ്പിച്ചു. 1949 ഡിസംബർ 8ാംനു- ഭക്ഷണം, കൃഷി എന്നീ വകുപ്പുകളുടെ മന്ത്രിയായ ബഹുമാന്യനായ ശ്രീ ജയറാം ദാസ് ദൌലററ് റാം ഇവരുടെ പ്രസ്താവന ജനപ്രതിനിധിസഭയിൽ വായിച്ചു. ഇതിൽ പ്രധാനമായ അംശങ്ങൾ ഇവയാണ്. (1) നാല് വിവിധകേന്ദ്രങ്ങളിൽ മൂന്ന് തലമുറയിലുള്ള എലികളുടെ മേൽ സൂക്ഷ്മനിരീക്ഷണങ്ങൾ നടത്തി. (2) ഇതിനൊടൊപ്പം തന്നെ നാല് വിവിധകേന്ദ്രങ്ങളിൽ മനുഷ്യർക്കും വനസ്പതി ഭക്ഷണമായി കൊടുത്തുനോക്കി (3) ഫലങ്ങൾ വനസ്പതിപോഷണകരവും, ആരോഗ്യകരവുമാണെന്ന് സംശയമെന്യെ തെളിയിച്ചു.

### പരിശുദ്ധ ഭക്ഷണ ബിൽ

1950 ഏപ്രിൽ 21ാംനു- ലക്നൊ "പയനിയർ" എന്ന കടലാസ്സിൽ പ്രസ്താവിച്ചതുപോലെ പരിശുദ്ധഭക്ഷണ ബില്ലിന്റെ കമ്മിററിയുടെ വാദപ്രതിവാദം ഏപ്രിൽ 19ാംനു- അവസാനിച്ചു. വാദപ്രതിവാദങ്ങൾക്കിടയിൽ നിപുണന്മാരുടെ അഭിപ്രായത്തിൽ ഹൈഡ്രോജെനെയ്ററഡ് എണ്ണ (വനസ്പതി) ഉപദ്രവകരമല്ല എന്ന് ഈ ബിൽ അവതരിപ്പിച്ച യു. പി. ആരോഗ്യമന്ത്രിയായ മിസ്റ്റർ ഗുപ്ത പറഞ്ഞു.

### ദരിദ്രന്മാരുടെ ശത്രുക്കൾ

കൂടാതെ, വനസ്പതി ഉപദ്രവകരമല്ല എന്ന ഡോക്ടർമാരുടെ അഭിപ്രായവും മിസ്റ്റർ ഗുപ്ത ഉദ്ധരിച്ചു. വനസ്പതി ഉണ്ടാക്കുന്നതിനെ എതിക്കുന്നവർ വാസ്തവത്തിൽ ധനവാന്മാരുടെ കൂട്ടുകാരും ദരിദ്രന്മാരുടെ ശത്രുക്കളുമാണെന്ന് ഈ ഡോക്ടർമാരിൽ ഒരാൾ പറഞ്ഞു. ദരിദ്രന്മാക്ക് നെയ്യ് വാങ്ങുവാനുള്ള ത്രാണിയില്ല, വനസ്പതിയും കൂടി ഇല്ലായിരുന്നു എങ്കിൽ പിന്നെ എന്താണ് അവക്ക് ലഭിക്കുന്നതു്?

---

വനസ്പതി തികച്ചും നല്ലതാണ്. നമ്മുടെ നിത്യ ആവശ്യങ്ങൾക്ക് വേണ്ട ഒരു ആരോഗ്യകരമായ ഭക്ഷണക്കൊഴുപ്പാണ് ഇതു്. എല്ലാംകൊണ്ടും ഇതു് തൃപ്തികരമാണെന്ന് കണ്ടിട്ടുള്ള ലക്ഷോപിലക്ഷം വീടുകളും, നമ്മുടെ സൈന്യങ്ങളും, നാവികപ്പടയും, വിമാനപ്പടയും, ആശുപത്രികളും, മററു സ്ഥാപനങ്ങളും ഇതു് ഉപയോഗിച്ചു പോരുന്നു. ഗവമ്മേണ്ടിന്റെ കൃത്യമായ തോതുകളനുസരിച്ച് ഉണ്ടാക്കുന്ന വനസ്പതി എല്ലായ്പ്പോഴും പരിശുദ്ധവും, നിമ്മലവുമാണ്. എണ്ണയെക്കാൾ കൂടുതൽ കാലം പുതിയതായിരിക്കുന്ന ഇതു് എല്ലാതര ഭക്ഷണങ്ങളും പാകം ചെയ്യുവാൻ കൂടുതൽ പററിയതാണ്.

# വനസ്പതി ആവശ്യമാണ്

ദി വനസ്പതി മാനുഫാക്ച്ചറേഴ്സ് അസോസ്സിയേഷൻ ഓഫ് ഇന്ത്യാ പ്രസിദ്ധപ്പെടുത്തുന്നതു്

VMA. 11-86 ML.

## സോമൻ ആൻറ് പാർട്ടി: ൧൩




ത്തേ് പരിഭ്രമിക്കുകയും വ്യസനിക്കുകയും ചെയ്തു.

"മണി എവിടെ?"—ഞാൻ അന്വേഷിച്ചു.

എല്ലാവരും ഉറക്കെ വിളിച്ചു. അവരം ഒരിടത്തു ഒളിച്ചിരിക്കുന്നു.

"വേണു എവിടെ?" ഞാൻ അവളെ കണ്ടുപിടിച്ചപ്പോൾ ചോദിച്ചു. അവരം പേടിച്ചു വിറയ്ക്കുന്നുണ്ടായിരുന്നു.

"ചേച്ചി എന്നെ തല്ലീട്ടും."

"കുഞ്ഞു് എവിടെയാണു് പറഞ്ഞില്ലെങ്കിൽ നിന്നെക്കൊല്ലും"—വടിയുമായി ഞാൻ അടുത്തു.

"ഞാൻ അരിപ്പെട്ടീൽ എടുത്തുകിടത്തി."

"അയ്യോ" ഞാൻ ഓടിച്ചെന്നു് അരിപ്പെട്ടിതുറന്നു. വേണു കണ്ണുരുട്ടുന്നു ശ്വാസംമുട്ടി വിഷമിക്കുന്നതുകണ്ടു. ഞാൻ വിഷാദപൂർവം കുഞ്ഞിനെ എടുത്തു് ഓമനിച്ചു

ജന്മദിനം ഞാൻ കുഞ്ഞിനെ തല്ലി. ഇപ്പോൾ പെട്ടിയിലിട്ടു ശ്വാസം മുട്ടിച്ചു. എന്റെ ഹൃദയം വിഷാദകലുഷമായി. ഒരു മണിക്കൂറിലധികം വേണുവിനെ തോളിലിട്ടു താലോലിച്ചു നടന്നു.

വൈകുന്നേരമായപ്പോൾ, കുഞ്ഞിനു പനിക്കുന്നു. ഞാൻ അവനെ കളിപ്പിച്ചു, ചിരിപ്പിച്ചു. പതിവുള്ള ഉത്സാഹമല്ല മുഖത്തു്. ഒരു പാരവശ്യം. പനി കൂടിക്കൂടി വരികയാണു്. അതു പകുത്തി എടുക്കാമെങ്കിൽ!—ഞാൻ ആശിച്ചു.

"കുഞ്ഞേ, ആ പനി അച്ഛനു തരുമോ?" ഹൃദയവേദനയോടെ ഞാൻ ചോദിച്ചു.

"ഉ-ഹൂം. എന്റെയാ"—അതായിരുന്നു ഉത്തരം.

ഞങ്ങളുടെ പ്രഭാതത്തിലെ ആനന്ദം സായംഹ്നത്തിൽ വിഷാദമായി മാറി. ഈശ്വരാ, അങ്ങൊരു ഇന്ദ്രജാലക്കാരനോ!

അടുത്തുള്ള നാട്ടുവൈദ്യനെ കൊണ്ടുവന്നു് കഷായം, മുക്കുടി, നിരുകയിൽ കുഴമ്പു് എല്ലാം ശരിപ്പെടുത്തി. ഡാക്ടരെ വിളിക്കാൻ എട്ടുനാഴിക പോകണം, കുറവില്ലെങ്കിൽ കാലത്തെ പോകാമെന്നു തീരുമാനിച്ചു.

രാത്രിയായതോടെ പനി വർദ്ധിച്ചുതുടങ്ങി. കുഞ്ഞു കണ്ണു തുറക്കാതായി. അവൻ ഇടയ്ക്കിടയ്ക്കു ഞെട്ടുകയും കൺമിഴിക്കയും ചെയ്യുന്നു. ശരീരത്തിൽ നീലനിറം വ്യാപിക്കുന്നു. ഞങ്ങൾ കരഞ്ഞു കണ്ണുനീർവാർത്തു കഴിച്ചുകൂട്ടി. തോന്നിയ വഴിപാടുകളെല്ലാം നേർന്നു.

വേണു തള്ളയുടെ മടിയിലാണു്. ഞങ്ങൾ ചുറ്റുമിരുന്നു വ്യസനിക്കുന്നു. കുഞ്ഞിനൊരു മുട്ടൽ! ശ്വാസതടസ്സം! വലിവു്! നിശ്ശബ്ദത. കാളരാത്രി. അയ്യോ! അവൻ കൺമിഴിക്കുന്നു. ശ്വാസം നിന്നു!

ഞാൻ ഗദ്ഗദത്തോടെ പറഞ്ഞു: "ജന്മദിനം! ഇന്നാണു്, വേണുവിന്റെ ജന്മദിനം!"

—o—


# ജാതകാദേശം

(സവ്യാഖ്യാനം)

ജ്യോതിഷസംബന്ധമായും ജാതകസംബന്ധമായും അനർഘങ്ങളായ വിവരങ്ങൾ അടങ്ങിയ ഉത്തമജ്യോതിഷഗ്രന്ഥം. വില ണ. 15.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# *രാമരാജ്യത്തിന്റെ ലക്ഷണങ്ങൾ

ആചാര്യ വിനോബാജി

വിവ: എസ്. ചന്ദ്രശേഖരൻനായർ അ: ഭാ: ചക്രസംഘം പ്രവർത്തകൻ.

## ഹിന്ദുസ്വരാജ്

൧൯൦൯-ലാണ് ഗാന്ധിജി "ഹിന്ദുസ്വരാജ്" എന്ന ഗ്രന്ഥം രചിച്ചത്. ആ ഗ്രന്ഥത്തിൽ അദ്ദേഹം വിഭാവനംചെയ്തിരുന്ന സ്വരാജ്യത്തെക്കുറിച്ച് വിശകലനംചെയ്ത് ഉപന്യസിച്ചശേഷം ആ ലക്ഷ്യത്തിൽ ചെന്നുചേരാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഗ്രന്ഥത്തിന്റെ അവസാനഭാഗത്തു ഗാന്ധിജി ഇപ്രകാരം പറയുന്നു. "ഈശ്വരൻ സാക്ഷിയായി എന്റെ ശേഷിച്ച ആയുഷ്കാലം മുഴുവനും ഈ സ്വരാജ്യസമ്പാദനാർത്ഥം അർപ്പണം ചെയ്തിരിക്കുന്നു." ഇതു ഒരു മഹത്തായ ലക്ഷ്യമാണല്ലോ. ഒരു വ്യക്തി സ്വരാജ്യമെന്ന ലക്ഷ്യത്തെ തെളിവായി കാണുകയും, അതിൽ ചെന്നെത്താനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തശേഷം നാല്പതു സംവത്സരക്കാലം ആ മാർഗ്ഗത്തിൽക്കൂടി ഈ ഭാരതഭൂമിയെ നയിക്കുകയും ചെയ്യുന്നു. അവസാനം ഏതാ ഒരുവക സ്വരാജ്യം നമുക്കു കരഗതമാകുകയും ചെയ്തു.

## സത്യത്തിങ്കലുള്ള ദൃഢവിശ്വാസം

ഗാന്ധിജി നിർദ്ദേശിച്ച മാർഗ്ഗമാണ് സത്യാഗ്രഹമെന്നതു. സത്യാഗ്രഹമെന്നാൽ കേവലം സന്ധിനിയമലംഘനം മാത്രമല്ല, നമ്മുടെ ജീവിതത്തിൽ അനുസ്യൂതമായി സത്യത്തിങ്കൽ ദൃഢവിശ്വാസം ഉള്ളവരായിരിക്കണമെന്നുള്ളതാണ്. സത്യത്തിങ്കലുള്ള വിശ്വാസം അഹിംസ അല്ലെങ്കിൽ ജീവകാരുണ്യംമൂലം മാത്രമേ സംജാതമാകയുള്ളൂ. അപ്പോൾ അഹിംസയും അ[illegible] ലയിച്ചുപോയി. പരീക്ഷണാർത്ഥം ആ[illegible] ദക്ഷിണാഫ്രിക്കയിലാണ് ഈ പുതിയ ആ[illegible]ധങ്ങൾ പ്രയോഗിച്ചുനോക്കിയതു. അവിടെ അദ്ദേഹത്തിന് വിജയം സിദ്ധിക്കുകയാൽ, ഇൻഡ്യയിൽ തിരിച്ചുവന്നു പരിപൂർണ്ണവിശ്വാസത്തോടുകൂടി തന്റെ പുതിയ ആയുധങ്ങളെ നമുക്കു നൽകി.

## ഒരു വർഷത്തിനുള്ളിൽ സ്വരാജ്യം

ഈ സത്യാഗ്രഹായുധത്തിങ്കൽ അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസം എത്രമാത്രമായിരുന്നു!! നിഷ്കാമമായ സേവനമനോഭാവത്തോടുകൂടി ലക്ഷ്യം തെറ്റാതെ ഈ ആയുധം ഉപയോഗിക്കുന്നതായാൽ സ്വരാജ്യം ക്ഷിപ്രസാദ്ധ്യമാണെന്നു അദ്ദേഹം സാധാരണപറയാറുണ്ടായിരുന്നു. ഒരിക്കൽ പ്രവർത്തനപരിപാടികളെല്ലാം നിർമ്മിച്ചശേഷം, അവ ശരിയായി നിറവേറ്റപ്പെടാൻ സാധിക്കുകയാണെങ്കിൽ, ഒരു കൊല്ലത്തിനുള്ളിൽ സ്വരാജ്യം കരഗതമാകുന്നതാണെന്നു പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. അതിലേക്കുവേണ്ട പ്രോത്സാഹനവും ആ ഒരു കൊല്ലത്തേക്ക് അദ്ദേഹം നൽകിവന്നു. അന്നു നടന്ന ആ സംഭവങ്ങൾ ഇപ്പോഴും എന്റെ സ്മൃതിപഥത്തിൽ നിഴലിക്കുന്നുണ്ട്. ഒരു കൊല്ലം പൂർത്തിയാകാൻ പതിനെട്ടുദിവസമേ ബാക്കിയുണ്ടായിരുന്നുള്ളൂ. അന്ന് ഞങ്ങൾ സബർമതി ആശ്രമത്തിലായിരുന്നു. ആശ്രമവാസികളിലൊരാൾ "ബാപ്പു, ഒരു കൊല്ലംപൂർത്തിയാകാൻ ഏതാനും ദിവസമല്ലേ ബാക്കിയുള്ളൂ. സ്വരാജ്യലബ്ധിക്കുള്ളയാതൊരു ചിഹ്നവും കാണുന്നില്ലല്ലോ?" എന്നു ചോദിക്കുകയുണ്ടായി. അതിലേക്കുള്ള ഗാന്ധിജിയുടെ മറുപടി ഇപ്രകാരമായിരുന്നു. "നിങ്ങൾ, നിങ്ങളുടെ വിശ്വാസത്തിനു മാത്രം വിഘ്നം വരുത്താതിരിക്കുക, പതിനെട്ടുദിവസംകൊണ്ടാണല്ലോ മഹാഭാരതയുദ്ധം അവസാനിച്ചതു? ഈ പതിനെട്ടുദിവസത്തിനുള്ളിൽ നമ്മുടെ പരിപാടികൾ നിറവേറ്റപ്പെടാൻ സാധിക്കുന്നപക്ഷം സ്വരാജ്യം തീർച്ചയായും കൈവന്നേ തീരൂ."

## നമുക്കു ലഭിച്ചതു് ഗാന്ധിയൻ സ്വരാജ്യമല്ല

ഒരുകൊല്ലം പൂർത്തിയായി. സ്വരാജ്യം മാത്രം സമാഗതമായില്ല. കാരണം, അദ്ദേഹം സമർപ്പിച്ച പ്രവർത്തനപരിപാടികൾ നമുക്കു നിറവേറ്റാൻ സാധിച്ചില്ല. എന്നാൽ ഗാന്ധിജി മാത്രം ആ ഒരു മാർഗ്ഗമേ ഉള്ളൂവെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുവന്നു. ആ മാർഗ്ഗത്തിലൂടെയാണ് സ്വരാജ്യം ലബ്ധമാകേണ്ടതെന്നും പറഞ്ഞുവന്നു. അവസാനമായി നമുക്കു സ്വരാജ്യപ്രാപ്തിയിൽ ചെന്നെത്താൻ സാധിച്ചു, ആ വിശ്വാസത്തിന്റെ ഓരംശം നമ്മിലും കടന്നുകൂടിയതുകൊണ്ടായിരിക്കണം. എന്നാൽ ഈ സ്വാതന്ത്ര്യംകൊണ്ട് ഗാന്ധിജിക്ക് ഒട്ടുംതന്നെ സമാധാനമോ, സംതൃപ്തിയോ ഉണ്ടായില്ല. അദ്ദേഹത്തിന്റെ മനസ്സ് വളരെ വേദനിച്ചു. ഇറ്റലി നേടിയ സ്വാതന്ത്ര്യംകണ്ട 'മാജിനി'യുടെ അവസ്ഥയും ഈ വിധമായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. ഇത്തരം സ്വാതന്ത്ര്യമല്ലല്ലോ ഞാൻ പ്രതീക്ഷിച്ചതു എന്നാണത്രെ അദ്ദേഹം അഭിപ്രായപ്പെട്ടതു. ബാപ്പുജിയുടെ അഭിപ്രായവും ഈ വിധംതന്നെയായിരുന്നു. എന്തെന്നാൽ സ്വരാജ്യമെന്നുള്ളതു് നമ്മുടെ ജനങ്ങളാൽ ഏതെങ്കിലും തരത്തിൽ നടത്തപ്പെടുന്ന ഭരണമല്ല. സ്വരാജ്യമെന്നാൽ 'സ്വയം;' അതായതു് ഓരോരുത്തരാലും നടത്തപ്പെടുന്ന രാജ്യമാണത്രെ. ഇതു എന്റെ രാജ്യമാണെന്നുള്ള ബോധം ഇന്നാട്ടിലെ ഓരോ വ്യക്തിയിലും എപ്പോൾ മുതൽക്കാണോ അങ്കുരിക്കുന്നതു്, അപ്പോൾ മുതല്ക്കു മാത്രമേ യഥാർത്ഥസ്വരാജ്യം ലഭിച്ചതായി ഗണിക്കാൻ തരമുള്ളൂ. ഇതിനെയാണ് ഗാന്ധിജി രാമരാജ്യമെന്ന് പറഞ്ഞുവന്നതു്. രാമരാജ്യത്തെക്കുറിച്ച് തുളസീദാസൻ പറയുന്നതുനോക്കുക; രാമരാജ്യത്തിൽ ആരും ആരുടെയും വിരോധിയായിരുന്നില്ല. ശ്രീരാമചന്ദ്രന്റെ മഹത്വംഹേതുവായി സമത്വസുന്ദരമായ ഒരു നില്പാണ് അവിടെ സംജാതമായിരുന്നതു്."

## രാമരാജ്യത്തിന്റെ ലക്ഷണങ്ങൾ

'വിരോധമില്ലായ്മ' 'ഉച്ചനീചത്വങ്ങളെ പാടെ വിപാടനം ചെയ്ക' എന്നീ രണ്ടു സംഗതികളും രാമരാജ്യത്തിന്റെ ലക്ഷണങ്ങളാകുന്നു. ഈ അർത്ഥത്തിലാണ് ഗാന്ധിജിയും സ്വരാജ്യത്തെ വ്യാഖ്യാനിച്ചുവന്നതു്. എന്നാൽ അദ്ദേഹം കണ്ടതെന്താണ്? സ്വരാജ്യപ്രാപ്തിയോടുകൂടി വിരോധമെല്ലാം നീങ്ങുകയല്ല ചെയ്തതു്. പ്രത്യുത വർഗ്ഗീയവിദ്വേഷാഗ്നി മുമ്പെന്നുമുണ്ടായിട്ടില്ലാത്തവിധം ആളിക്കത്തുകയാണു ചെയ്തതു്. ഇതുകണ്ട് അദ്ദേഹം വ്യസനിച്ചതു് സ്വാഭാവികമാണ്. ഗാന്ധിജിയുടെ ജീവിതകാലത്തു അതിപ്രധാനമായ ഏതു കാര്യം നിറവേറുന്നതിലാണോ നാം പരാജയപ്പെട്ടതു് ആ കാര്യമാണ് ഇപ്പോൾ നിറവേറ്റപ്പെടേണ്ടതു് നമ്മുടെ പ്രധാനപ്പെട്ട ചുമതലയാകുന്നു. സ്വരാജ്യപ്രാപ്തിക്കുമുമ്പായി മേൽ പ്രസ്താവിച്ച രണ്ടുതരം കാര്യങ്ങളും നാം ഇപ്പോൾ ചെയ്തുതീർക്കേണ്ടിയിരിക്കുന്നു, ഭാരതത്തിൽ പല പല ജാതിക്കാരും, സമുദായക്കാരും ജീവിക്കുന്നുവെങ്കിൽ സൌഹാർദ്ദത്തിന്റെയും, സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും ഗുണപാഠം നാം മനസ്സിലാക്കുന്നതിനു വേണ്ടിയാണത്രെ. വിശാലമനഃസ്ഥിതിയോടുകൂടിയുള്ള പ്രശസ്തവും, പാവനവുമായ ഭാരതീയസംസ്കാരത്തിന്റെ 'അഭ്യസനം' എന്താണെന്നു ഗ്രഹിക്കുന്നപക്ഷം ഇവിടെ വിരോധവും, വിദ്വേഷവും ഒരിക്കലും തലപൊക്കുകയില്ല. നമ്മുടെയിടയിലുള്ള ഉച്ചനീചത്വങ്ങൾ കാണുന്നതിനു നാം വളരെ അകലെ ദൂരം കടക്കേണ്ട ആവശ്യമില്ല. ഇവിടെത്തന്നെ നോക്കുക. ഈ അഗതികളുടെ സ്ഥിതി എന്തു? നമ്മുടെ നില എന്തു? അവർ ശരണംപ്രാപിച്ചിട്ടുള്ള കൂടാരങ്ങൾക്കും, നാം അധിവസിക്കുന്ന കൊട്ടാരങ്ങളോടൊപ്പമുള്ള ഉന്നത സൌധങ്ങൾക്കും, എന്തു മാത്രം അന്തരമാണുള്ളതു? ഇവ രണ്ടും ഈ ഇൻഡ്യയുടെ തലസ്ഥാനനഗരത്തിൽതന്നെ ഒന്നിനു സമീപം മറ്റൊന്നും സ്ഥിതിചെയ്യുന്നതു നമുക്കു കാണാൻ സാധിക്കുന്നു. ശ്രീരാമചന്ദ്രന്റെ ജീവിതരീതിയെ തുളസീദാസൻ താഴെപ്പറയുന്ന വിധം വർണ്ണിച്ചിരിക്കുന്നു. "ശ്രീരാമചന്ദ്രൻ വൃക്ഷച്ചുവട്ടിൽ ഇരിക്കുന്ന അവസരത്തിൽ വാനരന്മാർ വൃക്ഷശാഖകളിലാണ് പാർത്തിരുന്നതു്. എന്നിട്ടും, ശ്രീരാമചന്ദ്രൻ അവരേയും തുല്യനിലയിലാണ് പരിഗണിച്ചുവന്നതു്.

ശ്രീരാമചന്ദ്രൻ വൃക്ഷച്ചുവട്ടിൽ പാർക്കുമ്പോൾ അദ്ദേഹത്തിന്റെ സേവകന്മാരായ അറിവില്ലാത്ത വാനരന്മാർ അദ്ദേഹത്തിനുമുകളിൽ വൃക്ഷശിഖരങ്ങളിൽ പാർത്തിരുന്നു. ഇത്തരത്തിലുള്ള സേവന്മാരെക്കൊണ്ടാണ് ശ്രീരാമൻ തന്റെ ജോലികൾ നിർവ്വഹിച്ചുവന്നതു്. തുല്യനിലയിലാണത്രേ അവരോടു് പെരുമാറിവന്നതും. അതുപോലെ ത്യാഗമനോഭാവത്തോടുകൂടിയുള്ള പരിശ്രമശാലികൾ വിലയേറിയ സേവനപദവി ഏറ്റെടുക്കാൻ മുന്നോട്ടുവരേണ്ടതാണ്. അപ്പോൾമാത്രമേ വലിയ അക്ഷരത്തിൽ യഥാർത്ഥസ്വരാജ്യം കാണാൻ സാദ്ധ്യമാകയുള്ളൂ.

എന്നാൽ യഥാർത്ഥ സ്വരാജ്യത്തെ ഇപ്പോൾ നമുക്കു എങ്ങനെ കാണാൻ സാധിക്കും? ആയിരക്കണക്കിലുള്ള ഹരിജനങ്ങൾ പഞ്ചാബിൽ നിന്നും ഇവിടെ വന്നുകൊണ്ടിരിക്കുന്നു. ഇവിടെ അവർ സ്വന്തമായ ഭൂമി ആവശ്യപ്പെടുന്നു, അവരോടു പറയുന്ന മറുപടി നോക്കുക. "നിങ്ങൾ മുൻപുവസിച്ചിരുന്ന പ്രദേശത്തു നിങ്ങൾക്കു സ്വന്തം നിലം ഇല്ലായിരുന്നുവല്ലോ? അന്യരുടെ കൃഷിസ്ഥലങ്ങളിൽ കൂലിവേലചെയ്താണല്ലോ ജീവിച്ചുവന്നതു? ആയതിനാൽ ഇവിടെ നിങ്ങൾക്കു സ്വന്തം കൃഷിസ്ഥലങ്ങൾ എങ്ങനെ ലഭിക്കും? അവിടെ ഭൂഉടമകളായിരുന്നവർക്ക് - അവരുടെ അധീനതയിലുണ്ടായിരുന്ന വസ്തുക്കളുടെ തോതനുസരിച്ചുമാത്രമേ ഇവിടെയും പ്രതീക്ഷിക്കാൻ ന്യായമുള്ളൂ" എന്നാണ് പറയപ്പെടുന്നതു്. ഇതിൽനിന്നും മനസ്സിലാക്കേണ്ടതെന്തെന്നാൽ നാം പുതുതായി ഒരു സമുദായം സൃഷ്ടിക്കാൻ ആരംഭിക്കുന്ന അവസരത്തിലും, നമ്മുടെ പഴയ സമ്പ്രദായങ്ങളെ അല്പമെങ്കിലും കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യാതെ അതേപടിക്കു വച്ചുപുലർത്താൻ ആഗ്രഹിക്കുന്നുവെന്നുള്ളതാണ്. ഈ സമ്പ്രദായങ്ങളെ ഉടച്ചുവാർക്കാൻ അഭിലഷിക്കുന്ന നാം ആദ്യമായി നമ്മുടെ സ്വന്തം ജീവിതരീതിയിൽതന്നെ ഒരു പരിവർത്തനം ഉണ്ടാക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്.

## ഒരുപടി താഴെ ഇറങ്ങുക

നാം ഓരോരുത്തരും അവരവരുടെ ഇപ്പോഴത്തെ നിലയിൽനിന്നും ഒരുപടി താഴെ ഇറങ്ങേണ്ടതാണ്. ഞാൻ ഇപ്രകാരം പറയുമ്പോൾ എന്റെ ചില സ്നേഹിതന്മാർ 'താഴ്ന്നപടികളിലുള്ളവരെ മേല്പോട്ടു കൊണ്ടുവരേണ്ട ആവശ്യമല്ലേ ഉള്ളൂ. അതല്ലാതെ ഉയർന്നനിലക്കാർ താഴെ ഇറങ്ങേണ്ട ആവശ്യം എന്താണുള്ളതു്?' എന്ന് എന്നോടു് ചോദിക്കുന്നു. അവരോടു് എനിക്കൊരപേക്ഷയുണ്ട്. എന്തെന്നാൽ താഴെയുള്ളവരെ മേല്പോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി നിങ്ങൾ കീഴ്പോട്ടു് ഇറങ്ങിവരണമെന്നുള്ളതാണ്. കുഞ്ഞിനെ എടുക്കുന്നതിലേക്കായി മാതാവു കീഴ്പ്പോട്ടുകുനിയുന്നതുപോലെ നാമും താഴോട്ടുചെന്ന് അവിടത്തെ ആളുകളെ മേല്പോട്ടുകയറ്റണം. അപ്പോൾമാത്രമേ ഉച്ചനീചത്വങ്ങൾ അകന്ന—സമത്വസുന്ദരമായ സ്വരാജ്യം കൈവരികയുള്ളൂ.

ഇതാണത്രേ നമ്മുടെ ലക്ഷ്യം. ഇതിനെക്കുറിച്ച് ആലോചിക്കുന്നതുതന്നെ, ബാപ്പുജിയെ സ്മരിക്കുന്നതിന് തുല്യമാണ്. ബാപ്പുജിയുടെ സ്മരണയെ മുൻനിറുത്തി സംഘടിച്ചുനിന്ന് ഈ ലക്ഷ്യത്തിൽ ചെന്നുചേരാൻ നാം ആവുംവിധം പ്രയത്നിക്കേണ്ടതാണ്. ഈ സംഗതി നിറവേറ്റപ്പെടുന്നപക്ഷം ബാപ്പുജിയുടെ സ്മരണ നിലനിറുത്തി എന്ന പേരിന് നാം അർഹരായിത്തീരും.

—o—

* സർവ്വോദയത്തിൽനിന്ന്.

# ജീവരക്തം

തൃക്കൊടിത്താനം

സത്യസാമ്രാജ്യനൈസർഗ്ഗികാഭയും
നിസ്തുലോജ്ജ്വലസ്നേഹസംഗീതവും
ഒത്തിണങ്ങിത്തഴച്ചുവളരണം
നിത്യചൈതന്യനിർമ്മലകന്ദളം!
മർത്ത്യമണ്ഡലം സ്വാതന്ത്ര്യദീപ്തിയിൽ
സ്വർഗ്ഗസൗഭഗം വീശിത്തിളങ്ങണം
അവ്യയോന്മേഷധാരചൊരിയണം
സാർവ്വലൗകികസൗഹൃദവീചികൾ!
വെന്തുനീറും നിരാശയിൽശാശ്വത
സാന്ത്വനത്തിൻ മധുരമപൂത്തുവാൻ
തുവിയർപ്പിന്റെ സന്ദേശകാവ്യങ്ങൾ
തുവിടുന്ന വിഷാദമകറ്റുവാൻ,
ശുദ്ധജീവിതചര്യയിൽ ദേശീയ-
വിപ്ലവത്തിൻവികാസം പരത്തുക!
ഭൂതലത്തിൽ സമത്വം പുലരുമാ-
പ്പൂതഭാവിയെ നെയ്തെടുത്തിടുവാൻ,
ഉച്ചനീചത്വമില്ലാതെ ശ്രീമയ-
സ്വച്ഛതയിലീ ലോകംവളരുവാൻ
ആർഷസംസ്കാരസൗവർണ്ണരശ്മിയിൽ
വിശ്വമെങ്ങും വെളിച്ചം തെളിക്കുവാൻ,
കർമ്മധീരതകൈവരിച്ചെന്നുമി-
ജന്മഭൂമിതൻ മാനംപുലർത്തുവാൻ,
ജീവരക്തം കുതിച്ചുപാഞ്ഞിടണം
സേവനത്തിന്റെ മാർഗ്ഗങ്ങളിൽക്ഷണം!!

—o

# നിഴൽക്കൂത്ത്

—:o:

ഈശ്വരവാരിയർ

നർത്തനവേദിത്തിരശ്ശീല തെറ്റെന്ന
വൈദ്യുതശക്തിയാലെന്നപോൽപൊങ്ങി
പെട്ടെന്നരങ്ങുവിളക്കുകളൊക്കെയും (ദൂരം
കെട്ടുപോം കൂരിരുളെങ്ങും നിറഞ്ഞിടും.
മിന്നലൊളിപോലകലെച്ചുടലമായ്
മിന്നിമറഞ്ഞുപോമേതാസ്വരൂപികൾ,
രണ്ടുനിമിഷംതികച്ചൊരുവേഷവു-
മുണ്ടാകയില്ലെന്റെനാടകവേദിയിൽ.

*  *  *

മന്ദഹാസങ്ങളും കൺകോൺകളികളും
മന്ദാക്ഷഭാവവുംഭ്രൂവിലാസങ്ങളും
കാണാൻ,രസിക്കാൻ കൊതിച്ചുകൊണ്ടുതു
യോ
നാളായരങ്ങത്തുകാത്തിരിപ്പാണുഞാൻ.
പൊട്ടിച്ചിരിത്തപ്പുകൊട്ടുന്നഘോഷമോ
മുട്ടുംവളകൾതൻകിങ്കിലനാദമോ,
സ്വരപരാഗാനുരാഗിയാംവായുവൊ-
ത്താനന്ദഭൈരവീരാഗവിതാനമോ,
കേൾക്കുമാറില്ലതാനെന്നുമഴലിനെ
പേർക്കുവാൻ വേദനാലംകൃതനാകണം

*  *  *

വെട്ടമകന്നൊരരങ്ങിലഴലുപോൽ
പെട്ടെന്നിഴഞ്ഞിഴഞ്ഞെത്തും നിഴലുകൾ
കയ്യുംകവാളവുമായിപ്പറയുവാൻ
വയ്യാത്തപല വഗോഷ്ടികാണിച്ചിട്ടും
'പൈദാഹമയ്യോ',തരികനീവെള്ളമെ-
ന്നേതാണ്ടുകാട്ടിക്കരയും നിഴലുകൾ,
"ഹാ ഹാ വശക്കുന്നുവേഗംതരികനീ-
യാഹരമല്പ"മെന്നോതും നിഴലുകൾ
നീളെ പുഴക്കൾനലത്തിഴയുന്നമെ-
യ്യാകെനഖങ്ങളാൽമാന്തും നിഴലുകൾ
കാട്ടുകരങ്ങുപോൽ ഗോഷ്ടികളോരോന്നു-
കാട്ടുംപിരാന്തുപിടിച്ചനിഴലുകൾ:
മർത്ത്യലോ[illegible]ത്ത നെവെല്ലുവിളിക്കുന്ന
മർത്ത്യസ[illegible]രൂപികളായനിഴലുകൾ

*  *  *

ഭീതിപ്പിശാചുഗ്രമോടിയണകയാ-
ണെന്നതുംവഴിയില്ലഭയമണയുവാൻ
'ഘോരം'നിഴൽക്കൂത്തിതെന്നുകല്പിക്കുവാ
നാരാനുമുണ്ടെങ്കിലോടിവന്നീടുവിൻ.

—:o:—

# ഇന്ദുമതി

—o—

എ. കെ. സുധാകരൻ ബി. എ., ബാംബെ

ഒന്നല്ലൊരായിരം സ്വപ്നങ്ങളിൽനിത്യ
'മിന്ദുമതി' മുന്നിൽ നൃത്തമാടീടവേ,
ചിന്താശതങ്ങൾതൻ വേലിയേറ്റത്തിലെ-
ന്നന്തരാഗമലയാഴിയായീടവേ,
ലോകവുംനാകവും പാടേമറന്നൊരു
മൂകഗാനത്തിൽ ലയിച്ചുപോകുന്നുഞാൻ.

കാലദേശങ്ങളെലംഘിച്ചെനിയ്ക്കിദം
കൈവന്നൊരീനവകൈവല്യസിദ്ധിയെ,
വിശ്വത്തിനാകമോതട്ടിനീക്കീടുവാൻ
വിസമൃതിക്കാകുമോമാച്ചുകളയുവാൻ? ...
കല്പകാലത്തുംതിരത്തല്ലിയാക്കുമി
സംഫുല്ലരാഗപരാഗപരിമളം.

ശ്രീമയമാമീ 'മഹാരാഷ്ട്ര'നാടിന്റെ
യോമനസ്വപ്നമേ, നീയുമൊത്തിങ്ങനെ,
നർത്തനംചെയ്യുവാനാകുമെന്നല്പവും
ഓർത്തിരുന്നില്ലഞാൻദേവീകിനാവിലും.

ജന്മാന്തരങ്ങൾതൻകർമ്മബന്ധങ്ങളാ-
ണിമ്മട്ടിൽനമ്മെനയിക്കുവതോമലേ
ജീവിതപ്പാതയിൽ പ്രേമവിശുദ്ധിയാൽ
പൂവിട്ടുപൂവിട്ടു മുന്നോട്ടുപോകനാം
എങ്കിലുംതോഴിയൊരജ്ഞാതശങ്കയാൽ
സങ്കടത്തിൻനിഴൽമൂടുന്നുമന്മനം.

കാരുണ്യമറ്റസമുദായനീതികൾ
ഓരോനിമേഷവുമട്ടഹസിക്കവേ,
കമ്പിതഗാത്രനായ്ഞെട്ടിത്തെറിപ്പുഞാൻ
അമ്പേററപായുന്നമാൻപേടപോലവേ
ത്യാഗവ്രതത്തിൻപടച്ചട്ടയിട്ടുനാം
ഗൽഗദരംഗങ്ങൾപിന്നിട്ടുപോകണം......

കണ്ണീരിനാലീവസന്തോത്സവംനമ്മൾ
കണ്മണീപാഴിൽക്കളയായ്കൊരിക്കലും
ദൂരത്തുനിന്നുനാമെത്രവിളിക്കിലും
ചാരത്തണയില്ലപൊയ്പ്പോയ'രിന്നലെ'
അത്യന്തമജ്ഞാതമവ്യക്തമോമനേ
അന്തികത്തോടിവന്നെത്തുന്ന'നാളെ'യും

ആകയാൽത്തോഴിയീ'യിന്നിൻ'നിമേ-
സാക്രതമേകുമമൃതഫലങ്ങളെ (ഷങ്ങൾ
ആവതോളംനമുക്കാസ്വദിക്കാമിനി
യൗവനത്തിന്റെയീവാസന്തവേളയിൽ!

—o—

# സാരനാഥ്

കെ. എസ്. പിള്ള, പന്തളം

അവിടെയാണ് ശ്രീബുദ്ധദേവൻ, സിദ്ധാർത്ഥകുമാരനായി ജനിക്കുന്നതിനുമുമ്പ് ദേവന്മാരുടെ അപേക്ഷയനുസരിച്ച് സാരംഗനാഥനായി സുവർണ്ണശരീരനായി ജന്മമെടുത്തത്. അവിടമാണ് ബുദ്ധമതത്തിന്റെ ജന്മഭൂമി. അവിടവച്ചാണ് ബുദ്ധഭഗവാൻ ആദ്യമായി തത്വോപദേശം ചെയ്തത്. അവിടവച്ചാണ് ധർമ്മചക്രപ്രവർത്തനസൂത്രം അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നും ഉതിർന്നത്. അതെ, അവിടെവച്ചുതന്നെയാണ് 'യശസനം' അയാളുടെ പിതാവിനും ആ പുണ്യപുരുഷൻ തത്വോപദേശം നൽകി അവരെ ബുദ്ധമതവിശ്വാസികളാക്കിത്തീർത്തത്. അവിടെവച്ചല്ലേ 'ഉദപനദൃഷ്ടക' ജാതകം അദ്ദേഹം പ്രവചിച്ചത്. ബുദ്ധദേവന്റെ ജീവിതവുമായി അത്രകണ്ട് അവികലമായ ബന്ധമാണ് സാരനാഥിനുള്ളത്.



ബുദ്ധവിഗ്രഹം

കാശിയിലെത്തുന്ന കലാബോധമുള്ള സന്ദർശകരാരും കാണാതെ മടങ്ങാത്ത ഒരു പുണ്യസ്ഥലമാണ് സാരനാഥ്. ബുദ്ധമതക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട നാലു പുണ്യസ്ഥലങ്ങളിലൊന്നായ അവിടെ ഇന്നും ആയിരക്കണക്കിന് സന്ദർശകർ ആണ്ടുതോറും എത്താറുണ്ട്. അവിടെയാണ് ശ്രീബുദ്ധദേവൻ, സിദ്ധാർത്ഥകുമാരനായി ജനിക്കുന്നതിനുമുമ്പ് ദേവന്മാരുടെ അപേക്ഷയനുസരിച്ച് സാരംഗനാഥനായി—സുവർണ്ണശരീരനായി ജന്മമെടുത്തത്. അവിടമാണ് ബുദ്ധമതത്തിന്റെ ജന്മഭൂമി. അവിടെവച്ചാണ് ബുദ്ധഭഗവാൻ ആദ്യമായി തത്വോപദേശം ചെയ്തത്. അവിടവച്ചാണ് ധർമ്മചക്രപ്രവർത്തനസൂത്രം അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നും ഉതിർന്നത്. അതെ, അവിടെവച്ചുതന്നെയാണ് യശസനം അയാളുടെ പിതാവിനും ആ പുണ്യപുരുഷൻ തത്വോപദേശം നൽകി അവരെ ബുദ്ധമതവിശ്വാസികളാക്കിത്തീർത്തത്. അവിടെവച്ചല്ലേ ഉദപനദൃഷ്ടക ജാതകം അദ്ദേഹം പ്രവചിച്ചത്. ബുദ്ധദേവന്റെ ജീവിതവുമായി അത്രകണ്ട് അവികലമായ ബന്ധമാണ് സാരനാഥിനുള്ളത്.

ബനാറിസ് പട്ടണത്തിൽനിന്നും സുമാർ നാലുനാഴിക വടക്കാണ് സാരനാഥ്. ബനാറിസ് കൺറോൺമെന്റിൽനിന്നും സാരനാഥിലേയ്ക്കു ഒരു നല്ല താറിട്ട റോഡുണ്ട്. അവിടേയ്ക്ക് പ്രത്യേക ബസ്സുകളൊന്നും ഒന്നുംതന്നെയില്ല. ഓ. റ്റി. ആർ. റെയിൽപ്പാതയുടെ ഒരു ശാഖ അതുവഴി കടന്നുപോകുന്നുണ്ട്. അങ്ങനെ നഗരത്തിലെ സാങ്കേതികസംവിധാനങ്ങളിൽനിന്നും മലീമസമായ അന്തരീക്ഷത്തിൽനിന്നും ഒഴിഞ്ഞകന്ന് വിജനവും വിശാലവുമായി, ശാന്തസുന്ദരമായി, ഉദ്ഭടത്ത ഏകാന്തതപോലെ ഉച്ഛ്വസിക്കുകയാണ് ആ പുണ്യസ്ഥലം. ശാന്തിയുടെ, സമാധാനത്തിന്റെ, പരിപാവനതയുടെ പ്രത്യക്ഷ പ്രതിഫലനമായ ഏകാന്തതയുടെ നിരന്തരമായ പൂങ്കാവനി—അതെ, അതാണ് സാരനാഥിന് ആ ദിവ്യപ്രതീതിയുളവാക്കുന്നത്.

സാരനാഥ്—ആ പേരിന്റെ പിന്നിൽ നീണ്ട ഒരു ഐതിഹ്യമുണ്ട്. ബുദ്ധദേവൻ സിദ്ധാർത്ഥനായി ജനിക്കുന്നതിന് അനവധിവർഷങ്ങൾക്കുമുൻപ്—അന്ന് വെറുമൊരു വനമായിരുന്ന സാരനാഥിൽ ഏകദേശം ആയിരത്തോളം വരുന്ന ഒരു മാൻക്കൂട്ടം വസിച്ചിരുന്നു. അവരുടെ നാഥൻ 'രോഹകൻ' എന്ന മാനായിരുന്നു. രോഹകന് 'നാഗരോധൻ' എന്നും 'വിശാഖൻ' എന്നും രണ്ടുപുത്രന്മാരുണ്ടായിരുന്നു. തന്റെ വാർദ്ധക്യദശയിൽ രോഹകൻ മാൻകൂട്ടത്തെ രണ്ടായി വിഭജിച്ച് ഓരോ പുത്രന്മാരേയും ഏൽപ്പിച്ചിരുന്നു. അന്നു കാശിരാജ്യത്തിന്റെ അധിപനായിരുന്ന ബ്രഹ്മദത്തരാജാവ് നായാട്ടിനായി പലപ്പോഴും ആ വനത്തിന്റെ പ്രാന്തപ്രദേശങ്ങളിലെത്തി അനവധി മൃഗങ്ങളെ വേട്ടയാടി വന്നിരുന്നു. തങ്ങളുടെ വംശത്തിന് അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന ആ ഭീമമായ നഷ്ടം മനസ്സിലാക്കിട്ട് നാഗരോധനും വിശാഖനുംകൂടി അതിനൊരു പരിഹാരമാർഗ്ഗം ആലോചിച്ചുറച്ചു. കാശിരാജാവിന്റെ ആവശ്യത്തിലേക്കായി ദിവസേന ഓരോ മാനിനെ കൊട്ടാരത്തിലേക്കയച്ചുകൊടുത്തു കൊള്ളാമെന്നും മേലിൽ വേട്ടയാടി അവരുടെ വംശത്തെ നശിപ്പി




സാരനാഥ്— ഒരു പെട്ടുവീക്ഷണം

ക്കരുതെന്നും ബ്രഹ്മദത്തരാജാവിനോടപേക്ഷിക്കുവാൻതന്നെ ആ സാരംഗനാഥന്മാർ തീരുമാനിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം കാശിരാജാവ് നായാട്ടിനായി അവിടെ എത്തി. സായുധരായ പരിവാരങ്ങളാൽ ചുറ്റപ്പെട്ടിരുന്ന തന്റെ സമീപത്തേയ്ക്ക് നിർവിശങ്കം ആ രണ്ട് മൃഗനാഥന്മാർ (നാഗരോധനും വിശാഖനും) ധൃതിയിൽ വരുന്നതുകണ്ട് കാശിരാജാവ് അത്ഭുതപ്പെട്ടു. ഭയമോ രോഷമോ മറവോ കണ്ടാൽ ഓടിയൊളിച്ചുകൊണ്ടിരുന്ന ചമൂരുക്കൾ ധൈര്യമായി രാജസന്നിധിയിലേക്കു വരുന്നതു് ഏതോ ഗൗരവമേറിയ കാര്യം സംബന്ധിച്ചായിരിക്കുമെന്നു മനസ്സിലാക്കിയ

രാജാവ് അവയെ പരിവാരങ്ങളിലാരും ഉപദ്രവിക്കരുതെന്ന് ആജ്ഞാപിച്ചു. എല്ലാവരും ആകാംക്ഷയോടുകൂടി നോക്കിക്കൊണ്ടിരിക്കവേ ആ മൃഗനാഥന്മാർ കാശിരാജാവിന്റെ കാൽക്കൽ വീണു നമസ്കരിച്ചശേഷം അവരുടെ ആഗമനോദ്ദേശമറിയിച്ചു. അദ്ദേഹത്തിന്റെ അധികാരാതിർത്തിയിൽപ്പെട്ട ആ വനത്തിൽ അനവധി മാനുകൾ വസിക്കുന്നുണ്ടെന്നും ആ വനത്തിന് അലങ്കാരമായി ശോഭിക്കുന്ന അവയെല്ലാം അദ്ദേഹത്തിന്റെ പരമാധികാരത്തിൻകീഴിലാണ് കഴിഞ്ഞുവരുന്നതെന്നും അതിനാൽ അവയെയെല്ലാം സംരക്ഷിക്കേണ്ട ചുമതല അദ്ദേഹത്തിനുതന്നെയാണെന്നും അവർ പറഞ്ഞു. നായാട്ടിനിറങ്ങുമ്പോഴെല്ലാം അദ്ദേഹം അനവധി മൃഗങ്ങളെ കൊല്ലുകയും അതിൽ കൂടുതലെണ്ണത്തിനെ സാരമായ പരുക്കുകളേൽപ്പിക്കുകയും ചെയ്യാറുണ്ട്. തന്മൂലം ആ നൃപൻ ഒരു വലിയ പാപത്തിനിരയാകുകയാണ്. അദ്ദേഹത്തിനിഷ്ടമെങ്കിൽ അവർ ദിവസേന ഓരോ

മാനിനെ ഓരോ കൂട്ടത്തിൽനിന്നും കൊട്ടാരത്തിലെത്തിച്ചുകൊള്ളാമെന്നും സമ്മതിച്ചു. അപ്രകാരം ചെയ്താൽ അതു് ആ മാൻപറ്റത്തിന്റെ അകാലവിനാശത്തിനിടവരുത്താതിരിക്കുമെന്നുകൂടി അവർ തിരുമുൻപിലുണർത്തിച്ചു.

കാശിരാജാവിന് ആ അഭ്യർത്ഥന ശരിയാണെന്നുതോന്നി. അദ്ദേഹം അപ്രകാരം സമ്മതിച്ചു മേലിൽ ആ വനത്തിലുള്ള മാനുകളെ ആരും കൊല്ലുകയോ ഉപദ്രവിക്കുകയോ ചെയ്യരുതെന്ന് കർശനമായി ആജ്ഞാപിക്കുകയും ചെയ്തു. ഈ വിവരമെല്ലാം 'നാഗരോധനും' 'വിശാഖനും' മാൻപറ്റത്തെ അറിയിച്ചു. അതനുസരിച്ച് ഒന്നിടവിട്ട ദിവസങ്ങളിൽ ഓരോ പറ്റത്തിൽനിന്നും പതിവായി ഓരോ മാനിനെവീതം കൊട്ടാരത്തിലെ ആവശ്യത്തിന് അയച്ചുകൊണ്ടിരുന്നു. അന്ന് 'മുറ' അനുസരിച്ച് വിശാഖന്റെ പറ്റത്തിലുള്ള ഒരു പൂർണ്ണഗർഭിണിയായ മാൻപേടയായിരുന്നു കൊട്ടാരത്തിലേയ്ക്കു പോകേണ്ടിയിരുന്നത്. മുറപ്രകാരം അവർ മരിക്കേണ്ടതാണെങ്കിലും അവളുടെ ഗർഭത്തിൽ കിടക്കുന്ന മാൻകുട്ടികൾക്കു അതിലൊരു പങ്കുമില്ലെന്നും അവയുടെ ജീവരക്ഷയെക്കരുതിമാത്രം അവളുടെ യാത്ര പ്രസവാനന്തരമുള്ള ഒരു ദിവസത്തേക്ക് മാറ്റിവയ്ക്കണമെന്നും ആ സാധു ഹരിണം വിശാഖനോടപേക്ഷിച്ചു. അവളുടെ ദയനീയാവസ്ഥകണ്ടു മനമലിഞ്ഞ വിശാഖൻ, അവൾക്കു പകരം ഏതെങ്കിലുമൊരു മാൻ കൊട്ടാരത്തിലേക്കു പോകുവാനാവശ്യപ്പെട്ടു. എന്നാൽ തങ്ങളുടെ മുറയ്ക്കു മുൻപുതന്നെ മരിക്കുവാൻ ആർക്കും സന്മനസ്സുണ്ടായില്ല. ഉടൻതന്നെ ഗർഭിണിയായ ആ മാൻപേട തന്റെ അപേക്ഷയുമായി നാഗരോധനനെ സമീപിച്ചു. എന്തിന്, അവൾക്കു പകരം പോകുവാൻ ആ പറ്റത്തിലും ആരുംതന്നെ ഉണ്ടായിരുന്നില്ല. അതു നാഗരോധന്റെ ഹൃദയത്തെ മഥിച്ചു. തല്ക്ഷണം ഭയം പ്രാപിച്ച ആ ഗർഭിണിയുടെ ജീവൻ രക്ഷിക്കേണ്ടതു തന്റെ കർത്തവ്യമാണെന്നും അവൾക്കുവേണ്ടി താൻതന്നെ കൊട്ടാരത്തിലേക്കു പോകുകയാണെന്നും നാഗരോധൻ പ്രസ്താവിച്ചു.

അങ്ങനെ നാഗരോധൻ വാരണാസിവഴി കാശിരാജാവിന്റെ കൊട്ടാരത്തിലേക്കു യാത്ര തിരിച്ചു. ആ കാഴ്ച കണ്ടവരെല്ലാം സുവർണ്ണശരീരനായ ആ മൃഗവര്യന്റെ ആകാരസൗകുമാര്യവും ത്യാഗസന്നദ്ധതയുംകണ്ടു അതിനെ പിന്തുടർന്നു. അവർ നഗരത്തിലെത്തിയപ്പോഴേയ്ക്കും അനവധിയാളുകൾ നാഗരോധനെ പിൻതുടർന്നിരുന്നു. ആ പറ്റത്തിലുണ്ടായിരുന്ന മററു മാനുകൾ മുഴുവനും ചത്തൊടുങ്ങിയതുകൊണ്ടാണ് നാഗരോധൻതന്നെ പുറപ്പെട്ടിരിക്കുന്നതെന്നും ഏതുവിധവും ആ സാരംഗനാഥനെ മരണത്തിൽനിന്നും രക്ഷിക്കണമെന്നും ആ നഗരവാസികൾ തീരുമാനിച്ചു. നാഗരോധൻ കൊട്ടാരപ്പടിക്കലെത്തിയപ്പോഴേക്കും നഗരവാസികൾ രാജസന്നിധിയിലെത്തി നിരുപദ്രവിയും ശാന്തശീലനുമായ ആ മൃഗരാജന്റെ ജീവനുവേണ്ടി യാചിച്ചു. ഉടൻതന്നെ കല്പനയനുസരിച്ചു നാഗരോധനെ തിരുമുൻപിൽ കൊണ്ടുവന്നു. താൻതന്നെ അന്നു മരിക്കുവാൻ തയ്യാറായി പുറപ്പെട്ടതിന്റെ കാരണം മുഴുവനും കാശിരാജാവ് നാഗരോധനോടു ചോദിച്ചറിഞ്ഞു. അതുകേട്ടു രാജാവും മററുള്ളവരും അത്ഭുതപ്പെട്ടുപോയി; നാഗരോധന്റെ ത്യാഗസന്നദ്ധതയും സ്വഭാവശുദ്ധിയുമോർത്ത് അതിൻശേഷം രാജാവ് ആ ത്യാഗധനനോടു ഇപ്രകാരം പറഞ്ഞു. "അന്യനുവേണ്ടി സ്വന്തം ആത്മാവിനെപ്പോലും ത്യജിക്കുവാൻതക്ക സന്മനസ്സുള്ളയാൾ ഒരിക്കലും ഒരു വെറും മൃഗമല്ല. നേരെമറിച്ച് ഭൂതദയയോ മഹാമനസ്കതയോ ലവലേശമെങ്കിലുമില്ലാത്ത ഞങ്ങളാണ് മൃഗങ്ങൾ. നിങ്ങളുടെ ത്യാഗസന്നദ്ധത എന്നെ ഏറ്റവും സന്തുഷ്ടനാക്കിയിരിക്കുന്നു. നിങ്ങളോടുള്ള എന്റെ അളവററസ്നേഹംകൊണ്ട് മററുള്ള മാനുകൾക്കുകൂടി രക്ഷ നൽകുവാൻ ഞാൻ ഉറച്ചുകഴിഞ്ഞു. ഇനിയൊരിക്കലും നിങ്ങളെ ആരും ഒരുവിധത്തിലും ഉപദ്രവിക്കാതിരിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ഉടൻതന്നെ ചെയ്യുന്നുണ്ട്. പോകുക സുഖമായി, സ്വാതന്ത്ര്യമായി ജീവിക്കുക." ഈ വർത്തമാനം ആ പട്ടണം മുഴുവനും അന്നു് ചെണ്ടകൊട്ടി അറിയിച്ചു.

അങ്ങനെ നാഗരോധൻ ആ മാൻപറ്റത്തെ രക്ഷിച്ചു. അപ്രകാരം ഭാവിബുദ്ധൻ സുവർണ്ണാകാരനായി, സാരംഗനാഥനായി, ത്യാഗിവര്യനായിപ്പിറന്ന ആ വനഭൂമിക്ക് പിൽക്കാലത്തു് സാരംഗനാഥ് (സാരംഗനാഥം) എന്ന പേരു് ലഭിച്ചു. ആ സംസ്കൃതപദം ലോപിച്ചു ലോപിച്ച് ഇന്നു് സാരനാഥ് എന്നായി.

(തുടരും)

—o—



മദ്രാസ്സിലെ മെസ്സേഴ്സ് പി. എസ്. മണി ആൻഡ് കമ്പനി (അഡ്വർട്ടൈസിംഗ് കൺസൾട്ടന്റ്സ്) ഉടമസ്ഥനായ ശ്രീ. പി. എസ്. അയ്യരുടെപുത്രി സൗ: പാർവ്വതിയും നെല്ലിക്കുപ്പം, ഈസ്റ്റ് ഇൻഡ്യാ ഡിസ്റ്റിലറീസ് ആൻഡ് ഷുഗർഫാക്ടറി ലിമിറ്റഡ് എന്ന കമ്പനിയിലെ ഇലക്ട്രിക്കൽ എൻജിനീയർ ചിരഞ്ജീവി, ഏ. എസ്. കൈലാസം ബി. എസ്സ് സി. യും തമ്മിലുള്ള വിവാഹം മദ്രാസ്സിൽവച്ചു ൧൯൪൦ ജൂൺ ൪-ാം൹ സമംഗളം നടത്തപ്പെട്ടു.


## ഭാരതീയമഹതികൾ

ഗ്രന്ഥകർത്താ, കെ. ഗോപാലപിള്ള ബി. എ.

വിശ്വവിശ്രുതകളായ ഭാരതീയമഹിളാമണികളുടെ ലഘുജീവചരിത്രങ്ങളടങ്ങിയ ഒരു ഉത്തമഗ്രന്ഥം. വില ണ. ൻ

മാനേജർ

ശ്രീരാമവിലാസം പ്രെസ്സ്, കൊല്ലം.



മദ്രാസിലെ പുതിയ അഡ്വക്കേറ്റ് ജനറൽ: ഗവണ്മെൻറ പ്ലീഡറായിരുന്ന മി: കെ കുട്ടിക്കൃഷ്ണമേനോനെ മി: കെ. രാജയ്യർക്കു പകരം മദ്രാസ് അഡ്വക്കേററ് ജനറലായി നിയമിച്ചിരിക്കുന്നു

(പതിനാറാം പേജിൽനിന്നു തുടർച്ച)

പ്രശ്നത്തെ വീക്ഷിച്ചതു് രണ്ടു വിഭിന്ന പശ്ചാത്തലത്തിൽ നിന്നാണ്. വിഭജനത്തിനു സമ്മതിച്ചപ്പോഴും ദ്വിരാഷ്ട്രവാദത്തെ സ്വീകരിക്കയുണ്ടായില്ല. ഒരു പൊതുഇൻഡ്യൻ ദേശീയതയിൽതന്നെ തുടർന്നും അതു് വിശ്വസിച്ചിരുന്നു. രണ്ടു ദുഷ്യങ്ങളിൽ ചെറുതു് എന്ന നിലയിലാണ് വിഭജനത്തെ സ്വീകരിച്ചതു്; മാറ്റിനിർത്താനാവാത്ത സാമുദായിക കലഹമായതുകൊണ്ടു്.

ഒരു മൊറിയ ഹിന്ദുവർഗ്ഗീയന്യൂനപക്ഷമൊഴിച്ചാൽ വിഭക്തഇൻഡ്യ ഒരു പൊതുദേശീയതയിൽ വിശ്വസിച്ചുകൊണ്ടാണ് തുടക്കം വച്ചതു്. അധികാരത്തിലെത്തിയതു് ഒരു വർഗ്ഗീയകക്ഷിയായിരുന്നില്ല. രാഷ്ട്രത്തിൻെറ മൂല്യനിയമങ്ങളിൽതന്നെ ഇൻഡ്യ ഒരു മതേതരജനാധിപത്യരാഷ്ട്രമായിരിക്കുമെന്നു് പ്രഖ്യാപിച്ചിരുന്നു. മി. ജിന്നായുടെ ദ്വിരാഷ്ട്രങ്ങളെ ഒന്നിച്ചു ചേർത്തുകൊണ്ടുപോകുകയെന്നതു് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വളരെ വിഷമംപിടിച്ച ഒരു കാര്യമായിരുന്നില്ല. മി. ജിന്നായുടെ സിദ്ധാന്തത്താൽ മയക്കപ്പെട്ട ഇൻഡ്യൻ മുസ്ലീമിനു്, ആരംഭത്തിൽ ഒരു പൊതുരാഷ്ട്രവുമായി പൊരുത്തപ്പെട്ടുകഴിയുവാൻ അല്പം വൈഷമ്യമുണ്ടായിരുന്നിരിക്കാം. പക്ഷെ ആ സിദ്ധാന്തം അസ്വാഭാവികമായിരുന്നതിനാൽ അവക്ക് ഒരു പൊതുരാഷ്ട്രബോധത്തോടനുകൂലിക്കുവാൻ അധികം പ്രയാസം ഉണ്ടായിരുന്നിരിക്കയില്ല.

## ഇസ്ലാമികരാഷ്ട്രം

എന്നാൽ മറുഭാഗത്തു് കാര്യങ്ങളുടെ നില വേറിട്ടായിരുന്നു. ദ്വിരാഷ്ട്രസിദ്ധാന്തത്തിൽ നിന്നാണ് പാകിസ്ഥാൻ ഉടലെടുത്തതു്. അധികാരകക്ഷിയായ മുസ്ലീംലീഗ് പ്രകടമായും ഒരു തനിവർഗ്ഗീയസംഘടനയായിരുന്നു. പാകിസ്ഥാൻ ഭരണഘടനാനിർമ്മാണസഭയുടെ ലക്ഷ്യപ്രഖ്യാപനപ്രമേയത്തിൽ അവിടെ രൂപീകൃതമാകുന്ന രാഷ്ട്രം ഒരു ഇസ്ലാമികാടിസ്ഥാനത്തിലായിരിക്കുമെന്നു് പ്രഖ്യാപിച്ചിരുന്നു. ഈ സന്ദർഭത്തിൽ മി. ലിയാക്കത്തു് ആലിഖാൻെറ ഈയിടെയുള്ള "രാമരാജ്യ"ത്തെക്കുറിച്ചുള്ള പരാമർശം അസംഗതമാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ രാജ്യത്തിൽ രാമരാജ്യത്തെക്കുറിച്ചു് അസംബന്ധമായ പല പറച്ചിലുകളുണ്ടെങ്കിലും, ഭരണഘടനയിലാകട്ടെ, വേറെ ഏതെങ്കിലും പ്രമാണങ്ങളിലാകട്ടെ, അതിനെക്കുറിച്ചു് മിണ്ടിയിട്ടുതന്നെയില്ല. പാകിസ്ഥാനിലെ ഈ പശ്ചാത്തലംമൂലം മുസ്ലീമും, ഹിന്ദുവും, സിക്കും ഒന്നുചേർന്ന ഒരു പൊതുരാഷ്ട്രം, അവിടെ രൂപീകൃതമാകുമെന്നതു് സംശയാസ്പദമായിരുന്നു.

## ന്യൂനപക്ഷങ്ങളെ ഞെരിച്ചു പുറത്താക്കൽ

അതിനുശേഷമാണ്, പഞ്ചാബിലേയും സിൻഡിലേയും ദാരുണസംഭവങ്ങളുണ്ടായതു്. "ദ്വിരാഷ്ട്രവാദം", ഉജ്ജ്വിതത്തിൽതന്നെയിരിക്കുന്നതായും, പാകിസ്ഥാൻ ന്യൂനപക്ഷങ്ങളെ ഞെരിച്ചു പുറത്താക്കുകയെന്ന നയമാണ് സ്വീകരിച്ചിരിക്കുന്നതെന്നുമാണ് അതിൽനിന്നും പ്രകടമായതു്. പാകിസ്ഥാൻെറ യഥാർത്ഥ ഉദ്ദേശങ്ങളെന്തായിരുന്നാലും, സംഭവങ്ങൾ ആ നിഗമനത്തിനുമാത്രം പററിയതായിരുന്നു.

അടുത്തതു് ബംഗാളായിരുന്നു. അവിടേയും മുൻപാഞ്ഞ നയംതന്നെ തുടരുന്നതായാണ് തോന്നിയതു്. "ഈ ഭയങ്കര പ്രശ്നത്തിനു് എന്തൊരു പോംവഴി?", എന്ന വേദനാജനകമായ നിലവിളിയാണ് അനേകലക്ഷം കണ്ഠങ്ങളിൽനിന്നു് ഉയർന്നുവന്നതു്. സോഷ്യലിസ്റ്റ് പാർട്ടിയുടെ അഭിപ്രായത്തിൽ ഈ പ്രശ്നത്തിനു് രണ്ടു പോംവഴിമാത്രമാണുള്ളതു്. മൂന്നാമതൊന്നില്ല.

## രണ്ടുപോംവഴികൾ

ദ്വിരാഷ്ട്രസിദ്ധാന്തത്തെ അതുൾക്കൊള്ളുന്ന എല്ലാ ഫലങ്ങളോടുംകൂടി സ്വീകരിക്കുകയെന്നതാണ് ഒരു മാർഗ്ഗം. അതിൻെറയർത്ഥം പാകിസ്ഥാനിൽനിന്നും സകല ഹിന്ദുക്കളേയും, ഇൻഡ്യയിൽനിന്നും സകല മുസ്ലീങ്ങളേയും, ബഹിഷ്കരിക്കുകയെന്നതാണ്. ഇരുബംഗാളുകളിലേയും ന്യൂനപക്ഷങ്ങളെ അന്യോന്യം കൈമാറുകയെന്നതായിരുന്നു, ഡാ. ശ്യാമപ്രസാദ മുക്കർജിയുടെ നിർദ്ദേശമെന്നു് ഞാനറിയുന്നു. മററു ചിലരും ഇതുതന്നെ നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ടു്. പക്ഷെ അത്തരം ഒരു വച്ചുമാററം, ബംഗാളുകൊണ്ടു മാത്രം അവസാനിക്കയില്ലെന്ന കാര്യം വിസ്മരിക്കപ്പെടുന്നു. അത്തരത്തിലുള്ള ഒരു സാഹചര്യത്താൽ ഉന്നയിക്കപ്പെടുന്ന വാദഗതി നമ്മെ അതിൻെറ തർക്കശാസ്ത്രപരമായ അവസാനംവരെ കൊണ്ടെത്തിക്കാതിരിക്കയില്ല.

മാനവസംസ്കാരത്തിൽ വിശ്വസിക്കുന്ന മററുള്ളവരെയുംപോലെ എനിക്കും ഈ പോംവഴിയോടു് ഒട്ടുംതന്നെ യോജിക്കാവുന്നതല്ല. രണ്ടു മനുഷ്യജീവികൾക്കു അവരുടെ മതം വിഭിന്നമായതുകൊണ്ടു മാത്രം ഒരുമിച്ചു ജീവിക്കുവാനസാധ്യമെന്നു ശഠിക്കുന്ന ഒരു സിദ്ധാന്തത്തെ സ്വീകരിക്കുവാൻ നിർബന്ധിതമാകുകയാണെങ്കിൽ അതു ഇതുവരെയും നിലകൊണ്ട സകലതിനേയും തിരസ്കരിച്ചു ഇരുളടഞ്ഞ ഭൂതകാലത്തേയ്ക്കു പിന്തിരിയുക എന്നതുമാത്രമായിരിക്കും.

## പ്രായോഗികവശങ്ങൾ

ഈ പ്രശ്നത്തിൻെറ പ്രായോഗികവശങ്ങളും ഒരുപോലെ അസുഖകരങ്ങളാണ്. അധികാരം പ്രയോഗിക്കാതെ ആളുകളെ അവരുടെ വീടുകളിൽനിന്നും പുറത്താക്കുക സാദ്ധ്യമല്ല. അത്ര വ്യാപകമായ തോതിൽ അധികാരം ചെലുത്തുമ്പോൾ അതു ജനങ്ങളെ മൃഗപ്രായരാക്കുകയും ഈ രാജ്യത്തിൽ ജീവിതം ഒന്ന ഏററവും അധഃപതിച്ച നിലയിലേയ്ക്കു താഴ്ത്തുകയും ചെയ്യും. രാജ്യത്തെ താങ്ങാനാവാത്ത ഒരു സാമ്പത്തികക്കുഴപ്പത്തിൽ ഈ വമ്പിച്ച കുടിയേററം പാക്കൽ കൊണ്ടുചെന്നെത്തിക്കാതിരിക്കയില്ല.

അതു മാത്രമല്ല ദുർഘടം; പാകിസ്ഥാനിലെ ഒരുകോടി ഹിന്ദുക്കൾക്കു പകരം ഇൻഡ്യയിലെ നാലുകോടി മുസ്ലീങ്ങളെയാണ് വച്ചുമാറേണ്ടതു്. അതൊരു പുതിയ സംഘട്ടനത്തിനു വഴിതെളിക്കുന്നു. എന്തെന്നാൽ അധികംവരുന്ന ജനസംഖ്യയ്ക്കു തക്കവണ്ണം കൂടുതൽ സ്ഥലവും പാകിസ്ഥാൻ ആവശ്യപ്പെടാതിരിക്കയില്ല. ഔഷധം ഒരു പുതിയ രോഗത്തിനുകൂടി കാരണമാകുമെന്നു കാണാം.

ഈ പോംവഴി സ്വീകരിക്കപ്പെടുന്നെങ്കിൽ, അതിൻെറ ഫലം ഹിന്ദുവർഗ്ഗീയവാദികളുടെ വിജയവും ഹിന്ദുരാഷ്ട്രസങ്കല്പത്തിൻെറ വളർച്ചയുമായിരിക്കും. അതു വിഭാഗീയചിന്തകളെ പ്രോത്സാഹിപ്പിക്കും. അപ്പോൾ മതാടിസ്ഥാനത്തിലുള്ള വാദഗതികൾ മാത്രമല്ല ഉന്നയിക്കപ്പെടുന്നതു്. വർഗ്ഗപരവും ജാതീയവും ഭാഷാപരവുമായ ശിഥിലവാദങ്ങളിലേയ്ക്കും അതു പകരും. അന്നു ഇൻഡ്യയുടെ അവസാനമായിരിക്കും.

അതിനാൽ ഏതു വീക്ഷണത്തിൽകൂടി നോക്കിയാലും ജനങ്ങളെ വച്ചുമാററുകയെന്നതു ഉപേക്ഷിക്കുകതന്നെ വേണം.

വിവ: ഡി. ദാമോദരൻപോററി

# ഗ്രന്ഥവിഹാരം

## ഖുർആൻഭാഷ്യം

എ എം അബ്ദുൽക്കാദർ

(റിട്ടയാർഡ് അറബിക് പ്രൊഫസ്സർ)

മാനേജർ മുസ്ലീം പബ്ലിഷിംഗ് ഹൗസ്, ഗുലിസ്ഥാൻ വക്കം.

വില രൂ. ൩

ലോകത്തിൽ ഇന്ന സർവ്വത്ര അശാന്തതയും അസംതൃപ്തിയുമാണുള്ളതു്. ഇതിൻെറ നിവാരണത്തിനു് പലരും ഉണർന്നു ചിന്തക്കാനും തുടങ്ങിയിട്ടുണ്ടു്. സുഖസമാധാനസംതൃപ്തികൾ സർവ്വേശ്വരൻെറ അനുഗ്രഹവിശേഷമാണെന്ന ആസ്തിക്യബോധത്തിനും വിശ്വാസദാർഢ്യത്തിനും ഉലച്ചിൽ തട്ടുന്ന പരിപാടികളും ഇന്നു നടക്കാതിരിക്കുന്നില്ല. സാമാന്യജനതയെ ഇരുട്ടിൽ തട്ടിക്കളയുന്ന കളളവാദങ്ങളെ ശക്തിയായി എതിർക്കുകയും അങ്ങിനെയുള്ള കളിപ്പാട്ടങ്ങൾ പരക്കുന്ന വീക്ഷണത്തിൽ മനുഷ്യൻ ചെന്നിടരായ ദ്രുതിയെ വളർത്തിവിടാനും പ്രപഞ്ചത്തെപ്പററിയുള്ള പ്രതിബോധം ജനിപ്പിക്കാനും പ്രയത്നിച്ചുവരുന്നിരിക്കുന്ന ഒന്നാണ് നവയുഗസംസ്കാരപരിഷത്തു് ലോകക്ഷേമം മുൻനിർത്തി യാത്രയായ ഈ പ്രസ്ഥാനം സ്വാഗതാർഹമാണെന്നുള്ളതിൽ സന്ദേഹമില്ല.

പ്രസ്തുത പരിഷത്തിൻെറ പ്രഥമപ്രസിദ്ധീകരണമാണ് ഖുർആൻഭാഷ്യം. ഇസ്ലാമികമതഗ്രന്ഥമായ വിശുദ്ധ ഖുർആനെപ്പററി കാര്യങ്ങൾ അറിയേണ്ടതു് മലയാളത്തിൽ വേണ്ടതുപോലെ സാധിക്കുന്ന അധികാരികളും സംഗതിയാണ്. ഇത്തരം പരിഭാഷകളൊന്നും വെളിച്ചത്തു് വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. അറബിഭാഷയിലുള്ള ആ മതഗ്രന്ഥം ഇവിടെയുള്ള ആ മതസ്ഥന്മാരിൽ പലരും വേണ്ടവിധം ഗ്രഹിച്ചിട്ടുണ്ടോയെന്നുകൂടി സംശയമാണ്. ഖുർആൻെറ സമ്പൂർണ്ണവും സമഗ്രവുമായ ഒരു പരിഭാഷ ഇതേവരെ മലയാളത്തിൽ വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. ശ്രീ. എ. എം. അബ്ദുൽക്കാദർ അറബിക് പ്രൊഫസർ എന്ന നിലയിലും, ഈജിപ്റ്റിലും മററും പോയി ഇസ്ലാമികസാഹിത്യങ്ങളിൽ ഉപരിപഠനം നടത്തിയ അദ്ദേഹത്തിൻെറ വൈദഗ്ദ്ധ്യം പ്രസിദ്ധമാണെന്ന നിലയിലും ഖുർആൻഭാഷ്യത്തിനുള്ള അദ്ദേഹത്തിൻെറ യോഗ്യത അസാധാരണമായിട്ടുണ്ടു്. ഒരു കാലത്തു് ദീർഘകാലമായി ഈ പരിഭാഷാകൃത്യം വിവർത്തകനു് പ്രചോദനമരുളിക്കൊണ്ടിരുന്നുവെന്നു പ്രസ്താവിച്ചു കാണുന്നതിൽനിന്നു ചിരസമാർജ്ജിതമായ ഒരു പാണ്ഡിത്യമാണ് ഈ ഗ്രന്ഥം മൂലം സംസിദ്ധമാകുന്നതു്. ഏതു വിധത്തിലും ഇതിൻെറ സമഗ്രത പ്രശംസിക്കപ്പെടുന്നതുണ്ടു്.

"സൂറ" എന്നു് അറബിഭാഷയിൽ അറിയപ്പെടുന്ന ൧൧൪ അദ്ധ്യായങ്ങളും പരിശുദ്ധ ഖുർആനിലുണ്ടെന്നും പല ആയത്തുകളും ഉൾക്കൊണ്ടതാണ് ഓരോ സൂറ എന്നും മൂലത്തിലെ അദ്ധ്യായങ്ങളുടെ ക്രമീകരണം വിഷയാനുഗതമായിട്ടല്ല എന്നും അതിനാൽ സംസ്കൃതപരവും സമൂഹപരവുമായ സൂക്തങ്ങളും ശേഖരിച്ചു് അഞ്ചു ഭാഗങ്ങളായി വിഭജിച്ചിരിക്കയാണ് ഈ ഗ്രന്ഥമെന്നും വിവർത്തകൻ ഉപന്യസിച്ചുകാണാം. ഈ രഞ്ജിമയിൽ യഥാസ്ഥിതികമായസ്ഥിതിയുടെ അന്ധതമിസ്രം കലരാതെ എന്നാൽ സ്വതന്ത്രതയുടെ അനിയന്ത്രിതസ്വഭാവം വരാതെയും പരിഭാഷകൻ ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ളതു് സന്തോഷാവഹമായ ഒരു സംഗതിയാണ്.

സാംസ്കാരികം സാന്മാർഗ്ഗികം സാമുദായികം സാമ്പത്തികം പലവക എന്നീ ക്രമത്തിലാണ് ഈ ഗ്രന്ഥത്തിൽ അദ്ധ്യായവിഭജനം ചെയ്തിരിക്കുന്നതു്. ഓരോ അദ്ധ്യായത്തിലും ഭാഷ്യകാരൻ സ്വന്തമായ ഒരു പീഠിക എഴുതിച്ചേർത്തിരിക്കുന്നതു പ്രയോജനകരമായ ഒരു ബുദ്ധിവ്യവസായമായിട്ടുണ്ടു്. ഇസ്ലാം എന്നതു് സത്യവിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു കർമ്മസംഹിതയുടെ അഭിധാനമാണെന്നും സർവ്വലോകസമാധാനം സ്ഥാപിക്കുകയാണ് അതിൻെറ മുഖ്യ ഉദ്ദേശ്യമെന്നും പരമകാരുണികനായ ദൈവം ശാന്തിഭവനത്തിലേയ്ക്കു നമ്മളെ ക്ഷണിക്കയാണെന്നും മററുമുള്ള തത്വങ്ങൾ മഹമ്മദുമതത്തെസംബന്ധിച്ചിടത്തോളം പലരും മനസ്സിലാക്കിയിട്ടുള്ളതിനെ തിരുത്തിക്കൊടുക്കുകയാണ് ചെയ്യുന്നതു്. മതവിഷയത്തിൽ ബലപ്രയോഗം അരുതെന്നു് വിശുദ്ധ ഖുർആൻ വിശദസൂക്തങ്ങളിൽ ഉദ്ഘോഷിക്കയാണ് ചെയ്തിട്ടുള്ളതു്. എല്ലാ സത്യപ്രവാചകന്മാരിലും ദൈവികഗ്രന്ഥങ്ങളിലും വിശ്വസിക്കേണ്ടതു് ഓരോ മുസ്ലിമിൻെറയും കർത്തവ്യമാണെന്നും ഉള്ള സിദ്ധാന്തങ്ങളും വെളിച്ചത്തിൽ വരേണ്ടതു് ലോകക്ഷേമത്തിനു് അത്യന്തം ഉപയുക്തമെന്നുള്ളതിൽ സന്ദേഹമേ ഇല്ല. പണ്ഡിതനായ പ്രൊഫസർ ഈ ഗ്രന്ഥത്തിൻെറ അനന്തരഭാഗങ്ങൾകൂടി കഴിയുന്നതുംവേഗം പ്രസിദ്ധീകരിക്കുകയും മതാന്ധമായ ഇന്നത്തെ ലോകത്തിൽ ജ്ഞാനപ്രകാശം പരത്തുകയും ചെയ്യുവാൻ അദ്ദേഹത്തിനു വിജയമാശംസിച്ചുകൊള്ളട്ടെ.

—o—

## കർമ്മതത്ത്വം

—o—

ഗ്രന്ഥകർത്താ

വെള്ളാട്ടു കരുണാകരൻനായർ

സനാതനധർമ്മം അച്ചുക്കൂടം,

പെരുമാനൂർ എറണാകുളം.

വില രൂ. ൧ അ ൮.

"കർമ്മജന്തൊന്നുകൾ വേറിട്ടറിവതിനിതു കാണ്ഡമായി" വിഭജിച്ചിരിക്കയാണല്ലോ ഹൈന്ദവതത്ത്വസംഹിത. ഈ പൂർവ്വോത്തരമീമാംസകളെ ക്രൂലംകഷമായി അനുശീലിക്കാനുള്ള അഭ്യാസവൈദഗ്ദ്ധ്യം ആധുനികന്മാരിൽ അത്യന്തം വിരളമായും തീർന്നിരിക്കയാണ്. അവശ്യമനുഷ്ഠേയകർത്തവ്യം കൃതം കർമ്മശുദ്ധാന്തം, എന്ന കർമ്മസംഹിതയുടെ മർമ്മരഹസ്യത്തിലുള്ള അനഭിജ്ഞതകൊണ്ടു ജീവിതാനുഭവങ്ങളെ പലരും ഇന്നു തെററിവ്യാഖ്യാനിച്ചുവരികയാണ് ചെയ്യുന്നതു്. കാര്യകാരണബന്ധത്തിൽ അധിഷ്ഠിതമായ പ്രപഞ്ചഘടനയുടെ ഈ ഗഹനമായ കർമ്മഗതിയെ ബോധ്യപ്പെടുത്തിക്കൊടുക്കുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ ഉണ്ടായിത്തുടങ്ങിയിട്ടില്ല. വെറും ഉരുട്ടും മിരട്ടുംകൊണ്ടു് ഉപരടിക്കാവുന്ന ഒരു പ്രസ്ഥാനമല്ലാത്തതുകൊണ്ടായിരിക്കാം വലിയ കടന്നുകേററമൊന്നും ഈ വാതലിൽ ഉണ്ടായിക്കാണാത്തതുമില്ല

ശ്രീ: കരുണാകരൻനായർ പന്ത്രണ്ടു അദ്ധ്യായങ്ങളിലായി കർമ്മതത്ത്വത്തിൻെറ ഒരു വിശദീകരണം നമുക്കു സാധിച്ചുതരുന്നുണ്ടു്. സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള നാല്പതിൽപരം സുപ്രസിദ്ധഗ്രന്ഥങ്ങളെ ഈ വിചാരണയ്ക്കു അദ്ദേഹം പ്രമാണഗ്രന്ഥമായി സ്വീകരിച്ചതായിക്കാണാം.

സുഖംവാ കർമ്മാണികരോതിലോകോ
നവൈതഃ സുഖംവാ/ന്യദുപാരകം വാ
വിന്ദേത ഭൂയസ്തഏവ ദുഃഖം
കിമത്രചിത്രം ഭഗവാൻ വദേന്നഃ

എന്ന കർമ്മമൂലരഹസ്യത്തെ, പ്രശ്നത്തെ ഉപപാദനം ചെയ്തിരിക്കുന്ന ഈ ഗ്രന്ഥം വിഷയസ്വഭാവംകൊണ്ടു പ്രൗഢമാണെങ്കിലും പ്രതിപാദനത്തിൽ സാമാന്യജനകമാംവിധം സുലളിതമാക്കിയാണ് രചിച്ചിട്ടുള്ളതു്. കർമ്മവും ജ്യോതിശ്ശാസ്ത്രവും എന്ന ഇതിലെ ഒരു അദ്ധ്യായം സവിശേഷം ശ്ലാഘ്യമാണ്. പുനർജ്ജന്മം വാസനാസംസ്കാരം പ്രജ്ഞ തുടങ്ങി പലതിനെയും സംബന്ധിച്ച ശാസ്ത്രീയമായ നിഗമനം ഈ ഗ്രന്ഥത്തിനു ഭൂഷണമായിട്ടുണ്ടു്. കർമ്മംകൊണ്ടു ഈശ്വരത്വം പ്രാപിക്കാം എന്ന ഹൈന്ദവവിശ്വാസത്തിൻെറ അടിയുറപ്പ് അറിയേണ്ടവർ ഇതു വായിക്കതന്നെ വേണം. (സി. എം. പി)

—o—



## ശ്രീ: പി. രാജഗോപാലറെഡ്യാർ

"രാജപ്പറെഡ്യാർ" എന്നപേരിൽ വിശ്രുതനായ ശ്രീ: പി. രാജഗോപാലറെഡ്യാർ ൧൦൩൯ മേടമാസത്തിലെ മകയിരം നക്ഷത്രത്തിൽ തിരുനൽവേലി സമുകരങ്കപുരം ഗ്രാമത്തിൽ ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം തൻെറ പൂർവ്വികന്മാരുടെ വ്യാപാരസ്ഥലമായ ആലപ്പുഴപട്ടണത്തിലെ ഒരു ജവുളിക്കടയിൽ സെയിത്സ മാനായി പ്രവൃത്തി ആരംഭിച്ച ശ്രീ: റെഡ്യാർ നൈസർഗ്ഗികമായ പരിശ്രമം ബുദ്ധിശക്തി പണമിടപാടുകളിൽ ഉള്ള കണിശം കൃത്യനിഷ്ഠ മുതലായതുകൊണ്ടു് അചിരേണ, തിരുവിതാംകൂറിലെ വസ്ത്രവ്യാപാരികളിൽ പ്രഥമസ്ഥാനം പ്രാപിച്ചു. വസ്ത്രവ്യാപാരംകൂടാതെ ബാങ്കുകൾ, വ്യവസായക്കമ്പനികൾ മുതലായവയിൽ ധാരാളം പണം മുടക്കുകയുംചെയ്തു. ആലപ്പുഴപട്ടണം സന്ദർശിക്കുന്ന ഏതൊരാളുടെ ശ്രദ്ധയെ ആകർഷിക്കുന്ന മനോഹരസൗധങ്ങളിൽ പലതും ശ്രീ: റെഡ്യാരുടെ ശില്പകലാരസികത്വത്തിൻെറയും ധനപുഷ്ടിയുടേയും സ്മാരകങ്ങളാണ്. അചഞ്ചലമായ ഈശ്വരഭക്തിയും ജീവകാരുണ്യവും ഉള്ള ശ്രീ. റെഡ്യാർ എസ്. ഡി. വിദ്യാശാല മുതലായി അനേകം മഹൽസ്ഥാപനങ്ങൾക്ക് മുക്തഹസ്തമായി ധനം സംഭാവനചെയ്തിട്ടുണ്ടു്. ശ്രീ. റെഡ്യാർ ൧൧൨൦ മേയ്മാസം ൧൯-ാം-നു ദിവംഗതനായി. ഇദ്ദേഹത്തിൻെറ പുത്രന്മാരിൽ പ്രമുഖൻ ശ്രീ. രാമനാഥനാണ്.


## ഇന്ദിര

കെ. ദാമോദരൻ ബി. എ.

അഭിമാനവിജൃംഭിതനും സംസ്കാരസമ്പന്നനുമായ ഒരു യുവാവു് ദുഷ്ടാഗ്രഗണ്യനായ ഒരു കൂട്ടുകാരനാൽ അനുഭവിക്കേണ്ടിവന്ന സങ്കടങ്ങളും തത്സംബന്ധമായുണ്ടാകുന്ന പല ദുരിതരംഗങ്ങളും സരസമായി ഇതിൽ പ്രതിപാദിക്കുന്നു.

മാനേജർ, വില രൂ. 2

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# ഇൻഡോ-പാക് ഉടമ്പടി

## സോഷ്യലിസ്റ്റ് പാർട്ടി എന്തുകൊണ്ടു നിലകൊള്ളുന്നു

ജയപ്രകാശ് നാരായൺ

I

സമീപകാലചരിത്രത്തിൽ, അല്പകാലത്തേയ്ക്കു് ഞാൻ, പശ്ചിമബംഗാളിൽ പ്രശസ്തിയുടെ അത്യുച്ചത്തിലെത്തുകയുണ്ടായി. അതു് വളരെ രസമുള്ള ഒരനുഭവമായിരുന്നെന്നു് സമ്മതിക്കണം. ജനക്കൂട്ടം ജയഘോഷം മുഴക്കുമ്പോൾ ആർക്കാണു് ഇഷ്ടപ്പെടാത്തതു്. ഇപ്പോഴാകട്ടെ ഞാൻ പഴയപടി, എനിക്കു് ആ സംസ്ഥാനത്തിൽ സാധാരണമായിരുന്ന വെറും വഴിപോക്കന്റെ നിലയിലേക്കു് താഴ്ന്നിരിക്കുന്നു.

സന്ദർഭവശാൽ, എന്റെ ഈ ചെറിയ അനുഭവം, പ്രശസ്തിക്കു് എന്തു തുച്ഛമായ വില മാത്രമാണെന്നു് കാണിച്ചുതന്നു. ഒരു വെറും പ്രസ്താവനകൊണ്ടു് ഒരാൾക്കു് ജനങ്ങളുടെ കണ്ണിലുണ്ണിയാകാം; അതുകൊണ്ടുതന്നെ അതേ ജനങ്ങളെക്കൊണ്ടു് അയാളെ കൂക്കിവിളിപ്പിക്കയും പഴിപ്പിക്കയും ചെയ്യിക്കാം. നിർഭാഗ്യവശാൽ എന്റെ രാഷ്ട്രീയജീവിതത്തിൽ ഞാൻ വെറും പ്രശസ്തിയല്ല തേടിയിരുന്നതു്; എന്റെ രാജ്യത്തെയും നാട്ടുകാരേയും സേവിക്കുവാനുള്ള ശരിയായ മാർഗ്ഗമെന്തെന്നതാണു്.

### ജനങ്ങളുടെ മുറവിളി ദേശീയ താല്പര്യത്തിനു് വിരുദ്ധമാകുമ്പോൾ

ജനങ്ങളുടെ മുറവിളി എല്ലായ്പ്പോഴും ദേശീയതാല്പര്യത്തിനു് അനുകൂലമായിരിക്കണമെന്നില്ലെന്നു് ചരിത്രം തെളിയിക്കുന്നുണ്ടു്. രാഷ്ട്രനിർമ്മാതാക്കൾക്കു് ചിലപ്പോൾ ജനക്കൂട്ടത്തിന്റെ ബഹളംപിടിച്ച മുറവിളികളെ ചെറുത്തു് അവയെ വിധേയമാക്കേണ്ടതായും ഒരുപക്ഷേ ആ ശ്രമത്തിൽ രക്തസാക്ഷിത്വംകൂടി വരിക്കേണ്ടതായും വന്നേക്കാമെന്നു് ചരിത്രം കാട്ടിത്തരുന്നുണ്ടു്. ഇതിനു് ഏററവും മഹത്തായ ഉദാഹരണം മഹാത്മാഗാന്ധിതന്നെയാണു്.

എന്നെ തെററിദ്ധരിക്കരുതു്. രാഷ്ട്രനിർമ്മാതാക്കളുടെക്കൂട്ടത്തിൽ ഞാൻ തന്നെയും സ്വയം ഉൾപ്പെടുത്തുകയായിരുന്നില്ല. രാഷ്ട്രത്തിന്റെ ഒരു വിനീതസേവകൻ മാത്രമാണു് ഞാൻ. ചരിത്രത്തിലേക്കു് ഞാൻ ശ്രദ്ധയെ ക്ഷണിക്കുന്നതു്, വീക്ഷണത്തിലുള്ള തെററു തിരുത്തുവാൻ മാത്രമാണു്.

ഞാനൊരു തകിടംമറിച്ചിൽ മറിഞ്ഞതായി കുററം ആരോപിക്കപ്പെട്ടിരിക്കുന്നു. നെഹ്റുവിനെയാണു് ഇതിന്റെ പിറകിലുള്ള കുതന്ത്രക്കാരനായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നതു്. എന്തെന്നാൽ നെഹ്റുവാണുപോലും എന്റെ മനംമാററത്തിനു്, പ്രേരകനായിരുന്നതു്. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ, 'നെഹ്റു ഫോബിയ' (നെഹ്റുവിനോടു് കണ്ണടച്ച എതിർപ്പ്) കോളറായേക്കാൾ സാംക്രമികമായ ഒരു രോഗമാണെന്നു തോന്നുന്നു.

ഈ പശ്ചാത്തലത്തിൽ, ആദ്യമായിത്തന്നെ, നെഹ്റുവിനെസംബന്ധിച്ചിടത്തോളം എന്റെ നില വ്യക്തമാക്കട്ടെ. ഇരുപതുവർഷങ്ങൾക്കുമുൻപാണു് — ഇന്നത്തെ ആരംഭത്തിൽ അമേരിക്കൻ ഐക്യനാടുകളിൽനിന്നു് മടങ്ങിവന്നയുടൻ — നെഹ്റുവിന്റെ കീഴിൽ എ. ഐ. സി. സി-യുടെ ലേബർവകുപ്പിന്റെ സെക്രട്ടറിയായി ഞാനെന്റെ രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചതു്. നെഹ്റു അന്നു് കോൺഗ്രസ്സ് പ്രസിഡൻറായിരുന്നു. അന്നുതൊട്ടു് നെഹ്റുവിനെ ഞാൻ സ്നേഹത്തോടും ബഹുമാനത്തോടുംതന്നെ കരുതിയിരുന്നു. അദ്ദേഹത്തിൽനിന്നു് പലതും എനിക്കു് പുതിയതായി പഠിക്കുവാനും കഴിഞ്ഞിരുന്നു. ഗാന്ധിജിയോടെന്നവണ്ണം ആനുകൂല്യത്തിലും എതിർപ്പിലും ഒരുപോലെ നെഹ്റുവിന്റെ വിശ്വാസത്തേയും സ്നേഹത്തേയും ആർജ്ജിക്കുവാൻ കഴിഞ്ഞിരുന്നതു് എനിക്കെന്നും സന്തോഷപ്രദമായ ഒരു സംഗതിയായിരുന്നു.

### ക്യാബിനററ് മിഷ്യൻ പദ്ധതിയോടുള്ള എതിർപ്പ്

നിർഭാഗ്യവശാൽ കഴിഞ്ഞ കുറേക്കാലങ്ങളായി സുപ്രധാനപ്രശ്നങ്ങളിലെല്ലാം നെഹ്റുവുമായി വിയോജിപ്പിലാണു് ഞാൻ എത്തിയിട്ടുള്ളതു്. ആഗസ്റ്റ് വിപ്ലവം കഴിഞ്ഞയുടൻ, ബാംബെയിൽവച്ചു് കൂടിയ എ. ഐ. സി. സി-യോഗത്തിൽ ഇന്ത്യൻസ്വാതന്ത്ര്യത്തെസംബന്ധിച്ചുള്ള പെത്തിക്ലാറൻസ് പദ്ധതി സ്വീകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചതു് നെഹ്റുവാണെന്നു് ഓർക്കുന്നുണ്ടായിരിക്കും. സോഷ്യലിസ്റ്റ് വിഭാഗത്തെ പ്രതിനിധീകരിച്ചു് ആ പദ്ധതി ഒന്നാകെ നിരാകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഞാനദ്ദേഹത്തെ എതിർക്കുകയുണ്ടായി. വളരെയെല്ലാം പ്രേരണയുണ്ടായിട്ടും അതേനയം പിന്തുടർന്നതിന്റെ ഫലമാണു് ആ പദ്ധതിയുടെ ഒരു ഭാഗംമാത്രമായ, ഭരണഘടനാനിർമ്മാണസഭയിൽനിന്നും ഞങ്ങൾ പുറത്തുനിന്നതു്.

### പ്രധാന അഭിപ്രായവ്യത്യാസം

നെഹ്റുഗവൺമെന്റു് രൂപീകൃതമായപ്പോൾ, ആ ഗവൺമെന്റിന്റെ നയവുമായി ഞങ്ങൾക്കുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ, കാൺഗ്രസ്സിൽനിന്നും അവസാനമായി പുറത്തുപോന്നു് ഒരു സ്വതന്ത്രസോഷ്യലിസ്റ്റ് പാർട്ടിയായി മാറുവാൻതന്നെ ഞങ്ങളെ നിർബ്ബന്ധിതരാക്കി.

ഇന്നു്, അദ്ദേഹവുമായി ഞങ്ങൾക്കുള്ള പ്രധാന അഭിപ്രായവ്യത്യാസം; ഞങ്ങൾ ഇന്നുതന്നെ ഒരു സോഷ്യലിസ്റ്റ് ഇന്ത്യയുടെ അടിത്തറയിടുവാൻ ആഗ്രഹിക്കുമ്പോൾ, നെഹ്റു, സോഷ്യലിസത്തെ, സൂക്ഷിപ്പുപുരയിൽ മാററിവയ്ക്കുകയും, അദ്ദേഹത്തിന്റെ ഗവൺമെൻറു്, നിലവിലിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയിൽക്കൂടെത്തന്നെ സാമ്പത്തികവും രാഷ്ട്രീയവുമായ രാഷ്ട്രനിർമ്മാണപദ്ധതികൾ നടപ്പിൽവരുത്താമെന്നു വിശ്വസിച്ചുപ്രവർത്തിക്കുകയും ചെയ്യുന്നു എന്നതാണു്.

എന്നെ വരച്ചുകാട്ടിയിട്ടുള്ളതുപോലെ, എന്റെ സ്വതന്ത്രമായ തീരുമാനങ്ങൾ നെഹ്റുവിന്റെ പ്രേരണകൊണ്ടു് വേണ്ടെന്നു വയ്ക്കുവാൻ, ഞാൻ, തയ്യാറുള്ളവനായിരുന്നെങ്കിൽ, ഇന്നെന്റെ സ്ഥാനം, എതിർപക്ഷത്തിലായിരിക്കയില്ല; മററവിടെയെങ്കിലുമായിരിക്കും.

പക്ഷേ, എതിർപക്ഷമെന്നതുകൊണ്ടു് തെറിപറയുകയെന്നോ ഒരു ദേശീയപ്രകടസന്ധിയെ വെറും കക്ഷിതാല്പര്യത്തിനുവേണ്ടി ചൂഷണംചെയ്യുകയെന്നോ ഞാൻ മനസ്സിലാക്കിയിട്ടില്ല. എന്നിരിക്കിലും തെറിപറഞ്ഞു ശീലിച്ചവരും സന്മാർഗ്ഗരാഹിത്യം (A Moralism) ഒരടിസ്ഥാനരാഷ്ട്രീയസിദ്ധാന്തമാക്കി ഉയർത്തിയിട്ടുള്ളവരും പൊതുജീവിതത്തിലെ മൂല്യങ്ങൾ മനസ്സിലാക്കയില്ല.

ഈ കഴിഞ്ഞകൊല്ലങ്ങളിൽ ഞാൻ കണ്ടിട്ടുള്ളപ്പോഴെല്ലാം, ചില പത്രങ്ങൾ ഒരു കോൺഗ്രസ്സ്—സോഷ്യലിസ്റ്റ് ഒത്തുതീർപ്പിനെക്കുറിച്ചു് പൊള്ളവാർത്തകൾ പ്രചരിപ്പിച്ചിരുന്നു. എല്ലാ തവണയും ഈ കൂട്ടരുടെ പൊളിപറച്ചിൽ പുറത്തായിട്ടുണ്ടു്. എന്നാൽ കുസൽക്കുടാതെ അവർ സോത്സാഹം അവരുടെ തമാശതുടരുകയാണു്.



### ദ്വിരാഷ്ട്രസിദ്ധാന്തം

വാദപ്രതിവാദങ്ങളുടെ രൂക്ഷതയെല്ലാം കുറഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ, ശാന്തമായി ചിന്തിക്കുന്നവർക്കു്, യുക്തിസ്വീകാര്യമായിരിക്കുമെന്നു പ്രതീക്ഷയിൽ, ഈ വിഷമംപിടിച്ച പ്രശ്നത്തെ സംബന്ധിച്ചിടത്തോളം, സോഷ്യലിസ്റ്റ് പാർട്ടിയുടെ നില ഞാൻ വ്യക്തമാക്കട്ടെ. അതോടുകൂടി പാർട്ടിയുടെ നയത്തിലുണ്ടായതായി പറയപ്പെടുന്ന വ്യതിയാനത്തേയും ഞാൻ പരിശോധിക്കാം.

യുക്തിഹീനമായ ഒരു സിദ്ധാന്തവും ദുഷിച്ച പ്രവർത്തനസമ്പ്രദായവുമാണു് പാകിസ്ഥാന്റെ ജനനത്തിനു കാരണം. രാഷ്ട്രത്തിനടിസ്ഥാനമായതു് മതമാണെന്നായിരുന്നു ആ സിദ്ധാന്തം. ഈ സിദ്ധാന്തപ്രകാരം ബംഗാളിമുസ്ലീമും അതിർത്തിസംസ്ഥാനത്തെ മുസ്ലീമും ഒരു രാഷ്ട്രത്തിലെ അംഗങ്ങളാണു്. എന്നാൽ ഒരേവർഗ്ഗത്തിൽപ്പെട്ട, ഒരേഭാഷ സംസാരിക്കുന്ന, ഒരേ സംസ്കാരത്തിൽ പങ്കുകൊള്ളുന്ന, ഒരേഗ്രാമത്തിൽ വസിക്കുന്ന ബംഗാളി ഹിന്ദുവും ബംഗാളിമുസ്ലീമും, രണ്ടു വിഭിന്നരാഷ്ട്രങ്ങളിൽപ്പെട്ടവരാണുപോലും!

### ഭീകരയാഥാർത്ഥ്യങ്ങൾ

അസംബന്ധമായ ഈ സിദ്ധാന്തം, വികൃതവും ഭീകരവുമായ സംഭവങ്ങൾ അതിനുപോൽബലകമായി സൃഷ്ടിച്ചിരുന്നില്ലെങ്കിൽ, ഇമ്പീരിയലിസ്റ്റ് കുതന്ത്രങ്ങൾപോലെ, പ്രായോഗികമാക്കാൻ അസാദ്ധ്യമായേക്കുമായിരുന്നു. ആ യാഥാർത്ഥ്യങ്ങളാണു്, വർഗ്ഗീയലഹളകൾ. ഹിന്ദു മുസ്ലീമിനെ വധിച്ചാലും, മുസ്ലീം ഹിന്ദുവിനെ വധിച്ചാലും, ഫലത്തിൽ ഒന്നായിരുന്നു. ഹിന്ദുവും, മുസ്ലീമും, രണ്ടു രാഷ്ട്രങ്ങളിൽപെട്ടവരായതു കൊണ്ടു്, അവർക്കൊന്നിച്ചു കഴിയുക അസാദ്ധ്യമാണെന്നു് തെളിയിച്ചുകൊണ്ടുകൾ.

### വിഭജനം ഒന്നിനും പരിഹാരമുണ്ടാക്കിയില്ല

മുൻപറഞ്ഞ സിദ്ധാന്തവും അതിനനുസരിച്ച പ്രയോഗങ്ങളും രാജ്യത്തെ വിഭജനത്തിൽ കൊണ്ടെത്തിച്ചു; പക്ഷേ വിഭജനംകൊണ്ടും ഒരു പ്രശ്നവും പരിഹരിക്കപ്പെടുകയുണ്ടായില്ല. ദ്വിരാഷ്ട്രവാദം രണ്ടു പ്രത്യേകരാഷ്ട്രസ്ഥാപനത്തിനിടയാക്കിയെങ്കിൽ, ഈ രണ്ടു രാഷ്ട്രങ്ങൾക്കകത്തും, രണ്ടു രാഷ്ട്രക്കാർ അന്യോന്യം നേരിട്ടിരുന്നു. ആ സന്ദർഭത്തിൽ, മൗലികപ്രശ്നമായിരുന്നതു്, ഈ രണ്ടു "രാഷ്ട്രക്കാരും" അന്യോന്യസഹിഷ്ണുതയിലും വിശ്വാസത്തിലും വർത്തിച്ചു്, ഒരൊററരാഷ്ട്രമായി ജീവിക്കുക സാദ്ധ്യമാണോ എന്നതാണു്. അവിഭക്തഇൻഡ്യയെ അഭിമുഖീകരിച്ചിരുന്നതും, ഇതേ പ്രശ്നംതന്നെയാണു്. അതിനുത്തരം "സാധിക്കും" എന്നതായിരുന്നെങ്കിൽ, വിഭജനവും അതിനെ തുടർന്നുണ്ടായ കലഹങ്ങളും ഒഴിവാക്കാവുന്നതായിരുന്നു. രണ്ടു രാഷ്ട്രക്കാരും അവിഭക്ത ഇൻഡ്യയിൽതന്നെ ഒരുമിച്ചു ജീവിക്കാമായിരുന്നു.

### രണ്ടു വിഭിന്ന പശ്ചാത്തലങ്ങൾ

രണ്ടു രാജ്യങ്ങളും ചരിത്രപ്രധാനമായ ഈ

(ശേഷം പതിനഞ്ചാംപേജിൽ)

Printed and Published by N Chandrasekharan Nair at the Sree Rama Vilas Press, Quilon.